# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2023 ഏപ്രിൽ, വോള്യം: 11 ലക്കം: 8

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

08 വർഗഐക്യം ഉയർത്തിപ്പിടിക്കുക വർഗീയതയെ തുറന്നുകാട്ടുക
മേയ്ദിനം മുതൽ മേയ് 30 വരെ വർഗീയതക്കെതിരെ പ്രചരണം
കെ.എൻ.ഉമേഷ്

13 വർഗീയവൽക്കരണം ചരിത്രവും പ്രത്യയശാസ്ത്ര അടിത്തറയും
ഇന്ത്യയിലെ ഹൈന്ദവ വർഗീയതയുടെ അടിസ്ഥാനമെന്താണ്?
ഡോ. സുനിൽ പി. ഇളയിടം

21 മസ്ദൂർ കിസാൻ സംഘർഷ് റാലി
ഡൽഹി ചെങ്കടലായി

25 സ്വയം തൊഴിൽ ചെയ്യുന്നവരുടെ യഥാർഥ അവസ്ഥ
സി.പി. ചന്ദ്രശേഖർ/ജയതി ഘോഷ്

28 ബിജെപി സർക്കാർ ജനങ്ങളോട് സത്യം തുറന്നു പറയണം
പുൽവാമ ഭീകരാക്രമണവുമായി ബന്ധപ്പെട്ട് ജമ്മു കശ്മീർ മുൻ ഗവർണർ സത്യപാൽ മാലിക് നടത്തിയ വെളിപ്പെടുത്തൽ ഞെട്ടിക്കുന്നതാണ്.
എളമരം കരീം

30 പൂവണിയാത്ത സ്വപ്നങ്ങൾ
ലോകം നീങ്ങുന്നത് ഏകധ്രുവത്തിലേക്കല്ല, ബഹുധ്രുവത്തിലേക്കാണ്.
എ.സിയാവുദീൻ

33 സോഷ്യലിസ്റ്റ് ബദലിനുള്ള ആഗോള സമരങ്ങളും ഇന്ത്യൻ തൊഴിലാളിവർഗവും സിഐടിയുവും — കെ.എൻ.ഗോപിനാഥ്

37 കടൽ സംരക്ഷിക്കാൻ പോരാട്ട ഭൂമികയിൽ — പി.പി. ചിത്തരഞ്ജൻ

39 സാമ്പത്തിക മാന്ദ്യവും ഉയരുന്ന പ്രക്ഷോഭങ്ങളും — ജോസ് ടി. എബ്രഹാം

42 മരുന്ന് വിലവർധനവിന്റെ കാണാപ്പുറങ്ങൾ — പി.കെ. സന്തോഷ്

44 കേന്ദ്ര പൊതുമേഖലയെ തകർക്കുന്ന ബിജെപി സർക്കാർ — എം.ജി. അജി

47 സോവിയറ്റ് നയവും WFTUവും — എൻ.പത്മലോചനൻ

വാർഷിക വരിസംഖ്യ : 200 രൂപ

മുഖപ്രസംഗം

# ഐക്യവും പോരാട്ടവും ശക്തിപ്പെടുത്തുക

ബ്രിട്ടീഷ് കോളനി വാഴ്ചക്കെതിരായ സ്വാതന്ത്ര്യസമരമാണ് ഇന്ത്യ എന്ന ദേശരാഷ്ട്ര സങ്കൽപ്പവും, മതനിരപേക്ഷ ദേശീയതയും വികസിപ്പിച്ചത്. ഈ മഹത്തായ സങ്കൽപ്പത്തെ സവർക്കറുടെ 'പിതൃഭൂമി', 'പുണ്യ ഭൂമി" എന്നീ ഹിന്ദുത്വ ആശയങ്ങൾകൊണ്ട് തിരസ്കരിക്കാനാണ് സംഘപരിവാർ ശ്രമിക്കുന്നത്. 1925ൽ രൂപം കൊണ്ട ആർ.എസ്സ്.എസ്സ് ഉയർത്തിവന്ന 'ഹിന്ദുരാഷ്ട്രം' എന്ന ആശയത്തെയാണ്, 1947ൽ ഇന്ത്യൻ ജനത തിരസ്കരിച്ചത്. ഗാന്ധി-നെഹ്റു-പട്ടേൽ-മൗലാനാ-ആസാദ് തുടങ്ങിയ ദേശീയ നേതാക്കളും, തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങളും, കമ്മ്യൂണിസ്റ്റുകാരും എല്ലാം ചേർന്നാണ്, ഇന്ത്യയെ 'മതനിരപേക്ഷ' രാഷ്ട്രമാക്കി മാറ്റിയത്. മതാടിസ്ഥാനത്തിലുള്ള വിഭജനത്തിലൂടെ രൂപം കൊണ്ട പാകിസ്ഥാൻ നേരെ മറിച്ച് ഒരു മതരാഷ്ട്രമായാണ് രൂപം കൊണ്ടത്. പാകിസ്ഥാനെപ്പോലെ ഇന്ത്യയെ ഒരു മതരാഷ്ട്രമാക്കാൻ ഹിന്ദു രാഷ്ട്രമാക്കാൻ ആഗ്രഹിച്ച ആർ.എസ്സ്.എസ്സ്, അവരുടെ ലക്ഷ്യം പൂർത്തീകരിക്കാനുള്ള ശ്രമം ഒരിക്കലും ഉപേക്ഷിച്ചില്ല. തങ്ങളുടെ ചിരകാല അഭിലാഷം പൂർത്തീകരിക്കാൻ അനുയോജ്യമായ സാഹചര്യം അടുത്തു വരുന്നു എന്ന ചിന്തയിലാണവർ. വിവിധ മതവിശ്വാസികളെ തമ്മിലടിപ്പിച്ചും, ജനങ്ങളിൽ പരസ്പരം ശത്രുതയും വെറുപ്പും വ്യാപിപ്പിച്ചും രാഷ്ട്രഐക്യം തകർക്കാനാണവർ ശ്രമിക്കുന്നത്.

തങ്ങളുടെ സങ്കുചിത വീക്ഷണം പ്രചരിപ്പിക്കാൻ, ദേശീയ പ്രതീകങ്ങളെ സംഘപരിവാർ ദുരുപയോഗം ചെയ്യുന്നു. ധീരരക്തസാക്ഷി ഭഗത്സിംഗ്, ഭരണ ഘടനാ ശില്പി അംബേദ്കർ, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയവരുടെ ചിത്രങ്ങൾ അവർ ബോധപൂർവം ഉപയോഗിക്കുന്നു. ജനങ്ങളെ മത-ജാതി വ്യത്യാസമില്ലാതെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ സംഘടിപ്പിച്ചണിനിരത്താൻ ശ്രമിച്ചവരാണീ നേതാക്കളെല്ലാം. "ഇന്ത്യൻ ജനത ആദ്യവും അവസാനവും ഇന്ത്യാക്കാരാവണം. ഇന്ത്യൻ എന്നല്ലാത്ത ഒരു ചിന്തയും അവരെ സ്വാധീനിക്കരുത്" എന്നായിരുന്നു. ഭഗത്സിംഗ് പറഞ്ഞത്. സാമൂഹ്യമായും, സാമ്പത്തികമായും എല്ലാ ജനങ്ങളും ഉൾക്കൊള്ളുന്ന രാഷ്ട്രമായിരിക്കണം ഇന്ത്യ എന്നായിരുന്നു ഭഗത്സിംഗിന്റെ വീക്ഷണം. ഇതിനെ മറച്ച് വെച്ചാണ്, ഭഗത്സിംഗിന്റെ ചിത്രമുപയോഗിച്ച് സംഘപരിവാർ മതപരമായ ഭിന്നത സൃഷ്ടിക്കാൻ ശ്രമിക്കുന്നത്.

അസത്യജഡിലമായ വിവരണങ്ങളാണ്, ഇന്ത്യയുടെ പൗരാണിക ചരിത്രം സംബന്ധിച്ച് സംഘപരിവാർ പ്രചരിപ്പിക്കുന്നത്. ബിജെപി നേതൃത്വത്തിലുള്ള സർക്കാർ അധികാരമേറ്റതോടെ, ഭരണയന്ത്രമുപയോഗിച്ചാണ്, ഇത്തരം പ്രചരണങ്ങൾ നടത്തുന്നതെന്നാണ് ഏറ്റവും അപകടകരം. വിദ്യാഭ്യാസഗവേഷണ സ്ഥാപനങ്ങളേയും, ചരിത്രഗവേഷണ കൗൺസിലിനേയും, ദുരുപയോഗിക്കുന്നു. ഇത്തരം സ്ഥാപനങ്ങളുടെയെല്ലാം തലപ്പത്ത് സംഘപരിവാർ ആശയക്കാരെ അവരോധിച്ചിരിക്കുകയാണ്. ഔദ്യോഗികമായി തന്നെ വെറുപ്പിന്റെ രാഷ്ട്രീയം എളുപ്പത്തിൽ ജനമനസ്സുകളിൽ എത്തിക്കാൻ അവർക്ക് സാധിക്കുന്നു. പാഠ പുസ്തകങ്ങളിലൂടെ, കുരുന്നു മനസ്സുകളിലും വിഷം കയറ്റിക്കൊണ്ടിരിക്കുകയാണ്.

മുഗൾ ഭരണകാലത്തെക്കുറിച്ചും, 'മത പരിവർത്തനം' സംബന്ധിച്ചും, യാതൊരു അടിസ്ഥാനവുമില്ലാത്ത പ്രചരണമാണ് സംഘപരിവാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഹിന്ദു-മുസ്ലീം വിഭജനത്തിലൂടെ രാഷ്ട്രീയ നേട്ടമുണ്ടാക്കലാണ് അവരുടെ ലക്ഷ്യം. 2014 മുതൽ ഭരണം നടത്തിവരുന്ന മോഡി സർക്കാരിന്, ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ സംബന്ധിച്ച് ഒരു അകാശവാദവും ഉന്നയിക്കാനാവില്ല. തെരഞ്ഞെടുപ്പ് കാലത്ത് മുന്നോട്ട് വെച്ച ഒരു വാഗ്ദാനം പോലും നിറവേറ്റാനായില്ല. 2024-ലെ ലോകസഭാ തെരഞ്ഞെടുപ്പിനെ ആശങ്കയോടെയാണ് അവർ കാണുന്നത്. ഈ സാഹചര്യത്തെ, വർഗ്ഗീയ ഭിന്നത സൃഷ്ടിച്ച് മറികടക്കാനാവുമോ എന്നത് മാത്രമാണവരുടെ ചിന്ത.

മുസ്ലീങ്ങളായ രാജാക്കന്മാർ വടക്കേ ഇന്ത്യ ഭരിച്ച ഏകദേശം 800 വർഷക്കാലം അവർ മത പരിവർത്തനം നടത്താൻ ബലപ്രയോഗം നടത്തി എന്ന വാദം ശുദ്ധ കളവാണ്. കേവലം 14-15 ശതമാനം മാത്രമാണ് മുൻ മുഗൾ ഭരണാധികാരികളുടെ അധികാരപരിധിയിലുള്ള പ്രദേശങ്ങളിൽ മുസ്ലീം ജനസംഖ്യ. 8 നൂറ്റാണ്ടുകാലം ഇസ്ലാം മതത്തിലേക്ക് ജനങ്ങളെ പരിവർത്തനം ചെയ്യൽ മാത്രമായിരുന്നു അവരുടെ ചെയ്തികൾ എന്ന് പറയുന്നത് തികച്ചും അടിസ്ഥാനരഹിതമാണ്.

ഇന്ത്യയിൽ ഒരു തരത്തിലുള്ള മതപരിവർത്തനവും നടന്നില്ല എന്നല്ല ഇതിനർത്ഥം അത്തരം പരിവർത്തനങ്ങൾക്ക് കാരണങ്ങൾ പലതാണ്. മനുസ്മൃതിയുടെ കാഴ്ചപ്പാടും, ചാതുർവർണ്യ വ്യവസ്ഥയും, കാൽചുവട്ടിലിട്ട് ചവിട്ടിയരച്ച ഒരു വലിയ വിഭാഗം ജനത, ആ അവസ്ഥയിൽ നിന്ന് മാറിയതാണ്, മുഖ്യമായ പരിവർത്തന ഹേതു. മുസ്ലീം ഭരണകാലത്തെ സൂഫികളുടെ പ്രചരണവും, ഇസ്ലാം എല്ലാ മനുഷ്യരെയും സമന്മാരായി കാണുന്നു എന്നതും അക്കാലത്തെ മതപരിവർത്തനത്തിന് പ്രേരകമായി.

കാശ്മീർ ജനതയിൽ ഭൂരിപക്ഷവും മുസ്ലീംങ്ങളാണ്. അവർ മുസ്ലീംഭരണാധികാരികളുടെ സമ്മർദത്താൽ ഇസ്ലാംമതം സ്വീകരിച്ചവരാണോ? കാശ്മീർ ദീർഘകാലം ഭരിച്ചത് ദോഗ്രരാജവംശമായിരുന്നു എന്നതല്ലേ സത്യം. കേരളത്തിൽ മുസ്ലീം ജനത 24 ശതമാനമായത്, ഏതെങ്കിലും മുസ്ലീംഭരണാധികാരിയുടെ ഭീഷണിമൂലമാണോ? സാമൂഹ്യമായ മറ്റ് കാരണങ്ങളാണ്, മതപരിവർത്തനത്തിലേക്ക് നയിക്കപ്പെടുന്നത്. അതിനെ രാഷ്ട്രീയായുധമാക്കാനാണ് ആർഎസ്സ്എസ്സ് നുണപ്രചരണം നടത്തുന്നത്.

ഭരണകൂട പിന്തുണയോടെ സംഘപരിവാർ നടത്തുന്ന പ്രവർത്തനങ്ങൾ, ഇന്ത്യയുടെ രാഷ്ട്രീയ അടിത്തറയെ ദുർബലമാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ നിലനിൽപ്പിനാധാരമായ തത്വങ്ങൾ ജനാധിപത്യം, മതനിരപേക്ഷത സാമൂഹ്യനീതി ഉൽഘോഷിച്ച ഭരണഘടനയെ ദുർബലമാക്കാനുള്ള ശ്രമങ്ങൾ തീവ്രമായി നടക്കുന്നു. ജനാധിപത്യ വ്യവസ്ഥ തന്നെ വെല്ലുവിളിക്കപ്പെടുന്നു. അക്രമണോത്സുകമായ "ഹിന്ദുത്വ" വർഗ്ഗീയ ആക്രമണങ്ങൾ, മതനിരപേക്ഷതയെ ദുർബലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

കൊളോണിയൽ വിരുദ്ധ പോരാട്ടകാലത്ത്, വൈവിദ്ധ്യങ്ങളോട് കൂടിയ ഐക്യം "നാനാത്വത്തിൽ ഏകത്വം" എന്ന തത്വമാണ്, രാഷ്ട്ര ഏകോപനത്തിന് നിദാനമായത്. ഹിന്ദുത്വ വർഗീയതയുടെ പ്രഭവ കേന്ദ്രമായ ആർ.എസ്സ്.എസ്സ് ഒരിക്കലും ഈ തത്വം അംഗീകരിച്ചില്ല. ഇന്ത്യ എല്ലാ കാലത്തും 'ഹിന്ദുരാഷ്ട്രം' ആയിരുന്നുവെന്നും, അതിനെ ആക്രമിച്ച് കീഴ്പ്പെടുത്തിയവരാണ് മുസ്ലീം ചക്രവർത്തിമാർ ഉൾപ്പെടെയുള്ള വിദേശികളെന്നും, ബ്രിട്ടീഷ് ഭരണം നിഷ്കാസിതമായാൽ ഇന്ത്യ ഹിന്ദുരാഷ്ട്രമായി മാറേണ്ടതാണെന്നുമാണ്. ആർ.എസ്സ്.എസ്സ് വാദിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ ജനാധിപത്യ വേദികളും ഈ പ്രചരണത്തിനായി അവർ ഉപയോഗിക്കുന്നു. ആശയപ്രചരണവും, ഊഹാപോഹങ്ങൾ പ്രചരിപ്പിച്ചും, വർഗീയ സംഘർഷങ്ങൾ സൃഷ്ടിച്ചും, ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയെ ദുർബലപ്പെടുത്താനുള്ള ശ്രമങ്ങൾ സംഘപരിവാർ അവിശ്രമം തുടരുകയാണ്.

സംഘപരിവാർ ആശയങ്ങൾ, ജനങ്ങളിൽ ഭൂരിപക്ഷവും അംഗീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളെ ഉപയോഗിച്ച്, സംഘം ആശയങ്ങൾ ജനങ്ങളിലെത്തിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നത്. കേന്ദ്രത്തിൽ അധികാരത്തിൽ വന്നപ്പോഴെല്ലാം സംഘപരിവാർ ശക്തികൾ ചെയ്തുകൊണ്ടിരിക്കുന്നത് ഇതാണ്. എന്നാൽ സ്വാതന്ത്ര്യ സമര കാലത്തെ ജനങ്ങളുടെ അഭിലാഷം ഒരു സ്വതന്ത്രപരമാധികാര ജനാധിപത്യ മതനിരപേക്ഷ സോഷ്യലിസ്റ്റ് റിപ്പബ്ലിക് സ്ഥാപിക്കുക പൂർണമായും ദുർബലമാക്കാൻ, സംഘപരിവാറിന് ഇതുവരെ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ്, മേൽപറഞ്ഞ എല്ലാതത്വങ്ങൾക്കെതിരായും സംഘപരിവാർ ആക്രമണം അഴിച്ചുവിടുന്നത് ആധുനിക ജനാധിപത്യ മതനിരപേക്ഷ ആശയങ്ങളെ ദുർബലപ്പെടുത്തുകയും, ഹിന്ദുത്വ വർഗ്ഗീയ ആശയങ്ങൾ ജനങ്ങളിൽ ചെലുത്തുകയും ചെയ്യാനാണവർ ശ്രമിക്കുന്നത്. ആദ്യലക്ഷ്യം നേടാൻ എല്ലാ പുരോഗമന ആശയങ്ങളെയും എതിർത്ത് തോൽപിക്കണം. രണ്ടാം ഭാഗം സ്ഥാപിക്കാൻ, "ഹിന്ദുത്വ" പിന്തിരിപ്പൻ ആശയങ്ങൾക്ക് ജനങ്ങളിൽ സ്വീകാര്യത വർദ്ധിപ്പിക്കണം. ഇപ്പോഴത്തെ സംഘപരിവാർ പ്രവർത്തനം, ഈ അടിസ്ഥാനത്തിലാണ്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സ്വാതന്ത്ര്യസമരത്തെയും മഹാത്മാഗാന്ധി ഉൾപ്പെടെയുള്ള അതിന്റെ നേതൃത്വത്തെയും ഇകഴ്ത്തുക എന്നതാണ്, സംഘപരിവാർ ആവിഷ്കരിച്ച തന്ത്രം. ആധുനിക ഇന്ത്യൻ ദേശീയതയുടെ രൂപീകരണത്തിൽ മുഖ്യ പങ്ക് വഹിച്ച ഗാന്ധിജിയെ, ആർ.എസ്സ്. എസ്സുകാരനായ ഗോഡ്സെ വകവരുത്തിയത് കടുത്ത പകയും വിദ്വേഷവും മൂലമാണ്. അതേ ഗാന്ധിജിയുടെ മുഖത്തെ 'കണ്ണട'യുടെ ചിത്രം മോഡി സർക്കാരിന്റെ ശുചീകരണ യജ്ഞമായ "സ്വച്ഛ് ഭാരത്" പദ്ധതിയുടെ ചിത്രമായി അംഗീകരിച്ചത്, ഗാന്ധിജിയുടെ പ്രതിബിംബം പുതിയ രൂപത്തിൽ അവതരിപ്പിക്കാനാണ്.

പണ്ഡിറ്റ് നെഹ്റുവിനെയും താറടിക്കുന്ന പ്രചരണം സംഘപരിവാർ സംഘടിതമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ചരിത്രത്തിൽ നിന്ന് നെഹ്റുവിന്റെ പങ്ക് മാച്ച് കളയാനാണ് അവർ ശ്രമിക്കുന്നത്. നെഹ്റു 'മതനിരപേക്ഷ'തയുടെ ശക്തനായ വക്താവായിരുന്നു എന്നതാണവരുടെ ശത്രുതക്ക് കാരണം. നെഹ്റു ബ്രിട്ടീഷ് ഏജന്റായിരുന്നു എന്നുപോലും സംഘപരിവാർ ദുഷ്പ്രചരണം നടത്തുന്നു. രാഷ്ട്രത്തിന്റെ ശത്രുക്കളാണെന്ന് സംഘപരിവാർ മുദ്രകുത്തിയ മുസ്ലീംങ്ങൾക്ക് ഇന്ത്യയിൽ പൗരന്മാരായി ജീവിക്കാൻ അനുമതി നൽകിയ ആളാണ് നെഹ്റു എന്നാണവരുടെ വാദം.

ഇന്ത്യാ വിഭജനത്തിൽ ഇരയായവരാണ് ഹൈന്ദവർ എന്നാണ് 'സംഘം' പ്രചരണം. ആഗസ്റ്റ് 14 "വിഭജന ദുരന്ത സ്മരണദിനം" ആയി ആചരിക്കാനുള്ള തീരുമാനം ഇതിന്റെ ഭാഗമാണ്. മഹാത്മാഗാന്ധി, നെഹ്റു എന്നിവർക്ക് ബദലായി സുഭാഷ്ചന്ദ്രബോസിനെ രാഷ്ട്രത്തിന്റെ പ്രതീകമായി ഉയർത്തിക്കാണിക്കാൻ ശ്രമം നടത്തുന്നു. നെഹ്റുവിനേക്കാൾ മഹത്വം സർദാർ പട്ടേലിന് നൽകാൻ ശ്രമിക്കുന്നു. ഇതെല്ലാം സംഘപരിവാർ ആവിഷ്കരിച്ച തന്ത്രങ്ങളുടെ ഭാഗമാണ്. 'ആസാദികാ അമൃത മഹോത്സവ്' എന്ന പേരിൽ, സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം ആഘോഷിക്കുമ്പോൾ ഭരണനേതൃത്വവും  പ്രചരണം നടത്തുന്നത് ഈ വിധത്തിലാണ്.

സ്വാതന്ത്ര്യസമരത്തിൽ പങ്കാളിത്തം വഹിച്ച ധീര ദേശാഭിമാനികളെ മാറ്റി നിർത്തി സവർക്കർ, ഗോഡ്സെ തുടങ്ങിയവരുടെ 'പങ്ക്' പ്രചരിപ്പിക്കാൻ ബോധപൂർവമായ ശ്രമമാണ് നടക്കുന്നത്. ഹിന്ദുവർഗ്ഗീയ ശക്തികൾ സ്വാതന്ത്ര്യസമരകാലത്ത് ബ്രിട്ടീഷ്കാരോടൊപ്പമായിരുന്നു എന്ന യാഥാർത്ഥ്യം മറച്ച് വെക്കാനാണ് ഈ പ്രചരണ തന്ത്രം.

മദ്ധ്യകാല ചരിത്രഘട്ടത്തിൽ, അഫ്ഗാൻ, തുർക്കികൾ മുഗളന്മാർ എന്നിവരിൽ നിന്നേറ്റ പരാജയത്തിന് പകരംവീട്ടലാണ്, ഇപ്പോഴത്തെ പൗരധർമമെന്ന പ്രചാരവേലയാണ് സംഘപരിവാർ നടത്തുന്നത്. മൂന്ന് നൂറ്റാണ്ടിലധികം കാലം, രാജ്യം അടക്കിഭരിച്ച് കൊള്ളയടിച്ച് ഇന്ത്യയെ ദരിദ്രമാക്കിയ ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ശത്രുപക്ഷത്ത് നിർത്താൻ സംഘപരിവാർ സന്നദ്ധമല്ല. പാഠപുസ്തകങ്ങളിൽ നിന്ന് മദ്ധ്യകാല ഇന്ത്യാചരിത്രത്തെ ഒഴിവാക്കിയതിലൂടെ സംഘപരിവാർ എങ്ങിനെയണ്. അവരുടെ അജണ്ട നടപ്പാക്കുന്നത് എന്ന് വ്യക്തമാണ്.

തൊഴിലാളിവർഗ്ഗ പ്രസ്ഥാനം ശക്തമല്ലാത്ത ഒരു ജനാധിപത്യ വ്യാവസായിക രാജ്യത്ത്, ഫാസിസം വന്നാൽ അതെങ്ങനെയായിരിക്കും? ഇവിടെ തീവ്ര വലതുപക്ഷത്തിന് അതിന്റെ ലിബറൽ ഡമോക്രസിയുടെ പുറംതോട് ഉപേക്ഷിക്കേണ്ടതില്ല. കാരണം ലിബറൽ ഡമോക്രസിയുടെ സ്ഥാപനങ്ങളെല്ലാം അവർക്ക് സമാധാനപരമായി വിഴുങ്ങാൻ പാകത്തിലാണ് നിൽക്കുന്നത്. വലിയ കൂട്ടക്കൊല നടത്താതെ, ഒറ്റ തിരിഞ്ഞ കൊലകൾ കാര്യമായി ജനശ്രദ്ധയിൽ വരാതെ അവർക്ക് നടത്താം. കാരണം, കുത്തക മാധ്യമങ്ങൾ ഏതാണ്ട് മുഴുവൻ അവരുടെ നിയന്ത്രണത്തിലാണ്. കമ്യൂണിസ്റ്റുകാരാവട്ടെ ഇവിടെ ഒരു ചെറിയ ശക്തിയുമാണ്. ശക്തമായ ഒരു സോഷ്യലിസ്റ്റ് പ്രസ്ഥാനം ഇവിടെ ഉടലെടുത്താൽ, "ക്ലാസിക്കൽ ഫാസിസം" ഉയിർത്തെഴുന്നേൽക്കാനുള്ള ശ്രമം നടത്തിയേക്കാം.

കഴിഞ്ഞ കാൽ നൂറ്റാണ്ടായി ഇന്ത്യൻ രാഷ്ട്രീയ ജീവിതത്തിന്റെ സഞ്ചാരപഥം ഗുണപരമായും അളവ് പരമായും അനുക്രമം വലത് പക്ഷത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സൂചനയാണ് ലഭിക്കുന്നത്. വലതുപക്ഷം ഉൽപതിഷ്ണുപരമായ കേന്ദ്രത്തിലേക്ക് നീങ്ങുകയല്ല, മറിച്ച് ഉൽപതിഷ്ണുപരമായ കേന്ദ്രം കൂടുതൽ വലതുപക്ഷത്തേക്ക് നീങ്ങുകയാണ്. ഇന്ത്യൻ രാഷ്ട്രീയം മുമ്പില്ലാത്തവിധം ചില പ്രക്രിയകൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്കാരത്തിന്റെയും, സമൂഹത്തിന്റെയും, പ്രത്യയശാസ്ത്രത്തിന്റെയും സമ്പദ് വ്യവസ്ഥയുടെയും വിശാല രംഗങ്ങളെ

ല്ലാം വലതുപക്ഷ ആശയത്തിന്റെ ആധിപത്യത്തിന് കീഴടങ്ങുകയാണ്. എങ്കിലും ലിബറൽ ജനാധിപത്യത്തിന്റെ അംഗീകൃത മാതൃകകളെല്ലാം നാം പിന്തുടരുന്നുമുണ്ട്. ഭരണകൂടത്തിന്റെ അധികാരം പിടിച്ചെടുക്കൽ പണ്ടത്തെ രീതിയിലുള്ള ബലപ്രയോഗത്തിലൂടെ അല്ല. ഇടത് വിപ്ല വകാരികളായാലും, വലതുപക്ഷ ആശയക്കാരായാലും ഇന്ന് അധികാരം പിടിച്ചെടുക്കുന്നത് നിയതവും അംഗീകൃതവുമായ മാർഗ്ഗത്തിലൂടെയാണ്.

ഇന്ത്യയിൽ ഇന്ന് ഒരു അധികാര കേന്ദ്രം മേധാവിത്തം സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ പ്രത്യയശാ സ്ത്രവും, ദേശീയതയെ സംബന്ധിച്ചുള്ള 'മത സാംസ്കാരിക' നിർവചനവും നാസി പ്രത്യയശാ സ്ത്രം പ്രചരിപ്പിക്കാൻ ഉപയോഗിച്ച വംശീയ സിദ്ധാന്തവും തമ്മിൽ സമാനതകൾ ഏറെയുണ്ട്. ഇന്ത്യയുടെ ഇന്നത്തെ പ്രധാനമന്ത്രിയായ നരേന്ദ്ര മോഡിയുടെ അധികാരത്തിലെത്താനുള്ള പരിശ്രമത്തിന് കോർപ്പറേറ്റുകൾ വാക്കാലും പ്രവൃത്തിയാലും നൽകിയ വമ്പിച്ച പിന്തുണ 'ഗവൺമെന്റും കോർപ്പറേറ്റുകളും ഒന്നാകുന്ന അവസ്ഥയാണ് ഫാസിസം' എന്ന മുസോളിനി യുടെ വാക്കുകളെ അനുസ്മരിപ്പിക്കുന്നുണ്ട്.

ഇന്ത്യയിൽ ഭരണത്തിന് നേതൃത്വം നൽകുന്ന ബിജെപിയെ നയിക്കുന്നത് ആർ.എസ്സ്.എസ്സ് എന്ന തീവ്ര വലതുപക്ഷ സംഘമാണ്. അവർ അവരുടെ ആയിരക്കണക്കിന് കേഡറുകളെ തെര ഞ്ഞെടുപ്പ് മെഷിനറിയെ സജ്ജമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് പരിശീലിപ്പിക്കുന്നുണ്ട്. ഇന്ത്യൻ ഭരണ ഘടനക്ക് കാതലായ ചില മാറ്റങ്ങൾ അവർ നിർദ്ദേശിക്കുന്നു. എന്നാൽ ഇന്ത്യൻ ഭരണഘടനക്ക് അനുസൃതമായി പ്രവർത്തിക്കുന്ന ലിബറൽ ഡെമോക്രാറ്റിക് സമ്പ്രദായത്തെ ഇപ്പോൾ അവർ പൂർണമായും നിഷേധിക്കുന്നില്ല. ലിബറൽ ഡെമോക്രസിയോടുള്ള ഈ കൂറ് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലാണ് നാം കാണുന്നത്. എന്നാൽ സാമൂഹ്യ ജീവിതത്തിൽ സംഘബലം പലപ്പോഴും സംഘടിത ആക്രമണത്തിനാണ് ശ്രമിക്കുന്നത്. പശുവിന്റെ പേരിൽ, മതപരിവർത്തനം എന്ന ആരോപണം ഉന്നയിച്ചും മറ്റും നടത്തുന്ന ആൾക്കൂട്ട കൊലപാതകങ്ങൾ രാജ്യവ്യാപകമാണ്. ഇടതുപക്ഷത്തിന് നിർണായക സ്വാധീനമുള്ള കേരളത്തിൽ ഇത്തരം ആക്രമണങ്ങൾ അത്യ പൂർവ്വമാണ്.

1925 ലാണ് ആർ.എസ്സ്.എസ്സ് രൂപം കൊള്ളുന്നത്. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾക്കിട യിൽ ലോകത്ത് പലയിടത്തും ഉണ്ടായിരുന്ന അത്തരം സംഘടനകളുടെ ഭാഗം തന്നെയാണത്. റഷ്യൻ വിപ്ലവത്തെയും തൊഴിലാളിവർഗ്ഗ മുന്നേറ്റത്തെയും ചെറുക്കാൻ ഈജിപ്റ്റിൽ ഉണ്ടായ മുസ്ലിം ബ്രദർഹുഡ് എന്ന സംഘടന ഒരുദാഹരണം. ഈജിപ്റ്റിലെ മുസ്ലിം ബ്രദർഹുഡും ഇന്ത്യ യിലെ ആർ.എസ്സ്.എസ്സും തമ്മിൽ അതിശയകരമായ സമാനതകൾ ഉണ്ട്. രണ്ടും ഭൂരിപക്ഷ മതാധിപത്യത്തിന്റെ വക്താക്കളാണ്. മത സാംസ്കാരിക പുനരുദ്ധാനത്തിന്റെ കാര്യത്തിൽ രണ്ടിന്റെയും നിലപാട് ഒന്നുതന്നെ. ദേശീയതയെ സംബന്ധിച്ച രണ്ടിന്റെയും ആശ്രയ കേന്ദ്രം നാസി പ്രത്യയശാസ്ത്രമാണ്. മതത്തിന്റെയും വംശത്തിന്റെയും അടിസ്ഥാനത്തിലാണ് രണ്ടുകൂ ട്ടരും ദേശീയതയെ നിർവചിക്കുന്നത്. ഫ്രഞ്ച് വിപ്ലവം ഉയർത്തിക്കാട്ടിയ ദേശീയത, മതത്തിനും വംശത്തിനും ജാതിക്കും അതീതമായ എല്ലാ പൗരന്മാരും തുല്യർ എന്ന ആശയം അധിഷ്ഠിതമായ ദേശീയതയെ അവർ അംഗീകരിക്കുന്നില്ല. ജൂതരെ തുരത്തി കൊണ്ടുള്ള ജർമ്മൻ പരിഹാരമാണ് ഇന്ത്യയിലെ മുസ്ലിങ്ങൾക്ക് നേരെ അനുവർത്തിക്കേണ്ടത് എന്നാണ് ആർ.എസ്സ്.എസ്സ് ആശയം. ഇത് പരസ്യമായി പറയാനും മടിക്കാത്തവരാണ് ഹിന്ദുത്വ ദേശീയതയുടെ പല നേതാക്കന്മാരും. സുവർണ്ണ പൗരാണിക കാലം എന്ന സങ്കല്പം അവർ മുസോളിനിയിൽ നിന്ന് പഠിച്ചതാണ്. രാഷ്ട്രീയ ഇച്ഛാശക്തിയുടെ ഭ്രാന്തൻ പ്രകടനം, തന്ത്രപരമായ ആക്രമണം എന്നിവ അവർ നാസികളിൽ നിന്നും പഠിച്ചു.

ഈ സംഘപരിവാറാണ് ഇന്ത്യയുടെ ഭരണത്തിന് നേതൃത്വം നൽകുന്ന ബിജെപിയുടെ നട്ടെല്ല്. കോർപ്പറേറ്റുകൾക്ക് രാഷ്ട്ര സമ്പത്ത് കൊള്ളയടിക്കാൻ കൂട്ടു നിൽക്കുമ്പോഴും, കോർ പ്പറേറ്റ് വിരുദ്ധ ജനകീയ മുന്നേറ്റത്തെ ശിഥിലമാക്കാൻ മതം, ജാതി എന്നീ പ്രതിഭാസങ്ങളെ അവർ സമർത്ഥമായി ഉപയോഗിക്കുന്നു. നിസ്സഹായതയോ നൈരാശ്യമോഅല്ല ഈ ഘട്ടത്തിൽ നമുക്ക് അഭികാമ്യം. അധ്വാനിക്കുന്ന വർഗ്ഗത്തെ യോജിപ്പിച്ച് അണിനിരത്തി രാജ്യം നേരിടുന്ന വിപത്തിനെ ഫലപ്രദമായി നേരിടുക എന്നതാണ്.



# മെയ് ദിനം സമുചിതമായി ആചരിക്കുക

## മെയ് ദിനം മുതൽ മെയ് 30 വരെ വർഗീയതക്കെതിരെ പ്രചരണം

തീവ്ര വർഗീയ ശക്തികളുടെ
വിഷലിപ്തമായ
കടന്നാക്രമണങ്ങൾക്ക്
തൊഴിലാളികളുടെയും
വലിയ വിഭാഗം
ജനങ്ങളുടെയും മനസ്സിൽ
വിപുലമായ രീതിയിൽ
ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ
സ്വാധീനം സൃഷ്ടിക്കാൻ
സാധിക്കുന്നുണ്ട്.
മെയ് ദിനം മുതൽ
സ്ഥാപക ദിനമായ
മെയ് 30 വരെ
വർഗീയതക്കെതിരെ
വ്യാപകമായ പ്രചരണം
നടത്തുന്നു.





## മെയ് മാസ പ്രചാരണത്തിലേക്ക്
## മെയ് ദിനം മുതൽ സ്ഥാപക ദിനം വരെ

●

## വർഗ ഐക്യം ഉയർത്തിപ്പിടിക്കുക
## നവലിബറലിസത്തിന്റെ മുഖം മൂടിയായ
## വർഗീയതയെ തുറന്നുകാട്ടുക



സമൂഹത്തിലാകെ ഹിന്ദുത്വ വർഗീയ ശക്തികൾ നടത്തുന്ന വർഗീയ വിഭാഗീയ ശ്രമങ്ങൾക്ക ജാതി വംശ ഭേദമില്ലാതെ തൊഴിലാളികളുടെ മനസ്സിൽ സൃഷ്ടിക്കുന്ന വർഗീയ ഭിന്നതകൾക്കെതിരെയുള്ള പ്രചാരണം കൂടുതൽ ശക്തിപ്പെടുത്തുക എന്നതാണ് ക്യാംപയിൻ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ചൂഷണങ്ങൾക്കെതിരെ പൊരുതുന്ന അധ്വാനിക്കുന്ന മനുഷ്യരുടെ ഐക്യത്തിനു മുന്നിൽ ഈ വിഭാഗീയ ശ്രമങ്ങൾ ഒരു വലിയ ഭീഷണിയായി മാറിയിരിക്കുന്നു. ആർഎസ്എസ്സിന്റെ ഈ ധ്രുവീകരണ പദ്ധതി യഥാർഥത്തിൽ അധ്വാനിക്കുന്ന മനുഷ്യരുടെ അവകാശങ്ങൾക്കും ജീവനും ജീവിതോപാധികൾക്കും മേൽ കോർപറേറ്റുകളും സർക്കാരിലെ അവരുടെ പങ്കാളികളും നവലിബറൽ നയങ്ങൾ ശക്തമായി അടിച്ചേൽപ്പിച്ചു കൊണ്ടു നടത്തുന്ന ചൂഷണങ്ങൾക്ക് മറയിടാനുള്ള മുഖംമൂടിയാണ്. അതിനു ഉപോത്ബലകമായി ജാതികളെയും മത ന്യൂനപക്ഷങ്ങളെയും അടിസ്ഥാമാക്കിയുള്ള സ്വത്വ രാഷ്ട്രീയത്തിന്റെ ശക്തികൾ നടത്തുന്ന ഇടപെടലുകൾ ആത്യന്തികമായി വർഗ ഐക്യത്തെ ദുർബലപ്പെടുത്തുകയും നവലിബറൽ നയങ്ങളുടെ ശക്തമായ പ്രയോഗങ്ങൾക്ക് ഇടവരുത്തുകയും ചെയ്യുന്നു.

വർഗീയ പ്രത്യയശാസ്ത്രത്തിനും സമൂഹത്തിനു മേലുള്ള അതിന്റെ പ്രത്യയശാസ്ത്രപരവും പ്രായോഗിക തലത്തിലുള്ളതുമായ വിഷലിപ്തമായ നിരന്തര കടന്നാക്രമണത്തിനും തൊഴിലാളി പ്രസ്ഥാനത്തെ സംഘടിപ്പിക്കുക എന്നത് നിർണായകവും പരമപ്രധാനവുമായ കാര്യമാണ്. രാജ്യത്തിന്റെ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ തലങ്ങളിൽ മോഡി നയിക്കുന്ന ബിജെപി സർക്കാരും സംസ്ഥാനങ്ങളിലെ ഇരട്ട എഞ്ചിൻ സർക്കാരുകളും ചേർന്ന് ഏകാധിപത്യപരമായി നവലിബറൽ നയങ്ങൾ തീവ്രമായ അടിച്ചേൽപ്പിക്കുന്ന വർത്തമാനകാലത്ത് അതിനെതിരെയുള്ള ചെറുത്തുനിൽപ്പുകൾ ശക്തമാക്കുന്നതിനും നമ്മുടെ സമരങ്ങളിലെ വർഗപരമായ ഐക്യം ശക്തിപ്പെടുത്തുന്നതിലും വർഗീയതയ്ക്ക് എതിരെയുള്ള സമരങ്ങളെ ഒരു മുന്നുപാധിയായി പരിഗണിക്കണം.

തൊഴിലാളിവർഗം മുഴക്കുന്ന 'സർവരാജ്യത്തൊഴിലാളികളെ സംഘടിക്കൂ' എന്ന മുദ്രാവാക്യത്തിൽ മുഴങ്ങുന്ന സാർവദേശീയ ബോധം നിറഞ്ഞ മെയ്ദിനാചരണത്തിന്റെ വിപ്ലവാത്മകമായ പാരമ്പര്യം ഇന്ത്യയിൽ തുടങ്ങുന്നത് ഒരു നൂറ്റാണ്ടു മുമ്പ് അതായത് 1923 മെയ് ഒന്നിന് മദ്രാസിലെ മറീന ബീച്ചിലാണ്. രാജ്യത്തെ ആദ്യ മെയ്ദിനാചരണത്തിന്റെ ശതാബ്ദിക്കാണ് ഈ വർഷം സാക്ഷിയാകുന്നത്. ഇത്രയും കാലത്തിനിടയിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെയുള്ള സ്വാതന്ത്ര്യപോരാട്ടത്തിൽ ഇന്ത്യൻ തൊഴിലാളി വർഗം അതിന്റെ ചരിത്രപരമായ ഉത്തരവാദിത്തം നിർവഹിച്ചു. ഈ പോരാട്ടത്തിൽ തൊഴിലാളികൾ കൂട്ടത്തോടെ പങ്കാളികളായതിന്റെ ഫലമായിക്കൂടിയാണ് ബഹുസ്വരതയിൽ ഊന്നിയുള്ള ഇന്ത്യ എന്ന ആശയം രൂപപ്പെട്ടത്. ഒരു മതരാഷ്ട്രം അതായത് ഹിന്ദുരാഷ്ട്രം എന്ന ആശയവുമായി വന്ന ആർഎസ്എസ്സും അനുബന്ധ സംഘടനകളുടെ തന്ത്രങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടാണ് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ള ഇന്ത്യയെന്ന മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കിന്റെ ഭരണഘടന സാധ്യമായത്. എന്നാൽ ഇന്ന് അതേ മതരാഷ്ട്ര



**കെ എൻ ഉമേഷ്**
(ദേശീയ സെക്രട്ടറി, സിഐടിയു)

വാദികളായ അധമ ശക്തികൾ ഏറ്റവും നീചമായ വിഭാഗീയ പ്രവർത്തനങ്ങളുമായി രംഗത്തുവന്ന സാഹചര്യത്തിൽ നാം ആ ഭീഷണിയെ സമഗ്രമായി മനസ്സിലാക്കുകയും അതിനെ ചെറുത്തു തോൽപ്പിക്കുകയും വേണം.

ഈ ചരിത്രഘട്ടത്തിൽ നവലിബറൽ മുതലാളിത്ത വ്യവസ്ഥിതി നേരിടുന്ന സമഗ്രമായ പ്രതിസന്ധിയെ മറയാക്കി ലോകമെമ്പാടുമുള്ള തൊഴിലെടുക്കുന്നവരുടെ അവകാശങ്ങൾക്കും ഉപജീവനോപാധികൾക്കും മേലുള്ള സാമ്രാജ്യത്വത്തിന്റെ തീവ്രമായ അധീശത്വ പ്രവണതയ്ക്കെതിരെ മെയ്ദിനാചരണത്തിലും അനുബന്ധപരിപാടികളിലും ശക്തമായ ശബ്ദം ഉയരേണ്ടതുണ്ട്. ഇത്തരം കടന്നുകയറ്റങ്ങൾക്കെതിരെ ലോകമെമ്പാടുമുള്ള തൊഴിലാളികൾ നിരന്തര സമരം നടത്തുന്നുണ്ട്. സാമ്രാജ്യത്വത്തിന്റെ അധീശത്വ പൂർണമായ കടന്നുകയറ്റങ്ങളും തൊഴിലാളികൾക്കെതിരെയും രാജ്യത്തിന്റെ പരമാധികാരത്തിനും എതിരെ നടക്കുന്ന കടന്നാക്രമണങ്ങളും തമ്മിലുള്ള ബന്ധം തുറന്നുകാട്ടാൻ മെയ്ദിനാചരണം വിനിയോഗിക്കണം.

ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം ആചരിക്കുന്ന ഘട്ടത്തിൽ രാജ്യത്തിന്റെ പരമാധികാരത്തെയും വർഷങ്ങൾ കൊണ്ട് പടുത്തുയർത്തിയ ഇന്ത്യൻ സമ്പദ്ഘടനയെയും ദുർബലപ്പെടുത്തുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്ന് നമ്മൾ കണ്ടു. വാസ്തവത്തിൽ മുതലാളിത്തം കടുത്ത പ്രതിസന്ധി നേരിടുമ്പോൾ സാമ്പത്തിക മാനേജ്മെന്റിന്റെ കാര്യത്തിൽ വിനാശകരമായ പാതയിലാണ് കേന്ദ്രസർക്കാർ സഞ്ചരിക്കുന്നത്. ഇത് പ്രതിസന്ധിയെ കൂടുതൽ സങ്കീർണമാക്കിയിരിക്കുന്നു. ഇതിന്റെ ഫലമായി വ്യവസായ സേവന മേഖലകൾ മരിവിപ്പിലാണ്. വളർച്ചാ മുരടിപ്പിനൊപ്പം തൊഴിലാളികൾക്കു മേലുള്ള ക്രൂരമായ ചൂഷണവും വർധിച്ചിരിക്കുന്നു. ആകെ മൂല്യത്തിൽ വേതനത്തിന്റെ വിഹിതത്തിന്റെ ദേശീയ ശരാശരി 30 ശതമാനത്തിൽനിന്ന് പത്തു ശതമാനത്തിലേക്ക് നിലംപതിച്ചപ്പോൾ ലാഭത്തിന്റെ ദേശീയ ശരാശരി 10 ശതമാനത്തിൽനിന്ന് 39 ശതമാനത്തിലെത്തി.



**മെയ് മാസ പ്രചാരണത്തിലേക്ക്**
**മെയ് ദിനം മുതൽ സ്ഥാപക ദിനം വരെ**
●
**വർഗ ഐക്യം ഉയർത്തിപ്പിടിക്കുക**
**നവലിബറലിസത്തിന്റെ മുഖം മൂടിയായ**
**വർഗീയതയെ തുറന്നുകാട്ടുക**



തൊഴിലിന്റെ അവസ്ഥ അങ്ങേയറ്റം അനിശ്ചിതത്വത്തിലാണ്. അനൗപചാരിക തൊഴിലിന്റെ അളവ് വർധിക്കുകയും ഒരേ തൊഴിലിടത്തിൽ തന്നെ തൊഴിലിന്റെ വൈജാത്യത്തോടൊപ്പം തൊഴിൽ ശക്തിയുടെ എണ്ണം കുറയ്ക്കലും ഓട്ടോമേഷനും ആർടിഫിഷ്യൽ ഇന്റലിജൻസും മൂലമുള്ള തൊഴിൽ നഷ്ടവും തൊഴിൽബന്ധത്തിന്റെ പുനക്രമീകരണത്തിലേക്ക് നയിക്കുന്നു. തൊഴിലില്ലായ്മയും ഭക്ഷ്യവസ്തുക്കളുടെയും ജീവസന്ധാരണത്തിന് അനിവാര്യമായ വസ്തുക്കളുടെയും നിരന്തരമായ വിലക്കയറ്റവും തടയേണ്ടതുണ്ട്. സാധാരണക്കാർക്കു മേൽ അടിച്ചേൽപ്പിക്കുന്ന പരോക്ഷ നികുതി വർധനയിലൂടെ ചൂഷണ പ്രക്രിയ ശക്തമാക്കുകയാണ്. അതേസമയം പശ്ചാത്തല ആസ്തികൾക്കും പ്രകൃതിവിഭവങ്ങൾക്കുമുള്ള വാടകകൾ ഗണ്യമായ കുറച്ചുകൊണ്ട് കോർപറേറ്റുകൾക്കും വൻകിട ബിസിനസുകാർക്കും വൻ സഹായം ചെയ്തുകൊടുക്കുകയാണ്. ആത്മനിർഭർ ഭാരത്, ആസാദി കാ അമൃത് വർഷ്, അമൃത് കാൽ തുടങ്ങിയ മുദ്രവാക്യങ്ങളുടെ മുഖമുദ്ര ഇതായി മാറിയിരിക്കുന്നു. തൊഴിലാളി വിരുദ്ധമായ ലേബർ കോഡുകൾ കൊണ്ടുവന്ന് 'ശ്രമമേവ ജയതേ' എന്ന മുദ്രാവാക്യത്തെ പരിഹസിക്കുകയാണ്. പ്രതിരോധ സേനയിൽ കരാർവൽക്കരണം കൊണ്ടുവരികയും അഗ്നിപഥ് പദ്ധതി നടപ്പാക്കുകയും ചെയ്യുന്ന സർക്കാർ തന്നെയാണ് ഭാരത് മാതാക്ക് ജയ് വിളിച്ച് രാജ്യത്തെ അപമാനിക്കുന്നത്.

പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കാനും പൊതുമേഖലാ സ്ഥാപനങ്ങളും സാമ്പത്തിക സ്ഥാപനങ്ങളും ധൃതിയിൽ വിറ്റു തുലയ്ക്കാനാണ് ശ്രമം. നിതി ആയോഗിന്റെ സ്വകാര്യവൽക്കരണ പദ്ധതികൾ നിലനിൽക്കെ തന്നെയാണ് സംശയാസ്പദമായ നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ (NMP) എന്ന കുറുക്കുവഴിയിലൂടെ പൊതു ആസ്തികൾ സ്വകാര്യ ചങ്ങാത്ത മുതലാളിമാർക്ക് ചുളുവിലയ്ക്ക് കൈമാറാൻ നോക്കുന്നത്. പൊതു ആസ്തികൾ ഉപയോഗിച്ച് കോർപറേറ്റുകൾക്ക് പണമുണ്ടാക്കാൻ അവസരം ഒരുക്കി നൽകുമ്പോൾ ഒരു നിക്ഷേപ പരിപാടികൾക്കും കേന്ദ്രം തയ്യാറാകുന്നില്ല. സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റ് പാടേ തകർന്നപ്പോൾ ഈ



**ലോകമെമ്പാടുമുള്ള തൊഴിലെടുക്കുന്നവരുടെ അവകാശങ്ങൾക്കും ഉപജീവനോപാധികൾക്കും മേലുള്ള സാമ്രാജ്യത്വത്തിന്റെ അധീശത്വ പ്രവണതയ്ക്കെതിരെ ശക്തമായ ശബ്ദം ഉയരേണ്ടതുണ്ട്. ഇത്തരം കടന്നുകയറ്റങ്ങൾക്കെതിരെ ലോകമെമ്പാടുമുള്ള തൊഴിലാളികൾ നിരന്തര സമരം നടത്തുന്നുണ്ട്. സാമ്രാജ്യത്വത്തിന്റെ അധീശത്വ പൂർണമായ കടന്നുകയറ്റങ്ങളും തൊഴിലാളികൾക്കെതിരെയും രാജ്യത്തിന്റെ പരമാധികാരത്തിനും എതിരെ നടക്കുന്ന കടന്നാക്രമണങ്ങളും തമ്മിലുള്ള ബന്ധം തുറന്നുകാട്ടാൻ മെയ്ദിനാചരണം വിനിയോഗിക്കണം.**

അപകടാവസ്ഥ മറികടക്കാൻ ദേശീയ ആസ്തികൾ കൊള്ളയടിക്കുന്ന അവസ്ഥയിലേക്ക് മാറി. അത് കോർപറേറ്റ് വർഗത്തിന് മാത്രമേ ഗുണം ചെയ്യൂ. ഒടുവിൽ സമ്പദ്ഘടനയുടെ നിയന്ത്രണം കോർപറേറ്റുകൾക്കു ലഭിക്കും. ഇതിന്റെ ഗുണഭോക്താക്കളായ ചങ്ങാത്ത മുതലാളിമാരായ അദാനിയും കൂട്ടരുമാകട്ടെ ഹിൻഡെൻബർഗിന്റെ പുതിയ വെളിപ്പെടുത്തലിൽ നിരായുധരായി നിൽക്കുകയാണ്. പൊതുമേഖലാ ബാങ്കുകളുടെയും ഇൻഷുറൻസ് സ്ഥാപനങ്ങളുടെയും പണവും പൊതുജനങ്ങളുടെ നിക്ഷേപവും അദാനിയും കൂട്ടരും വെട്ടിച്ചെന്നാണ് വെളിപ്പെടുത്തൽ. അതിനിടെ ഇതേ സ്ഥാപനം പുറത്തുകൊണ്ടുവന്ന സിലിക്കോൺ വാലി ബാങ്കിന്റെ തകർച്ചയും ആർക്കും മറച്ചുവയ്ക്കാൻ സാധിക്കാവുന്നതല്ല.

രണ്ടു മൂന്നു വർഷമായി തൊഴിലാളി വർഗം സംയുക്തമായി നിരന്തരമായി ഉയർത്തിയ പ്രതിരോധത്തിന്റെ ഫലമായി ബിജെപി സർക്കാരിന് ലേബർ കോഡിന്റെ കരട് ചട്ടങ്ങൾ വിജ്ഞാപനം ചെയ്യാൻ സാധിച്ചിട്ടില്ല. തൊഴിലാളി സംഘടനകൾ നിരന്തരമായി ആവശ്യപ്പെട്ടിട്ടും കഴിഞ്ഞ എട്ടു വർഷമായി ഇന്ത്യൻ ലേബർ കോൺഫറൻസ് വിളിച്ചു ചേർക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. നിശ്ചിത സമയത്തേക്ക് മാത്രം തൊഴിൽ നൽകാൻ വ്യവസ്ഥ ചെയ്തുകൊണ്ട് ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാൻഡിങ് ഓഡേർസ് ആക്ടിന് ഭേദഗതി വരുത്തിയതോടെ തൊഴിൽ സമയം വർധിക്കുകയും ഓവർടൈം പണി വർധിപ്പിച്ചുകൊണ്ട് മൂന്നു ഷിഫ്റ്റിനു പകരം രണ്ട് ഷിഫ്റ്റ് സമ്പ്രദായം കൊണ്ടുവരികയും ചെയ്യുന്നു. കർണാടകയിൽ ഫാക്ടറി ആക്ട് ഭേദഗതി ചെയ്തപ്പോൾ അത് സ്ത്രീകളെക്കൊണ്ട് രാത്രിയിൽ കൂടുതൽ സമയം തൊഴിലെടുക്കാൻ നിർബന്ധിതമാക്കി. തൊഴിലുടമയ്ക്ക് അനുകൂലമാകുംവിധം മിച്ചമൂല്യം പരമാവധിയാക്കാൻ വേണ്ടിയും മൂല്യത്തിന്റെ വിഭജനത്തിൽ മാറ്റം വരുത്താനും വേണ്ടിയുള്ള പദ്ധതികളാണിവ. ഇതിനെതിരെ ട്രേഡ് യൂണിയൻ സംയുക്തസമിതിയുടെയും പ്രാദേശിക യൂണിയനുകളുടെയും നേതൃത്വത്തിൽ 200 വൻകിട സ്ഥാപനങ്ങളിലെയും ആയിരം ചെറുകിട ഇടത്തരം സ്ഥാപനങ്ങളിലെയും പത്തുലക്ഷത്തോളം തൊഴിലാളികൾ മാർച്ച് മുപ്പതിന് പണിമുടക്ക് നടത്തിയിരുന്നു.

എല്ലാ ദുരിതങ്ങൾക്കും കാരണം ന്യൂനപക്ഷങ്ങ

ളാണെന്ന് വരുത്തിത്തീർത്തുകൊണ്ട് ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കു നേരെ അതിക്രമം അഴിച്ചു വിടുന്നതും  മനുഷ്യാവകാശ പ്രവർത്തകർക്കെതിരെ ജാമ്യമില്ലാ കുറ്റം ചുമത്തി ജയിലിടുന്നതും ആക്ടിവിസ്റ്റുകളെ ആന്ദോളൻ ജീവികൾ എന്ന് മുദ്രകുത്തുന്നതും അവരെ ദേശവിരുദ്ധരായി ചിത്രീകരിക്കുന്നതുമൊക്കെ ഈ നവലിബറൽ നയങ്ങൾക്കെതിരെ ജനങ്ങളിൽ രൂപപ്പെടുന്ന അമർഷം വഴിതിരിച്ചു വിടാനാണ്.  ആഭ്യന്തര ശത്രുക്കളായി മുദ്രചാർത്തിക്കൊണ്ട് അവർക്കെതിരെ പൊതുജനാഭിപ്രായം രൂപീകരിക്കാൻ സർക്കാർ തലത്തിൽ തന്നെയാണ് ശ്രമം. 370,31 A  അനുച്ഛേദങ്ങൾ റദ്ദാക്കൽ, സിഎഎ, എൻആർസി, എൻപിആർ, മുത്തലാക്ക്, ഹിജാബ്, അസാൻ, ഹലാൽ തുടങ്ങിയ വിഷയങ്ങളും ബീഫ് കൈവശം വച്ചതിന്റെ പേരിൽ ന്യൂനപക്ഷങ്ങളെ കൊലപ്പെടുത്തുന്നതും ഗോവധ നിരോധനം, മതപരിവർത്തന നിയമങ്ങൾ, ഏകീകൃത സിവിൽ കോഡ്, രാമക്ഷേത്ര നിർമാണം, കാശി, മഥുര, അഞ്ജനാദ്രി(ഹനുമാന്റെ ജന്മസ്ഥാനം) തുടങ്ങിയവ വിഷയങ്ങൾ, സ്കൂൾ പാഠപുസ്തകങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ എന്നിവയെല്ലാം തുറന്നുവിടുന്നത് വർഗീയ ധ്രുവീകരണം സൃഷ്ടിച്ചുകൊണ്ട് അപകടകരമായ വിദ്വേഷ പ്രചാരണം ലക്ഷ്യം വച്ചാണ്. കോർപറേറ്റ്  വർഗീയ ശക്തികളുടെ താൽപര്യങ്ങൾക്കനുസരിച്ചാണ് പുതിയ വിദ്യാഭ്യാസ നയം രൂപകൽപ്പന ചെയ്തിരിക്കുന്നത്. അതിനൊപ്പം തന്നെയാണ് ഓരോ സംസ്ഥാനത്തെയും പ്രദേശത്തെയും കേന്ദ്രീകരിച്ചുള്ള സോഷ്യൽ എഞ്ചിനിയറിങ് ശ്രദ്ധാപൂർവം നടപ്പാക്കുന്നത്.  'നാം അഥവാ നമ്മുടെ ദേശീയ നിർവചിക്കപ്പെടുന്നു' എന്ന പുസ്തകത്തിൽ ഗോൾവർക്കർ വിശദീകരിക്കുന്ന, ന്യൂനപക്ഷങ്ങളെ വരുതിക്കു നിർത്തണമെന്ന ആർഎസ്എസ് ആശയവും ഹിന്ദു, ഹിന്ദി, ഹിന്ദുസ്ഥാൻ എന്ന മുദ്രാവാക്യവും ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്ക് കടകവിരുദ്ധമാണ്. മനുസ്മൃതിയിൽ വിശദീകരിക്കുന്ന വർണാശ്രമ ധർമമെന്ന ശ്രേണീവൽക്കരണത്തെയും സാമൂഹ്യ വിവേചനത്തെയും ജാതീയമായ തൊട്ടുകൂടായ്മയെയും അടിസ്ഥാനപ്പെടുത്തിയ പുരാതന ആശയമാണ് സമൂഹത്തിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത്. ദളിതർക്കും ആദിവാസികൾക്കും പിന്നോക്കക്കാർക്കും സ്ത്രീകൾക്കും എതിരെ നടക്കുന്ന വർധിച്ച ആക്രമണങ്ങളിൽ ഇത് പ്രകടമാണ്. ഹിന്ദു രാഷ്ട്രം സ്ഥാപിക്കാൻ ലക്ഷ്യമിട്ട് ജനങ്ങളുടെ മനസ്സാക്ഷിയെ രൂപകൽപ്പനചെയ്യുകയും എല്ലാത്തിലുമുപരിയായ ഹിന്ദുത്വ സ്വത്വം ശക്തിപ്പെടുത്തുകയും ചെയ്യുക എന്നത് അവരുടെ ഭരണക്രമത്തിന്റെ അവിഭാജ്യഘടകമാണെന്ന വസ്തുത നമ്മൾ മനസ്സിലാക്കണം. ആർഎസ്എസ്-ബിജെപി ശക്തികൾക്ക് ദേശീയവും അന്തർദേശീയവുമായ കോർപറേറ്റുകളുമായുള്ള അടുപ്പം നവലിബറൽ നയങ്ങളെ നിലനിർത്താനും  കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകാനും വേണ്ടിയുള്ളതാണ്.

നവലിബറൽ നയത്തെ ശക്തമായി മുന്നോട്ടു കൊണ്ടുപോകാനുള്ള വർഗീയ കോർപറേറ്റ് കൂട്ടുകെട്ടിന്റെ ഇത്തരം സവിശേഷതകൾ  തങ്ങളുടെ വർഗഐക്യം തകർക്കാൻ ലക്ഷ്യമിട്ടുള്ളതാണെന്ന് മെയ് മാസത്തെ ക്യാംപയിനിലൂടെ തൊഴിലാളികളെ  ബോധ്യപ്പെടുത്താനാകണം.  വർഗീയ ധ്രുവീകരണം, നവലിബറലിസം  എന്നീ ഇരട്ട വെല്ലുവിളികളെ ചെറുത്തു തോൽപ്പിക്കണമെന്ന വ്യക്തമായ ലക്ഷ്യത്തോടെയുള്ളതാവണം ക്യാംപയിൻ. വഴിപിഴച്ച രാഷ്ട്രീയ സാമ്പത്തിക ക്രമത്തിനും കോർപറേറ്റ് വർഗീയ കൂട്ടുകെട്ടിന്റെ വർഗീയ വിഭജന സോഷ്യൽ എഞ്ചിനിയറിങ്ങിനും എതിരെ നിശ്ചയദാർഢ്യത്തോടെയുള്ള സംഘടിത വർഗസമരം പടുത്തുയർത്താൻ സംഘടനയുടെ ഓരോ തലത്തിലും സാധിക്കണം. അത്തരം പ്രവർത്തനത്തിലൂടെ മാത്രമേ സിഐടിയു ലക്ഷ്യം വയ്ക്കുന്ന തരത്തിൽ ഇന്ത്യൻ സമൂഹത്തിലെ വർഗ സന്തുലിതത്തിൽ മാറ്റം വരുത്താനാകൂ.

ആപത്കരമായ നയങ്ങൾ പിന്തുടരുന്ന ജനവിരുദ്ധവും ദേശവിരുദ്ധവുമായ ഈ കൂട്ടുകെട്ടിനെ നിഷ്കാസിതമാക്കാൻ ഇപ്പോഴത്തെ ഭരണസംവിധാനമാണ് നമ്മുടെ യഥാർഥ ശത്രുവെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനും  ഉതകുന്ന തരത്തിൽ, നമുക്ക് പ്രാപ്യമല്ലാത്തവരിലും നമ്മുടെ ആശയങ്ങളെ എത്തിക്കുന്നതിന് മുൻകൈ എടുക്കുന്നതിനാവണം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.●



**മെയ് മാസ പ്രചാരണത്തിലേക്ക്**
**മെയ് ദിനം മുതൽ സ്ഥാപക ദിനം വരെ**
●
**വർഗ ഐക്യം ഉയർത്തിപ്പിടിക്കുക**
**നവലിബറലിസത്തിന്റെ മുഖം മൂടിയായ**
**വർഗീയതയെ തുറന്നുകാട്ടുക**



# വർഗീയവൽക്കരണം ചരിത്രവും പ്രത്യയശാസ്ത്ര അടിത്തറയും



**ഇന്ത്യയിലെ ഹൈന്ദവവർഗീയതയുടെ അടിസ്ഥാനം എന്താണ്? പ്രത്യയശാസ്ത്രം എന്താണ്? വർഗ്ഗീയതക്ക് ഒരു മാനമല്ല ഉള്ളത്. അതിന് ദേശീയതയുമായി ബന്ധപ്പെട്ട വീക്ഷണങ്ങളുണ്ട്, സാമ്പത്തിക യുക്തിയുണ്ട്, പ്രത്യയശാസ്ത്രപരമെന്ന് വിളിക്കാവുന്ന അടിസ്ഥാനങ്ങളുണ്ട്, അതിന്റെ രാഷ്ട്രീയാവിഷ്ക്കാരങ്ങളും ഉണ്ട്. അങ്ങനെ വർഗീയത പല തലങ്ങളിലാണ് പ്രവർത്തിക്കുന്നത്.**



ഡോ: സുനിൽ പി. ഇളയിടം

നമ്മുടെ രാജ്യത്തെ അടിസ്ഥാനപരമായി തന്നെ ഇല്ലാതാക്കാൻ പറ്റുന്നമട്ടിൽ വർഗ്ഗീയതയുടെ ആശയാവലികൾ വലിയ തോതിൽ പ്രചരിപ്പിച്ചു കഴിഞ്ഞ കാലത്താണ് നാം ഇപ്പോൾ ജീവിക്കുന്നത്. അത് സമൂഹത്തിന്റെ ഏറ്റവും കീഴ്തട്ടിലേക്ക് വരെ പ്രത്യക്ഷമായും പരോക്ഷമായും നുഴഞ്ഞുകയറിക്കഴിഞ്ഞു. നമ്മുടെയൊക്കെ പൊതുബോധത്തിന്റെ സൂക്ഷ്മതലങ്ങളിലേക്ക് വരെ വർഗ്ഗീയതയുടെ ആശയാവലികൾ കടന്നു കയറുന്നുണ്ട്. പലതും വർഗ്ഗീയമായ ആശയാവലികളാണ് എന്ന് തിരിച്ചറിയാൻപോലും പറ്റാത്ത മട്ടിൽ അത് നമ്മുടെ സാമൂഹ്യജീവിതത്തിന്റെ ഭാഗമായി മാറിയിട്ടുമുണ്ട്. അതുകൊണ്ട് വർഗ്ഗീയതക്കെതിരായ പഠനപരിപാടി എന്നത് വളരെ പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ ഉത്തരവാദിത്തമായി മാറിയിരിക്കുന്നു.

ഒരു പക്ഷേ, നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും തൊഴിലാളി പ്രസ്ഥാനങ്ങളേയും അവ തമ്മിലുള്ള അതിർവരമ്പുകളേയുമൊക്കെ മറികടക്കുന്നമട്ടിൽ വർഗ്ഗീയത വ്യാപിക്കുന്നതാണ് നമ്മളിപ്പോൾ കാ

> രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും തൊഴിലാളി പ്രസ്ഥാനങ്ങളേയും അവ തമ്മിലുള്ള അതിർവരമ്പുകളേയുമൊക്കെ മറികടക്കുന്ന മട്ടിൽ വർഗ്ഗീയത വ്യാപിക്കുന്നതാണ് നമ്മളിപ്പോൾ കാണുന്നത്. നമ്മൾ കയ്യാളുന്ന രാഷ്ട്രീയ വീക്ഷണം എന്താകട്ടെ, സാമൂഹ്യവീക്ഷണം എന്താകട്ടെ, അതിനുള്ളിലൂടെയൊക്കെ വർഗ്ഗീയതയുടെ ആശയാവലികൾക്ക് കടന്നു കയറാൻ കഴിയുന്നു. അതിന്റെ ഏറ്റവും വലിയ ഇരകളായി തീരുന്നത് തൊഴിലാളികളാണ്. തൊഴിലാളികളുടെ അവകാശാധികാരങ്ങളെയൊക്കെ ഏറ്റവും കൂടുതൽ കവർന്നെടുക്കുന്ന ഒരു സ്ഥിതി വിശേഷമുണ്ടാകുമ്പോഴും അതിനെതിരെ ഉറച്ചു നിൽക്കാൻ പറ്റാത്ത മട്ടിൽ തൊഴിലാളികളെ വിഭജിക്കുന്ന ഒരു ശക്തിയായി വർഗ്ഗീയത മാറിക്കഴിഞ്ഞിട്ടുണ്ട്.

ണുന്നത്. നമ്മൾ കൈയ്യാളുന്ന രാഷ്ട്രീയ വീക്ഷണം എന്താകട്ടെ, സാമൂഹ്യവീക്ഷണം എന്താകട്ടെ, അതിനുള്ളിലൂടെയൊക്കെ വർഗ്ഗീയതയുടെ ആശയാവലികൾക്ക് കടന്നു കയറാൻ കഴിയുന്നു. അതിന്റെ ഏറ്റവും വലിയ ഇരകളായി തീരുന്നത് തൊഴിലാളികളാണ്. തൊഴിലാളികളുടെ അവകാശാധികാരങ്ങളെയൊക്കെ ഏറ്റവും കൂടുതൽ കവർന്നെടുക്കുന്ന ഒരു സ്ഥിതി വിശേഷമുണ്ടാകുമ്പോഴും അതിനെതിരെ ഉറച്ചു നിൽക്കാൻ പറ്റാത്തമട്ടിൽ തൊഴിലാളികളെ വിഭജിക്കുന്ന ഒരു ശക്തിയായി വർഗ്ഗീയത മാറിക്കഴിഞ്ഞിട്ടുണ്ട്.

ഫാഷിസത്തെക്കുറിച്ചുള്ള മുസ്സോളിനിയുടെ ക്ലാസിക്കൽ വിശദീകരണം നടപ്പിലാവുന്ന സന്ദർഭത്തിലാണ് നമ്മളിപ്പോൾ. മുസ്സോളിനി ഫാഷിസത്തെ വിശദീകരിച്ചത് നമ്മളതിനെ മനസിലാക്കുന്ന പതിവു രീതിയിലല്ല. "ഫാഷിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ" എന്ന പേരിൽ 1934 ൽ അദ്ദേഹം എഴുതിയ പ്രബന്ധത്തിൽ പറയുന്ന ഒരു കാര്യം, ഫാഷിസമെന്നത് മൂലധനവും ഭരണകൂടവും തമ്മിലുള്ള സമ്പൂർണ്ണ ഐക്യമാണ് എന്നാണ്. ആ ഐക്യത്തിന്റെ അടയാളങ്ങൾ നമുക്കുചുറ്റും കാണാൻ കഴിയും. അദാനിയും നമ്മുടെ പ്രധാനമന്ത്രിയും തമ്മിലുള്ള ബന്ധങ്ങൾ സംബന്ധിച്ച പരാമർശങ്ങൾപോലും പാർലമെന്ററി രേഖകളിൽ നിന്ന് എടുത്തുമാറ്റുന്ന മട്ടിൽ മൂലധനവുമായി ഭരണകൂടം സമ്പൂർണ്ണമായി ഐക്യപ്പെട്ടുകഴിഞ്ഞ ഒരു സ്ഥിതി വിശേഷത്തിലേക്ക് നമ്മളിപ്പോൾ എത്തിക്കഴിഞ്ഞിട്ടുണ്ട്.

ഫാഷിസത്തെ നാം അതിന്റെ സാമ്പത്തിക യുക്തിയിൽ പലപ്പോഴും മനസ്സിലാക്കാറില്ല. അതിനെ തീവ്ര ദേശീയത മാത്രമായാണ് കാണാറ്. അതോടൊപ്പം തന്നെ വളരെ പ്രധാനപ്പെട്ട സാമ്പത്തികയുക്തികൂടി അതിൽ പ്രവർത്തിക്കുന്നുണ്ട്. ആ സാമ്പത്തികയുക്തി നന്നായി തെളിഞ്ഞു കാണുന്ന ഒരു കാലമാണിത്. അതുകൊണ്ട് വർഗ്ഗീയതയെ ലഘുവായ ഒരു തലത്തിലോ, അല്ലെങ്കിൽ പുറമേ കാണുന്ന അക്രമോൽസുകമായ ഒരു മതരാഷ്ട്രീയം എന്ന നിലയിലോ മാത്രം മനസിലാക്കിയാൽ അതിനെ നേരിടാൻ കഴിയില്ല എന്നതാണ് യാഥാർത്ഥ്യം.

ഇന്ത്യയിലെ ഹൈന്ദവവർഗ്ഗീയതയുടെ അടിസ്ഥാനം എന്താണ്? പ്രത്യയശാസ്ത്രം എന്താണ്? വർഗ്ഗീയതക്ക് ഒരു മാനമല്ല ഉള്ളത്. അതിന് ദേശീയതയുമായി ബന്ധപ്പെട്ട വീക്ഷണങ്ങളുണ്ട്, സാമ്പത്തിക യുക്തിയുണ്ട്, പ്രത്യയശാസ്ത്രപരമെന്ന് വിളിക്കാവുന്ന അടിസ്ഥാനങ്ങളുണ്ട്, അതിന്റെ രാഷ്ട്രീയാവിഷ്ക്കാരങ്ങളും ഉണ്ട്. അങ്ങനെ വർഗ്ഗീയത പല തലങ്ങളിലാണ് പ്രവർത്തിക്കുന്നത്. പ്രശസ്ത ചരിത്രകാരൻ പ്രൊഫ. ബിപൻ ചന്ദ്രയുടെ "കമ്മ്യൂണലിസം ഇൻ മോഡേൺ ഇന്ത്യ" (ആധുനിക ഇന്ത്യയിലെ വർഗ്ഗീയ വാദം) എന്ന ഗ്രന്ഥത്തിൽ അതിന്റെ വിശദാംശങ്ങൾ കാണാം. ആ ഗ്രന്ഥത്തിൽ അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യങ്ങൾ നാലുപതിറ്റാണ്ടിനുശേഷം തിരിഞ്ഞു നോക്കുമ്പോൾ എത്രയോ ആഴത്തിൽ പ്രവർത്തിച്ചു എന്നു കാണാനാവും. വർഗ്ഗീയതയ്ക്ക് മതത്തിന്റെ അടിസ്ഥാന സ്വഭാവവുമായി ബന്ധമൊന്നുമില്ല. മതത്തെ ഒരു രാഷ്ട്രീയ സംഘാടനത്തിനുള്ള ഉപകരണമാക്കുന്നതു വഴിയാണ് വർഗ്ഗീയത നിലവിൽ വളരുന്നത്. മതത്തിന് പല രൂപങ്ങളുണ്ട്. ആചാരങ്ങളുടെ ഒരു തലമുണ്ട്, മൂല്യവ്യവസ്ഥയുടെ ഒരു തലമുണ്ട്, പൗരോഹിത്യത്തിന്റെ തലമുണ്ട്. ഓരോന്നിനും ഓരോ സ്വഭാവമുള്ളപ്പോഴും അവ തമ്മിൽ പരസ്പരബന്ധവുമുണ്ട്. എല്ലാ മതത്തിനും

ദൈവശാസ്ത്രമുണ്ടാകും. മതത്തിന്റെ തത്വശാസ്ത്രമെന്ന് ദൈവശാസ്ത്രത്തെ വിശേഷിപ്പിക്കാം. മതത്തിന് എല്ലായ്പ്പോഴും ആചാരനുഷ്ഠാനങ്ങളുടെ തലമുണ്ടാകും. ദൈനംദിന ജീവിതത്തിൽ ഒരു മതവിശ്വാസി ആചരിക്കുന്ന ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങിയവയുണ്ടാകും. മതത്തിൽ പുരോഹിത വിഭാഗവും, ആ പുരോഹിതവിഭാഗത്തിന്റെ പ്രവൃത്തികളും വിശദീകരണങ്ങളുമൊക്കെയായി മതത്തിന് പൗരോഹിത്യത്തിന്റെ ഒരു തലമുണ്ടാകും. മതത്തിന് ഒരു മൂല്യവ്യവസ്ഥയുണ്ടാകും. നാരായണ ഗുരു, മഹാത്മാഗാന്ധി എന്നിവരെപ്പോലെയുള്ളവർ കണ്ടെടുത്ത ഒരു മൂല്യവ്യവസ്ഥകൾ. മതമെന്നു പറയുന്നതിനെ, മൂല്യമായി കാണുക എന്നത്. ആ മൂല്യത്തിലൂടെ മതത്തെ മതത്തിനപ്പുറത്തേക്ക് കൊണ്ടുപോകാം. ഗുരു അദ്വൈതം എന്നതിനെ ഏകം ആയി കാണുകയും, ഏകം എന്ന തത്വത്തിൽ നിന്ന് ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്നിടത്തേക്ക് അതിനെ എത്തിക്കുകയും ചെയ്തു. ശങ്കരാചാര്യരും അദ്വൈതിയാണ്. അദ്ദേഹം ഏകം കണ്ടത് ജീവാത്മാവും പരമാത്മവും തമ്മിലുള്ള ഐക്യമായാണ്. ഗുരുകണ്ടത് ഞാനും അപ്പുറമുള്ള ആളും തമ്മിലുള്ള ഐക്യമാണ്. അതുകൊണ്ട് ഗുരുവിന് അദ്വൈതം ഒരു സാമൂഹ്യ ഇടപെടലും ശങ്കരാചാര്യർക്ക് ഒരു തത്വശാസ്ത്ര പ്രശ്നവുമായിരുന്നു. അതാണ് മാർക്സ് പറഞ്ഞത് "തത്വ ചിന്തകരുടെ പ്രശ്നം ലോകത്തെ വ്യാഖ്യാനിക്കലാണ്, പ്രശ്നം ലോകത്തെ മാറ്റലാണ്. രണ്ടുപേർക്കിടയിലുള്ള വിഭജനത്തെ ഇല്ലാതാക്കാൻ അദ്വൈതം കൊണ്ട് എങ്ങനെ പറ്റും എന്നതാണ് ഗുരു അന്വേഷിച്ചത്. 20ാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിനകത്ത് വികസിച്ചുവന്ന ദൈവശാസ്ത്രംവിമോചന ദൈവശാസ്ത്രം സ്നേഹം എന്ന ഒരു ക്രൈസ്തവ തത്വത്തെ അസാധ്യമാക്കുന്ന ഒന്നായി സാമ്രാജ്യത്വത്തേയും മുതലാളിത്തത്തേയും മൂലധനധനാധിപത്യത്തേയും കണ്ടു. അതുകൊണ്ട് ഇവക്കെതിരായ സമരമാണ് ക്രൈസ്തവമായ ദൈവദർശനം എന്ന നിലയിലേക്ക് അതിനെ വികസിപ്പിക്കുകയാണ് അവർ ചെയ്യുന്നത്. ആ പാരമ്പര്യത്തിലുള്ളയാളാണ് ഇപ്പോഴത്തെ ഫ്രാൻസിസ് മാർപാപ്പ. സ്ഥാനമേറ്റസമയത്ത് എഴുതിയ ലേഖനത്തിൽ അദ്ദേഹം പറയുന്നത് "കയറിക്കിടക്കാൻ വീടില്ലാത്തതു കൊണ്ട് തെരുവോരത്ത് കിടന്ന് ഒരു മനുഷ്യൻ തണുത്ത് മരവിച്ച് മരിക്കുന്നത് വാർത്തയല്ലാതാവുകയും, ഓഹരി കമ്പോളത്തിൽ 100 പോയിന്റ് കൂടുകയോ കുറയുകയോ ചെയ്യുന്നത് വാർത്തയാവുകയും ചെയ്യുന്നതിനേക്കാൾ വലിയ ഹിംസ മറ്റെന്താണ്?" അദ്ദേഹം പറയുന്നത് "കൊല്ലരുത് എന്ന് മനുഷ്യരോട് മാത്രം പറഞ്ഞാൽ പോരാ, വ്യവസ്ഥയോടും പറയണം" എന്നാണ്. മതത്തിനുള്ളിൽ നിന്നു കൊണ്ടുതന്നെ മതത്തെ ഒരു പുരോഗമനപരമായ ഒരു സാമൂഹ്യബോധത്തിലേക്കുള്ള വഴിയാക്കാൻ കഴിയുന്നതിന്റെ ഒരു മാതൃകയാണത്. ഗുരുവും ഗാന്ധിജിയും കണ്ടത് ആചാരങ്ങളേയോ അനുഷ്ഠാനങ്ങളേയോ ഒന്നുമല്ല, കാതലായ ധാർമ്മിക മൂല്യങ്ങളെയാണ്.





**മതത്തെ രാഷ്ട്രീയസംഘാടനത്തിനും അധികാര സ്ഥാപനത്തിനുമുള്ള ഒരു ഉപകരണമാക്കി മാറ്റുന്ന ഏർപ്പാടാണ് അടിസ്ഥാനപരമായി വർഗ്ഗീയത. പ്രൊഫ. ബിപൻചന്ദ്ര വർഗ്ഗീയതക്കുറിച്ച് പറയുന്നത് ”ഒരു മതത്തിലുൾപ്പെട്ടിരിക്കുന്നു എന്നതുകൊണ്ട് അതിലുൾപ്പെട്ടവർക്കെല്ലാം ഒരേ തരത്തിലുള്ള സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും സാംസ്ക്കാരികവുമായ താൽപ്പര്യങ്ങളാണ് ഉള്ളത് എന്ന് വാദിക്കുന്നതാണ് വർഗ്ഗീയത’. നിങ്ങൾക്കിടയിൽ എന്തെല്ലാം സാമ്പത്തിക വ്യത്യാസങ്ങളുണ്ടാകട്ടെ, രാഷ്ട്രീയ വ്യത്യാസങ്ങളുണ്ടാകട്ടെ, എന്തു തരത്തിലുമുള്ള മറ്റ് സാമൂഹ്യ വ്യത്യാസങ്ങളുമുണ്ടാകട്ടെ മതമാണ് നിങ്ങളുടെ അടിസ്ഥാനം എന്നു കരുതുക. നിങ്ങളുടെ സ്വത്വം മതമാണ്. ഇതാണ് വർഗ്ഗീയതയുടെ അടിസ്ഥാനയുക്തി.**

മതത്തിന് ഇങ്ങനെ വിവിധ ജീവിതരീതികളുണ്ട്. ഓരോന്നിലും ഓരോ തരത്തിലുമുള്ള മതജീവിതവും നടക്കുന്നു. പുരോഹിതന്മാർ ഒരു നിലക്ക്, വിശ്വാസികൾ ഒരു നിലയ്ക്ക്, സാധാരണ മനുഷ്യൻ വേറൊരു നിലക്ക് എന്നിങ്ങനെ. വർഗ്ഗീയതക്ക് ഇതിലേതെങ്കിലും ഒരു തലത്തോട് പ്രത്യേകിച്ച് ബന്ധമൊന്നുമില്ല. ഇന്ത്യൻ വർഗ്ഗീയതയുടെ വലിയ സൈദ്ധാന്തികൻ സവർക്കറാണ്. 1923 ൽ അദ്ദേഹം ”ഹിന്ദുത്വ” എന്ന ഗ്രന്ഥം എഴുതി. സവർക്കർ നിരീശ്വരവാദിയായിരുന്നു. യുക്തിവാദത്തിൽ വിശ്വസിച്ച്, ദൈവം എന്നതിൽ ഒരർത്ഥവുമില്ല എന്ന് കരുതുന്ന ഒരു നിലപാടിൽ നിന്നുകൊണ്ടുതന്നെ, സവർക്കർക്ക് ഹിന്ദുത്വത്തിന്റെ രാഷ്ട്രീയരൂപം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. 1940കളിലാണ് മുസ്ലീലീംഗ് വിഭജനവാദമുന്നയിക്കുന്നത്. അതിന് 17 കൊല്ലം മുമ്പുതന്നെ സവർക്കർ ’ ഇന്ത്യയിലെ ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ട് മത വിഭാഗങ്ങളല്ല, രണ്ട് രാഷ്ട്രങ്ങളാണ്’ എന്ന് പറഞ്ഞു കഴിഞ്ഞിരുന്നു. സവർക്കറാണ് വിഭജനത്തിന്റെ ആദ്യ അവതാരകൻ എന്ന് ആരും പറയാറില്ല. സവർക്കർ എന്നാണ് രാഷ്ട്രപിതാവായി പ്രഖ്യാപിക്കപ്പെടുന്നത് എന്ന് പറയാൻ പറ്റാത്തവിധമാണ് കാര്യങ്ങളുടെ പോക്ക്. ഗാന്ധിവധക്കേസിൽ 9 പ്രതികളിൽ 7ാമത്തെ പ്രതിയാണ് സവർക്കർ. ധാരാളം തെളിവുണ്ടായിരുന്നു. അന്നത്തെ ബോംബേ പോലീസും ഡൽഹി പോലീസും തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മയിലാണ് സവർക്കർ ശിക്ഷിക്കപ്പെടാതെ പോയത്. 1948 മാർച്ച് 3ന് സവർക്കർക്കെതിരായ തെളിവുകൾ മൊഴികളായി കിട്ടിയിരുന്നു. അത് വിചാരണക്കോടതിയിൽ വന്നില്ല. ആ മൊഴികൾ വിചാരണക്കോടതിയിൽ വന്നിരുന്നെങ്കിൽ സവർക്കർ ശിക്ഷിക്കപ്പെടുമായിരുന്നു. ഗാന്ധി വധത്തിന് മുൻപ് ജനുവരി 14, 17 നും പിന്നീട് ജനുവരി 24 നും ഗോഡ്സേയും ആപ്തേയും സവർക്കറെ പോയി കാണുന്നതും ആലോചന നടത്തുന്നതും സവർക്കർ അവരെ ആശിർവദിച്ചനുഗ്രഹിക്കുന്നതുമൊക്കെ മൊഴികളായി ബോംബെ പോലീസിന്റെ കൈയ്യിലുമുണ്ടായിരുന്നു. ആ മൊഴികൾ ഡൽഹിയിലെ വിചാരണകോടതിയിൽ എത്തിയില്ല. തെളിവില്ലാ എന്നതിനാലാണ് അദ്ദേഹം വിട്ടയക്കപ്പെട്ടത്.

മതത്തെ രാഷ്ട്രീയസംഘാടനത്തിനും അധികാര സ്ഥാപനത്തിനുമുള്ള ഒരു ഉപകരണമാക്കി മാറ്റുന്ന ഏർപ്പടാണ് അടിസ്ഥാനപരമായി വർഗ്ഗീയത. പ്രൊഫ. ബിപൻചന്ദ്ര വർഗ്ഗീയതക്കുറിച്ച് പറയുന്നത് ”ഒരു മതത്തിലുൾപ്പെട്ടിരിക്കുന്നു എന്നതുകൊണ്ട് അതിലുൾപ്പെട്ടവർക്കെല്ലാം ഒരേ തരത്തിലുള്ള സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും സാംസ്ക്കാരികവുമായ താൽപ്പര്യങ്ങളാണ് ഉള്ളത് എന്ന് വാദിക്കുന്നതാണ് വർഗ്ഗീയത’. നിങ്ങൾക്കിടയിൽ എന്തെല്ലാം സാമ്പത്തിക വ്യത്യാസങ്ങളുണ്ടാകട്ടെ, രാഷ്ട്രീയ വ്യത്യാസങ്ങളുണ്ടാകട്ടെ, എന്തു തരത്തിലുമുള്ള മറ്റ് സാമൂഹ്യ വ്യത്യാസങ്ങളുമുണ്ടാകട്ടെ മതമാണ് നിങ്ങളുടെ അടിസ്ഥാനം എന്നു കരുതുക. നിങ്ങളുടെ സ്വത്വം മതമാണ്. ഇതാണ് വർഗ്ഗീയ

തയുടെ അടിസ്ഥാനയുക്തി. സഹസ്രാബ്ദങ്ങൾ നീണ്ടുനിന്ന ജാതിവിഭജനത്തിന് മുകളിൽ മതസ്വത്വത്തെ സ്ഥാപിച്ചെടുക്കുന്നതിൽ അവർ വിജയം നേടി. ഒരു ഭാഗത്ത് ആദിവാസികൾ മറുഭാഗത്ത് ബ്രാഹ്മണർ ഇടനില ജാതികൾ ഇവരെയെല്ലാം കൂട്ടിയിണക്കി ഒരു ഹിന്ദു ഐഡന്റിറ്റി ഉണ്ടാക്കാനും അതിനുള്ളിലൂടെ മുസ്ലീം വിദ്വേഷം പെരുപ്പിച്ചെടുക്കാനും, മുസ്ലീം വിരുദ്ധതയിലൂടെ മറുഭാഗത്ത് 'നമ്മൾ', എന്ന ഒരു ബോധത്തെ അകമേ ശക്തിപ്പെടുത്താനും ഏറിയും കുറഞ്ഞും ഹിന്ദുത്വത്തിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യ ഹിന്ദുമതത്തിന്റെ നാടാണ് എന്നു പറഞ്ഞാൽ പൊതുവിൽ ഒരു സമ്മതംവരും. എന്നാൽ ഇസ്ലാംമതവും ക്രിസ്തുമതവും യഹൂദമതവും ബുദ്ധമതവും കൂടി ഉൾപ്പെട്ട ഒന്നാണ് ഇന്ത്യ എന്നതിന് ഔപചാരികമായി സമ്മതം കൊടുക്കുമെങ്കിലും ആന്തരികമായി അതത്ര ഉറച്ചിട്ടില്ല. ഇന്ത്യ ഉപനിഷത്തുകളുടെ നാടാണ് എന്നുപറയും. അത്രതന്നെ ഉറപ്പോടെ പറയാവുന്നതാണ് ബുദ്ധന്റെ നാടാണ് എന്ന്. പക്ഷേ ബുദ്ധന്റെ നാടാണ് എന്നത് അത്രതന്നെ മനസിലാക്കുന്നില്ല. വേദങ്ങളും ഉപനിഷത്തുകളും ഇന്ത്യൻ ജീവിതത്തിൽ പ്രവർത്തിച്ചതിന്റെ പലമടങ്ങ് ശക്തിയിൽ ബുദ്ധമതം ഇന്ത്യൻ ജീവിതത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. പള്ളിക്കൂടം എന്ന വാക്ക് ബുദ്ധമതത്തിൽനിന്ന് വന്നിട്ടുള്ളതാണ്. പള്ളി എന്നത് ഹൈന്ദവേതര ദേവാലയങ്ങളെ സൂചിപ്പിക്കുന്ന ബൗദ്ധപാരമ്പര്യത്തിലുള്ള വാക്കാണ്. അന്ന് ബുദ്ധമത ദേവാലയങ്ങളാണ് പ്രധാനമായുണ്ടായിരുന്നത്. അതാണ് പള്ളി എന്നറിയപ്പെട്ടത്. ബൗദ്ധദേവാലയങ്ങളോട് ചേർന്നുണ്ടായിരുന്ന വിദ്യാകേന്ദ്രങ്ങളായിരുന്നു പള്ളിക്കൂടങ്ങൾ. അങ്ങനെ ഏറ്റവും ജീവിതത്തിൽ വരെ വ്യാപിച്ച ഈ ബൗദ്ധമായ ഒരു പാരമ്പര്യത്തെ മുൻനിർത്തി ഇന്ത്യ ബുദ്ധന്റെ നാടാണ് എന്ന് നമ്മൾ പൊതുവേ പറയില്ല. ഇതൊരു വലിയ വൈരുദ്ധ്യമാണ്.

ഇന്ത്യയുടെ ഭൂതകാലത്തെ ഉപയോഗപ്പെടുത്തി ഒരു രാഷ്ട്രസങ്കൽപ്പം ഉണ്ടാക്കുക, ആ രാഷ്ട്രസങ്കൽപ്പത്തെ മുൻനിർത്തി ആധുനികമായ രാഷ്ട്രീയസംഘാടനത്തിന്റെ ഉപാധിയായി മതത്തെ ഉപയോഗിക്കുക. അതിൽ നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നോ ഇല്ലയോ എന്നത് ഒരു പ്രശ്നമല്ല. കാരണം ദൈവമല്ല വർഗ്ഗീയതയുടെ അടിസ്ഥാന പ്രശ്നം, രാഷ്ട്രീയാധികാരമാണ്. ആ രാഷ്ട്രീയാധികാരത്തിനുള്ള സംഘാടന യുക്തിയാണ് മതം. ഒരു സമൂഹത്തിൽ സാമ്പത്തിക തട്ടുകളുണ്ടാവും, സാംസ്കാരികമായ വ്യത്യാസങ്ങളുണ്ടാകും; ഭാഷാപരവും പ്രദേശപരവുമായ വ്യത്യാസങ്ങളുണ്ടാകും. ഇത്തരം വ്യത്യാസങ്ങളൊക്കെ സമൂഹത്തെ പല തട്ടിലാക്കും. പക്ഷേ വർഗ്ഗീയതെ സംബന്ധിച്ച് അതൊക്കെ അപ്രസക്തമാണ്, നിങ്ങൾ ഒരു മതത്തിൽ ഉൾപ്പെട്ടിരിക്കുന്നുവെങ്കിൽ നിങ്ങളുടെ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക വ്യത്യാസങ്ങൾക്കെല്ലാം മുകളിൽ ആ മതം നിങ്ങളെ ഒന്നാക്കി മാറ്റുന്നുണ്ട് എന്ന് ഒരു ജനതയോ ഒരു വ്യക്തിയോ കരുതാൻ തുടങ്ങുന്നതിലാണ് വർഗ്ഗീയതയുടെ വേര്. പലതരം സാമൂഹിക സ്വത്വങ്ങളാണ് മനുഷ്യരിലുള്ളത്. ജോലിയോടു ബന്ധപ്പെട്ട, ഭാഷയോട് ബന്ധപ്പെട്ട, പ്രദേശത്തോടു ബന്ധപ്പെട്ട അങ്ങനെ പലതരം സ്വത്വം ഉണ്ടാകും. മലബാറുകാരാണ്, മലയാളിയാണ്, തൊഴിലാളിയാണ് എന്നിങ്ങനെ പല പ്രകാരത്തിലാണ് നമ്മളൊക്കെ ജീവിക്കുക. പക്ഷേ ഇതിനെയെല്ലാം വിഴുങ്ങുന്ന ഒരു സ്വത്വമായി മതം വരും. ഈ വ്യത്യാസങ്ങളൊന്നും പ്രധാനമല്ല മറിച്ച്, മതമാണ് അടിസ്ഥാന സ്വത്വം എന്നുള്ള റിലീജിയസ് ഐഡന്റിറ്റി. ഇങ്ങനെ ഒരു വ്യക്തിയുടെ സ്വത്വത്തെ മതംകൊണ്ട് ഉറപ്പിച്ചെടുക്കുകയും മതസ്വത്വം മറ്റെല്ലാറ്റിനേയും വിഴുങ്ങുന്ന നിലയിലേക്ക് സാമൂഹ്യസംഘാടനം മാറുകയും ചെയ്യുന്നതാണ് വർഗ്ഗീയതയുടെ അടിസ്ഥാനം. സൂക്ഷിച്ചു നോക്കിയാൽ സാമൂഹ്യശരീരത്തിൽ ഇത് പടരുന്ന രീതി കാണാൻ കഴിയും. അതുകൊണ്ടാണ്

> **ഒരു വ്യക്തിയുടെ സ്വത്വത്തെ മതംകൊണ്ട് ഉറപ്പിച്ചെടുക്കുകയും മതസ്വത്വം മറ്റെല്ലാറ്റിനേയും വിഴുങ്ങുന്ന നിലയിലേക്ക് സാമൂഹ്യസംഘാടനം മാറുകയും ചെയ്യുന്നതാണ് വർഗ്ഗീയതയുടെ അടിസ്ഥാനം. സൂക്ഷിച്ചു നോക്കിയാൽ സാമൂഹ്യശരീരത്തിൽ ഇത് പടരുന്ന രീതി കാണാൻ കഴിയും. അതുകൊണ്ടാണ് ഹിന്ദുത്വം രാഷ്ട്രീയമായി തോൽക്കുമ്പോഴും ഇല്ലാതാവാത്തത്. രാഷ്ട്രീയമായി തോറ്റാൽ മിക്കവാറും പ്രസ്ഥാനങ്ങളും ഇല്ലാതാകും. എന്നാൽ വർഗ്ഗീയത രാഷ്ട്രീയമായി തോറ്റാലും ഇല്ലാതാകുന്നില്ല. കാരണം അതിന്റെ വേര് രാഷ്ട്രീയ സംഘടനയിൽ മാത്രമല്ല. വർഗ്ഗീയതയുടെ വേര് ചരിത്രത്തിലും സാമൂഹികബന്ധങ്ങളെക്കുറിച്ചുള്ള മനുഷ്യരുടെ ധാരണയിലുമാണ്.**



**വർഗ്ഗീയതയക്കെതിരായ സമരത്തിൽ ഇന്ത്യയുടെ ഭൂതകാലത്തെക്കുറിച്ചുള്ള ധാരണ വളരെ പ്രധാനമാണ്. ആ ധാരണ ആർജ്ജിച്ചാൽ മാത്രമേ ഹിന്ദുത്വത്തിനെതിരായ സമരത്തെ അതിന്റെ പ്രത്യയ ശാസ്ത്രതലത്തിൽ എത്തിക്കാൻ കഴിയൂ. അല്ലെങ്കിൽ ഹിന്ദുത്വത്തിനെതിരായ സമരം അതിന്റെ ബാഹ്യാവിഷ്ക്കാരം എന്നുപറയാവുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളോടോ വിശ്വഹിന്ദു പരിഷത് പോലുള്ള സംഘടനകളോടോ ഉള്ള യുദ്ധം മാത്രമായി അവസാനിക്കും. കൂടുതൽ ആഴത്തിൽ ഇതിന്റെ വേരുകളിൽ ചെന്ന് തൊടുന്നതിന് ഹിന്ദുത്വത്തിന്റെ ഐഡിയോളജിയെ മനസ്സിലാക്കിക്കൊണ്ടേ പറ്റൂ. ഈ ഐഡിയോളജിയാണ് ഹിന്ദുത്വത്തിന്റെ ചരിത്രധാരണ എന്ന് പറയുന്നത്. ഹിന്ദുത്വത്തിന്റെ പ്രത്യയ ശാസ്ത്രത്തോടോ വേരിനോടോ അധികം ഏറ്റുമുട്ടുന്നില്ല എന്നതാണ് നമ്മുടെ വർഗ്ഗീയ വിരുദ്ധ പ്രക്ഷോഭങ്ങളുടെ ഒരു പരിമിതി.**

ഹിന്ദുത്വം രാഷ്ട്രീയമായി തോൽക്കുമ്പോഴും ഇല്ലാതാവാത്തത്. രാഷ്ട്രീയമായി തോറ്റാൽ മിക്കവാറും പ്രസ്ഥാനങ്ങളും ഇല്ലാതാകും. എന്നാൽ വർഗ്ഗീയത രാഷ്ട്രീയമായി തോറ്റാലും ഇല്ലാതാകുന്നില്ല. കാരണം അതിന്റെ വേര് രാഷ്ട്രീയസംഘടനയിൽ മാത്രമല്ല. വർഗ്ഗീയതയുടെ വേര് ചരിത്രത്തിലും സാമൂഹികബന്ധങ്ങളെക്കുറിച്ചുള്ള മനുഷ്യരുടെ ധാരണയിലുമാണ്.

### എന്താണ് ഹിന്ദുത്വത്തിന്റെ ഐഡിയോളജി?

"ഹിന്ദുത്വമെന്നത് ഒരു വാക്കല്ല, അതൊരു പൂർണ്ണ ചരിത്രമാണ്" എന്ന് സവർക്കർ തന്നെ പറയുന്നുണ്ട്. "ഇന്ത്യാചരിത്രം മാറ്റിവെച്ചാൽ ഹിന്ദുത്വത്തിന് പ്രത്യയശാസ്ത്രമില്ല" എന്ന് പ്രൊഫ. ബിപൻചന്ദ്രയും പറയുന്നുണ്ട്. ഇന്ത്യാചരിത്രമാണ് ഹിന്ദുത്വത്തിന്റെ പ്രത്യയശാസ്ത്രബലം. അതിന്റെ മുകളിലാണ് ഹിന്ദുത്വം കെട്ടിപ്പൊക്കിയിരിക്കുന്നത്. ഇന്ത്യയുടെ ഭൂതകാലത്തെക്കുറിച്ചുള്ള ചില സവിശേഷധാരണകളിലാണ് ഹിന്ദുത്വം അതിന്റെ വേരുകൾ ആഴ്ത്തി നിൽക്കുന്നത്. ആ ധാരണകളിൽ തൊടാതെ ഹിന്ദുത്വത്തോട് രാഷ്ട്രീയമായി മാത്രം ഏറ്റുമുട്ടാനാകില്ല. ഹിന്ദുത്വത്തിന്റെ വേരുകൾ ഹിന്ദുരാഷ്ട്രീയത്തിൽ മാത്രമല്ല പടർന്നിരിക്കുന്നത്. ബിജെ.പി.ക്കാർ മാത്രമല്ല ഹിന്ദുത്വത്തിന്റെ പ്രത്യയശാസ്ത്രം പങ്കുവെക്കുന്നത്. ദേശീയതയുടെ ചരിത്രം മുതൽ ഈ പ്രശ്നമുണ്ട്. ഗാന്ധിയുടെ ഘട്ടത്തിൽ, അദ്ദേഹം അകത്തുനിന്നുതന്നെ കുറെയൊക്കെ ഇതിനോട് ഇടയാൻ ശ്രമിച്ചിരുന്നു. ഹിന്ദുത്വവുമായി അതിനുള്ളിൽ കയറി യുദ്ധം ചെയ്യുകയാണ് ഗാന്ധി ചെയ്തത്. അതുകൊണ്ടാണ് അദ്ദേഹത്തെ നേരിട്ട് വെടിവെച്ച് കൊന്നത്. വിചാരണക്കോടതിയിൽ ഗോഡ്സേ പറയുന്നത് "ഗാന്ധിയെ കൊന്നതിന്റെ ഒന്നാമത്തെ കാരണം അഹിംസയെ കുത്തിക്കടത്തി ഹിന്ദുമതത്തെ ദുർബ്ബലമാക്കി" എന്നാണ്. ഹിന്ദുമതത്തിന് അഹിംസയുമായി സവിശേഷമായി ഒരു ബന്ധവുമില്ല. കൂട്ടക്കൊലകളും പടയോട്ടങ്ങളും ജാതിസംഘർഷങ്ങളും നിറഞ്ഞതാണ് ഹിന്ദുമതത്തിന്റെ ചരിത്രം. ഗാന്ധിയാണ് ഇതിനകത്തേക്ക് അഹിംസ കൊണ്ടുവരികയും അഹിംസയുടെ ഒരു പാരമ്പര്യമാണ് മതത്തിന്റേത് എന്നു വരുത്തുകയും അക്രമോൽസുകമായ ഒരു മതരാഷ്ട്രം എന്ന സങ്കൽപ്പത്തെ, മതത്തിനുള്ളിൽ നിന്നുകൊണ്ട് തന്നെ വെല്ലുവിളിക്കുകയും ചെയ്തത്.

വർഗ്ഗീയതയക്കെതിരായ സമരത്തിൽ ഇന്ത്യയുടെ ഭൂതകാലത്തെക്കുറിച്ചുള്ള ധാരണ വളരെ പ്രധാനമാണ്. ആ ധാരണ ആർജ്ജിച്ചാൽ മാത്രമേ ഹിന്ദുത്വത്തിനെതിരായ സമരത്തെ അതിന്റെ പ്രത്യയ ശാസ്ത്രതലത്തിൽ എത്തിക്കാൻ കഴിയൂ. അല്ലെങ്കിൽ ഹിന്ദുത്വത്തിനെതിരായ സമരം അതിന്റെ ബാഹ്യാവിഷ്ക്കാരം എന്നുപറയാവുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളോടോ വിശ്വഹിന്ദു പരിഷത് പോലുള്ള

സംഘടനകളോടോ ഉള്ള യുദ്ധം മാത്രമായി അവസാനിക്കും. ഈ യുദ്ധം നിശ്ചയമായും വേണം, പക്ഷേ കൂടുതൽ ആഴത്തിൽ ഇതിന്റെ വേരുകളിൽ ചെന്ന് തൊടുന്നതിന് ഹിന്ദുത്വത്തിന്റെ ഐഡിയോളജിയെ മനസ്സിലാക്കിക്കൊണ്ടേ പറ്റൂ. ഈ ഐഡിയോളജിയാണ് ഹിന്ദുത്വത്തിന്റെ ചരിത്രധാരണ എന്ന് പറയുന്നത്. ഹിന്ദുത്വത്തിന്റെ പ്രത്യയശാസ്ത്രത്തോടോ വേരിനോടോ അധികം ഏറ്റുമുട്ടുന്നില്ല എന്നതാണ് നമ്മുടെ വർഗ്ഗീയ വിരുദ്ധ പ്രക്ഷോഭങ്ങളുടെ ഒരു പരിമിതി

ഹിന്ദുത്വത്തിന്റെ ചരിത്രധാരണ വിശാല അർത്ഥത്തിൽ സാമ്രാജ്യത്വവുമായി ബന്ധപ്പെട്ടതാണ്. ഹിന്ദുത്വത്തിന്റെ ചരിത്രത്തിനുള്ള പ്രത്യേകത അതിന്റെ സാമ്പത്തികവും രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ യുക്തി സാമ്രാജ്യത്വവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. മൂലധന താൽപ്പര്യങ്ങളോട് ഭരണകൂടം എങ്ങനെ ചേർന്നു നിൽക്കുന്നു എന്നത് നമുക്കിപ്പോൾ പ്രത്യക്ഷമാണ്. ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് ബ്രിട്ടീഷുകാരുടെ സഹായികളായി പലതരം ഹൈന്ദവ വർഗ്ഗീയവാദികളും ഹിന്ദുമഹാസഭയുമൊക്കെ സ്വാതന്ത്ര്യസമരത്തിനെതിരെ നിന്നു. യുവാക്കളോട് ഗോൾവാൾക്കർ പറയുന്നത് "നിങ്ങൾ ബ്രിട്ടനെതതിരെ യുദ്ധം ചെയ്ത് ഊർജ്ജം പാഴാക്കരുത്, ആഭ്യന്തര ശത്രുക്കളിൽ നിന്നുള്ള മോചനമാണ് സ്വാതന്ത്ര്യം" എന്നാണ്. മുസ്ലീങ്ങളും ക്രിസ്ത്യാനികളും കമ്മ്യൂണിസ്റ്റുകാരുമാണ് ഗോൾവാൾക്കർ പറഞ്ഞ ആഭ്യന്തരശത്രുക്കൾ!

സ്വാതന്ത്ര്യസമരകാലത്തും അതിനുശേഷവും സാമ്രാജ്യത്വ യുക്തിയെ നിരന്തരം പിൻപറ്റിയവരാണ് ഹിന്ദുത്വം. വാസ്തവത്തിൽ ഹിന്ദുത്വമാണ് ഇന്ത്യയിലെ ഏറ്റവും വലിയ ദേശീയതാവിരുദ്ധ പ്രസ്ഥാനം. എല്ലാ ഘട്ടത്തിലും ദേശീയതയുടെ വിശാല താൽപ്പര്യങ്ങൾക്ക് എതിര് നിന്ന പ്രസ്ഥാനമാണ് ഹിന്ദുത്വം.

19ാം നൂറ്റാണ്ടോടെയാണ് ഇന്ത്യയിൽ ആധുനിക ചരിത്രം എഴുതാൻ ശ്രമമാരംഭിക്കുന്നത്. അതുവരെ പഴയ ചില ചരിത്രങ്ങളും ഐതിഹ്യങ്ങളുമൊക്കെ ഉണ്ടെങ്കിലും ആധുനികമായ ചരിത്രം എഴുതാൻ ബ്രിട്ടീഷ് ഭരണത്തോടെയാണ് ശ്രമം നടക്കുന്നത്. അതിൽ ആദ്യത്തെ പുസ്തകം വരുന്നത് 1817 ൽ ജയിംസ്മിൽ എഴുതിയ 'ഹിസ്റ്ററി ഓഫ് ബ്രിട്ടീഷ് ഇന്ത്യ'യാണ്. അതുണ്ടാക്കിയ യുക്തിയിൽ നിന്ന് ഇന്ത്യയുടെ പൊതുബോധം ഇന്നും പുറത്തു കടന്നിട്ടില്ല. നിരവധി അടിസ്ഥാന കാര്യങ്ങളാണ് ആ പുസ്തകം മുന്നോട്ട് വെച്ചത്. ഒന്നാമതായി അത് ഇന്ത്യയുടെ ഭൂതകാലത്തെ മതപരമായി വിഭജിച്ചു.

(i) ക്രിസ്തുവർഷം 12ാം നൂറ്റാണ്ടുവരെയുള്ള 'ഹിന്ദു കാലഘട്ടം' (Hindu Period)
(ii) 12 മുതൽ 17 വരെ നൂറ്റാണ്ടുകൾ 'മുസ്ലീം കാലഘട്ടം' (Muslim Period)
(iii) 18, 19 നൂറ്റാണ്ടുകൾ 'ബ്രിട്ടീഷ് കാലഘട്ടം' (British Period)

ഇങ്ങനെ മൂന്ന് കാലഘട്ടങ്ങളായി തിരിച്ചു. ആദ്യത്തെ രണ്ട് ഘട്ടങ്ങളേയും മതംകൊണ്ടു വിശേഷിപ്പിക്കുകയും, മൂന്നാം ഘട്ടത്തെ ബ്രിട്ടീഷ് പീര്യേഡ് എന്നാക്കുകയും ചെയ്തു. ബ്രിട്ടന്റെ വരവുവരെയുള്ള ഇന്ത്യയുടെ ഭൂതകാലം മതപരമായിരുന്നു എന്നാണ് ഇതിന്റെ സൂചന. അതുവഴി, ഇന്ത്യയുടെ ഭൂതകാലത്തെ മതവൽക്കരിക്കുകയാണ് ചെയ്തത്. 12ാം നൂറ്റാണ്ടുവരെയുള്ള ഇന്ത്യയെ ഹിന്ദു പീര്യേഡ് എന്നാണ് വിശേഷിപ്പിച്ചത്. ഇന്നും ആ ധാരണക്ക് ഇളക്കമൊന്നും വന്നിട്ടില്ല. യഥാർത്ഥത്തിൽ ഹിന്ദു എന്ന വാക്ക് മതപരമായ അർത്ഥത്തിൽ ഉപയോഗിക്കുന്നതും ഉറയ്ക്കുന്നതും 19ാം നൂറ്റാണ്ടിലാണ്. അതിനുമുൻപ് ആ വാക്കുണ്ടെങ്കിലും മതം എന്ന അർത്ഥത്തിലായിരുന്നില്ല. സിന്ധുനദിയുടെ തീരപ്രദേശം എന്ന അർത്ഥത്തിലാണ് ഇൻഡസ് എന്ന വാക്ക് ആദ്യം വരുന്നത്. ഗ്രീക്ക് ഭാഷയിൽ ഇൻഡസ് എന്ന വാക്കായി തീരുന്നത് അതാണ്. ഇൻഡസ് എന്ന



"ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് ബ്രിട്ടീഷുകാരുടെ സഹായികളായി പലതരം ഹൈന്ദവ വർഗ്ഗീയവാദികളും ഹിന്ദുമഹാസഭയുമൊക്കെ സ്വാതന്ത്ര്യസമരത്തിനെതിരെ നിന്നു. യുവാക്കളോട് ഗോൾവാൾക്കർ പറയുന്നത് "നിങ്ങൾ ബ്രിട്ടനെതതിരെ യുദ്ധം ചെയ്ത് ഊർജ്ജം പാഴാക്കരുത്, ആഭ്യന്തര ശത്രുക്കളിൽ നിന്നുള്ള മോചനമാണ് സ്വാതന്ത്ര്യം" എന്നാണ്. മുസ്ലീങ്ങളും ക്രിസ്ത്യാനികളും കമ്മ്യൂണിസ്റ്റുകാരുമാണ് ഗോൾവാൾക്കർ പറഞ്ഞ ആഭ്യന്തര ശത്രുക്കൾ !"

വാക്കിൽ നിന്നാണ് ഇന്ത്യ എന്ന വാക്കുണ്ടായത്.

ഭരണഘടനാ അസംബ്ലിയിൽ 'ഇന്ത്യ' വേണോ, 'ഭാരതം' വേണോ എന്ന തർക്കത്തിനൊടുവിൽ അംബേദ്കർ പറഞ്ഞത് India that is Bharath (ഇന്ത്യ അഥവാ ഭാരതം) എന്നാണ്. ഇന്ത്യ എന്ന വാക്ക് എന്തുകൊണ്ട് തെരഞ്ഞെടുത്തു എന്നത് പ്രധാനമാണ്. സിന്ധുനദിയെ ഗ്രീക്കുകാർ ഇൻഡസ് ആക്കുകയും പേർഷ്യൻ ഭാഷയിൽ അത് ഹിന്ദുവായി തീരുകയും ഇൻഡസ് എന്ന നിലയിൽ ലത്തീൻ ഭാഷയിലേക്ക് പോവുകയും ചെയ്തു. ആദ്യമത് സിന്ധു നദിയെ സൂചിപ്പിക്കുന്ന വാക്കായി പിന്നെ നദീതീരത്തെ സൂചിപ്പിക്കുന്ന വാക്കായി മാറി. ഏതാണ്ട് ബി.സി അവസാന നൂറ്റാണ്ടുകുമ്പോഴാണ് ദക്ഷിണേന്ത്യയടക്കമുള്ള ഭൂപ്രദേശങ്ങളെ സൂചിപ്പിക്കുന്ന വാക്കായി ഇൻഡസ് എന്ന വാക്ക് മാറിയത്. അതുകൊണ്ട് ഇന്ത്യ എന്ന വാക്കിൽ ഇന്ത്യയുടെ ബഹുസംസ്കാര പാരമ്പര്യമുണ്ട്. പല സംസ്കാരങ്ങൾ, പല മതങ്ങൾ, പല ഭാഷകൾ, പല പാരമ്പര്യങ്ങൾ കൂടി കലർന്നുണ്ടായ ഒരു വാക്ക് എന്ന നിലയിലാണ് ഇന്ത്യ എന്ന വാക്ക് നിൽക്കുന്നത്. എന്നാൽ ഭാരതം എന്ന വാക്കിന് ഭരതന്റെ വംശം എന്ന അർത്ഥത്തിൽ ഒരു മതാത്മക ഉള്ളടക്കമുണ്ട് . അതുകൊണ്ടാണ് ഇന്ത്യ എന്ന വാക്കെടുക്കുകയും ഭാരതം എന്ന വാക്ക് അതിന്റെ പര്യായം പോലെ ഉപയോഗിക്കാം, India that is Bharath എന്ന നിലയിലേക്ക് വന്നത്.

ഹിന്ദു എന്ന വാക്ക് 19ാം നൂറ്റാണ്ടിന് മുൻപ് മതപരമായ സങ്കൽപ്പത്തിലല്ല ഉപയോഗിച്ചിരുന്നത്. ബ്രിട്ടീഷുകാരുടെ സെൻസസ് റിപ്പോർട്ട് വന്ന സമയത്ത് മതം രേഖപ്പെടുത്താൻ തുടങ്ങി. ക്രിസ്ത്യൻ, മുസ്ലീം, സിക്ക് തുടങ്ങിയ മതങ്ങൾക്ക് പുറമേ അനവധി ജാതികളാണ് ഉണ്ടായിരുന്നത്. ഈ ജാതിയിൽ പെട്ടവർ ഏതേത് മതക്കാരാണ് എന്നൊരു ചോദ്യം വന്നു. ബ്രാഹ്മണർ ഹിന്ദുക്കളാണ് എന്ന് തീരുമാനിച്ചു. ബാക്കി ജാതിവിഭാഗങ്ങൾ ഹിന്ദുമതത്തിൽ പെട്ടവരാണോ അല്ലയോ എന്നൊരു തർക്കം വരുന്നുണ്ട്. ആദ്യം ബ്രിട്ടീഷ് സെൻസസ് റിപ്പോർട്ടിൽ സ്വീകരിച്ച നിലപാട്, ബ്രാഹ്മണജാതികളിൽ പെട്ടവരോട് സഹവർത്തിത്തമുള്ളവരെ ഹിന്ദുക്കളായി പരിഗണിക്കാം എന്നാണ്. ഇതിൽ തർക്കം വന്നപ്പോൾ, മറ്റ് മതത്തിൽ പെടാത്തവർ ആരൊക്കെയുണ്ടോ അവരൊക്കെ ഹിന്ദുക്കളാണ് എന്ന് തീരുമാനിച്ചു. അങ്ങിനെയാണ് ആദിവാസികളുൾപ്പെടെ ഹിന്ദുവായത്. അല്ലാതെ ആദിവാസികളുടെ ജീവിതവും ബ്രാഹ്മണരുടെ ജീവിതവും തമ്മിൽ ഒരു ബന്ധവും അന്നും ഇന്നും ഉണ്ടായിട്ടില്ല. വളരെ ആധുനികമായി ഉണ്ടാക്കിയെടുത്ത ഒരു മതസ്വത്വമാണ് ഹിന്ദു എന്നത്. വേദങ്ങളുടെ കാലംമുതൽ വൈദികമതം (ബ്രാഹ്മണമതം) ഉണ്ട്. വേദങ്ങളെ പ്രമാണമായി കരുതുന്ന മതം. ആ മതത്തെ പിന്തള്ളിക്കൊണ്ടാണ് ബുദ്ധമതം വന്നത്. ആയിരം കൊല്ലത്തോളം ബ്രാഹ്മണമതത്തെ പൂർണ്ണമായി പിറകോട്ടടിച്ച് ഉയർന്നുനിന്നത് ബുദ്ധമതമാണ്. അതുകൊണ്ട് മതത്തെ മുൻനിർത്തി ഇന്ത്യയുടെ ഭൂതകാലത്തെ മനസിലാക്കുകയാണെങ്കിൽ വൈദിക മതത്തേക്കാൾ പ്രബലമാണ് ബുദ്ധമതം. എന്നാൽ സാമ്രാജ്യത്വവാദികൾ ബുദ്ധമതത്തേയും ജൈനമതത്തേയും മറ്റും ഒറ്റ ഗണത്തിൽപ്പെടുത്തി 12ാം നൂറ്റാണ്ടുവരെയുള്ള ഘട്ടത്തെ ഹിന്ദുകാലഘട്ടം എന്നാണ് വിശേഷിപ്പിച്ചത്. ഇത് ഇന്ന് ആർ.എസ്.എസ്.ന്റെ അടിസ്ഥാന യുക്തിയാണ്. അവർ പറയുന്നത് ബുദ്ധമതം ഹിന്ദുമതത്തിന്റെ ഭാഗമാണെന്നാണ്. ബുദ്ധമതം ദൈവം, ആത്മാവ്, പൗരോഹിത്യം തുടങ്ങിയ ഹിന്ദുമതത്തിന്റെ അടിസ്ഥാന സങ്കൽപ്പങ്ങളെ മുഴുവൻ തള്ളിക്കളയുകയാണ് ചെയ്തത്. അക്കാലത്തൊന്നും ഏകീകൃതമായ ഒരു ഹിന്ദുമതമോ അല്ലെങ്കിൽ ജനസമൂഹം മുഴുവൻ കൊണ്ടുനടന്ന ഒരു മതജീവിതമോ ഇല്ല. പക്ഷേ അങ്ങിനെയൊന്നിനെ ഇവർ ഉണ്ടാക്കി.

രണ്ടാമതായി 12 മുതൽ 17 വരെ നൂറ്റാണ്ടുകളെ 'മുസ്ലീം കാലഘട്ടം' എന്ന് വിളിച്ചു. ഇതും അസംബന്ധമായിരുന്നു. ഇന്ത്യയിൽ ഇസ്ലാമിക ഭരണം ഉണ്ടായിട്ടില്ല. മുസ്ലീങ്ങൾ ഭരിച്ചിട്ടുണ്ട്, അത് ഇസ്ലാമിക ഭരണമല്ല. അക്ബർ ഭരിച്ചിട്ടുണ്ട്. അക്ബർ മുസ്ലീമായിരുന്നു. പക്ഷേ അക്ബറുടെ ഭരണം ഇസ്ലാമികമായിരുന്നില്ല. ഔറംഗസീബിന്റെ കാലത്തെ ഇസ്ലാമിക പണ്ഡിതന്മാർപോലും ഭരണം ഇസ്ലാമികമാകാത്തതിന്റെ പേരിൽ ഔറംഗസീബിനെ വലിയതോതിൽ വിമർശിക്കുന്നുണ്ട്. അക്ബറുടെ കാലത്താണ് ഒരു മുസ്ലീം ഭരിക്കുന്ന ഏറ്റവും വലിയ സാമ്രാജ്യമുണ്ടാകുന്നത്. ആ അക്ബർ ആകട്ടെ സർവ്വമത സാഹോദര്യത്തിന്റെ വക്താവായിട്ടാണ് ജീവിച്ചത്. അദ്ദേഹം ദീൻ ഇലാഹി എന്നപേരിൽ ഒരു പുതിയ മതം തന്നെ രൂപപ്പെടുത്താൻ ശ്രമിച്ചു. മുസ്ലീങ്ങളിൽ ചിലർ ഭരണാധികാരികളായി എന്നല്ലാതെ ഇസ്ലാമിക ഭരണകാലമായി മധ്യകാലം മാറിയിട്ടില്ല. എന്നാൽ പിന്നീട് പൗരാണിക ഭാരതത്തെ ഹൈന്ദവമെന്നും മധ്യകാലത്തെ ഇസ്ലാമികമെന്നും കണക്കാക്കുന്ന യുക്തിക്ക് സാർവ്വത്രികമായ സ്വീകാര്യതവന്നു. സാമ്രാജ്യവാദികളായ ചരിത്രകാരർ ചെയ്ത മറ്റൊരു കാര്യം ഈ മതവിഭാഗങ്ങളും അതിന്റെ പ്രതിനിധികളും തമ്മിൽ തമ്മിൽ നിത്യമായ വൈരാഗ്യത്തിലും സംഘർഷത്തിലും ആയിരുന്നു എന്നും പറഞ്ഞുവെച്ചു. അങ്ങനെ സാമ്രാജ്യത്വ ചരിത്രകാരൻമാരാണ് ഇന്ത്യയുടെ പൂർവ്വകാലം മുഴുവൻ മതയുദ്ധങ്ങളുടേയും മതവൈരുദ്ധ്യങ്ങളുടേതുമാണ് എന്ന് പറഞ്ഞുറപ്പിച്ചത്. ഹൈന്ദവ വർഗ്ഗീയവാദം ഏറ്റെടുത്തതും അതാണ്.

Mazdoor-Kisan Sangharsh Rally

## മസ്ദൂർ കിസാൻ സംഘർഷ് റാലി

# ഡൽഹി ചെങ്കടലായി

അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പോരാളികൾ കോർപറേറ്റ് വർഗീയ കൂട്ടുകെട്ടിനും കൊള്ളയ്ക്കും എതിരായി ഒത്തുചേർന്നപ്പോൾ രാജ്യതലസ്ഥാനം ചെങ്കടലായി. ബദൽ നയങ്ങൾ നടപ്പാക്കാനുള്ള രാഷ്ട്രീയമാറ്റം ലക്ഷ്യമിട്ട് രാജ്യത്തെ യഥാർഥ ഉൽപാദകരായ തൊഴിലാളികളും കർഷകരും കർഷകത്തൊഴിലാളികളും ചെങ്കൊടികളേന്തിയെത്തി മഹാനഗരം കീഴടക്കി. അന്തസ്സോടെ തൊഴിലെടുത്ത് ജീവിക്കാനുള്ള അവകാശം സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് സിഐടിയു, അഖിലേന്ത്യാ കിസാൻസഭ, കർഷകത്തൊഴിലാളി യൂണിയൻ എന്നിവയുടെ നേതൃത്വത്തിൽ രാംലീല മൈതാനത്ത് സംഘടിപ്പിച്ച മസ്ദൂർ കിസാൻ സംഘർഷ് റാലി വൻജന മുന്നേറ്റമായി. ശിങ്കിടിമുതലാളിത്ത നയങ്ങൾ പിന്തുടരുന്ന മോദിസർക്കാരിന് വരുംനാളുകളിൽ അതിശക്തമായ പോരാട്ടങ്ങൾ നേരിടേണ്ടിവരുമെന്ന് റാലി മുന്നറിയിപ്പ് നൽകി.

കന്യാകുമാരി മുതൽ കശ്മീർ വരെയും ഗുജറാത്ത് മുതൽ മണിപ്പൂർ വരെയും ഉള്ള തൊഴിലാളികളും കർഷകരും അണിനിരന്ന റാലി ഇന്ത്യയുടെ വൈവിധ്യത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായി. പതിനായിരക്കണക്കിന് സ്ത്രീകൾ പങ്കാളികളായ റാലിയിൽ മോദിസർക്കാരിന്റെ ദുർഭരണത്തിനെതിരെ നിശിതമായ മുദ്രാവാക്യങ്ങൾ മുഴങ്ങി. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, ഒഡിഷ, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽനിന്ന് പരമ്പരാഗത വേഷങ്ങളിൽ തൊഴിലാളികളും കർഷകരും റാലിയിൽ പങ്കെടുത്തു. ആറ് മാസം നീണ്ട പ്രചാരണത്തിനും തയ്യാറെടുപ്പിനും ശേഷം സംഘടിപ്പിച്ച റാലി അച്ചടക്കത്തിലും ആവേശത്തിലും ശ്രദ്ധേയമായി.






# ലക്ഷങ്ങൾ പങ്കുചേർന്നു

ഒൻപതുവർഷമായി തുടരുന്ന മോദി ഭരണത്തിനെതിരെ രാജ്യത്തെ തൊഴിലാളികളിലും കർഷകരിലും രൂപംകൊണ്ട അസ്വസ്ഥതയുടെയും രോഷത്തിന്റെയും പ്രതിഫലനമായി മഹാറാലി. വിവിധ കേന്ദ്രങ്ങളിൽനിന്ന് ചെറുപ്രകടനങ്ങളായി രാംലീല മൈതാനത്തേയ്ക്ക് എത്താനാണ് നിശ്ചയിച്ചിരുന്നതെങ്കിലും രാവിലെ ഒൻപത് കഴിഞ്ഞതോടെ വൻപ്രകടനങ്ങളാണ് രൂപംകൊണ്ടത്. ബംഗാളിൽനിന്ന് ജില്ലാ അടിസ്ഥാനത്തിലും തൊഴിൽമേഖലാ അടിസ്ഥാനത്തിലും ബാനറുകളുമായി തൊഴിലാളികൾ അണിനിരന്നു. തമിഴ്നാട്, തെലങ്കാന, ആന്ധ്രപ്രദേശ്, കർണാടക, ഹിമാചൽപ്രദേശ്, മധ്യപ്രദേശ്, ഉത്തർപ്രദേശ്, ജമ്മു കശ്മീർ, ഗോവ, ഗുജറാത്ത് എന്നിവിടങ്ങളിൽനിന്നും ഗണ്യമായ പങ്കാളിത്തം പ്രകടമായി. അത് മതനിരപേക്ഷ, പുരോഗമന, ജനാധിപത്യ പ്രസ്ഥാനങ്ങളുടെ സ്വാധീനം വളരുന്നതിന് തെളിവാണ്. റാലിക്ക് മുന്നോടിയായി ഗ്രാമ നഗരങ്ങളിൽ നടന്ന പ്രചാരണപരിപാടികളിലും ദശലക്ഷങ്ങൾ പങ്കുചേർന്നു.

# കരുത്തുകാട്ടി സ്ത്രീപോരാളികൾ

രാംലീല മൈതാനത്ത് സംഘടിപ്പിച്ച മസ്ദൂർ കിസാൻ സംഘർഷ് റാലി ഡൽഹിയെ ചെങ്കടലാക്കിയപ്പോൾ അതിൽ തലയുയർത്തിനിന്ന് സ്ത്രീകൾ. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് അഭൂതപൂർവമായ സ്ത്രീപങ്കാളിത്തമാണ് ഉണ്ടായത്.

ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ, യുപി, ഹിമാചൽ പ്രദേശ്, ജമ്മുകശ്മീർ, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, തെലങ്കാന, കർണാടകം, തമിഴ്നാട്, മധ്യപ്രദേശ്, ബംഗാൾ, ഒഡിഷ, അസം, ത്രിപുര, മണിപ്പൂർ, ഛത്തീസ്ഗഢ്, ഗോവ, ഗുജറാത്ത്, കേരളം സംസ്ഥാനങ്ങളിൽ നിന്നാണ് ഏറ്റവും അധികം സമരവളന്റിയർമാർ തലസ്ഥാനത്തേക്ക് പ്രവഹിച്ചത്. ഇതിൽ അസമിൽനിന്ന് എത്തിയ ആയിരത്തിയഞ്ഞൂറോളം പ്രതിനിധികളിൽ എൺപത് ശതമാനവും സ്ത്രീകളായിരുന്നു.

മഹാരാഷ്ട്ര, ബംഗാൾ, രാജസ്ഥാൻ, മണിപ്പൂർ, ആന്ധ്രാപ്രദേശ്, തെലങ്കാന, തമിഴ്നാട് സംസ്ഥാനങ്ങളിൽനിന്ന് എത്തിയ ഭൂരിപക്ഷവും സ്ത്രീകളായിരുന്നു. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ കിസാൻ സഭയും അംഗൻവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ഫെഡറേഷനും കൈവരിച്ച രാഷ്ട്രീയ മേധാവിത്വത്തിന്റെകൂടി തെളിവാണ് അവിടങ്ങളിൽ നിന്നുള്ള സ്ത്രീപങ്കാളിത്തം.






ഡൽഹിയിലെയും പരിസരത്തെയും വിവിധ സ്ഥലങ്ങളിൽ കേന്ദ്രീകരിച്ച ശേഷമാണ് ജാഥകളായി തൊഴിലാളികളും കർഷകരും രാംലീല മൈതാനത്തേയ്ക്ക് നീങ്ങിയത്. രാവിലെ എട്ടോടെ തുടങ്ങിയ കലാപരിപാടികൾ 11.30 നീണ്ടു. പൊതുസമ്മേളനം പുരോഗിക്കുമ്പോഴും മൈതാനത്തേയ്ക്ക് ജനങ്ങൾ പ്രവഹിക്കുകയായിരുന്നു. ശൈത്യകാലത്തിനുശേഷം പതിവിലേറെ താപനില ഉയർന്ന പകലായിരുന്നിട്ടും വിശാലമായ മൈതാനം നിറഞ്ഞ് ജനങ്ങൾ നിന്നു.

സിഐടിയു, അഖിലേന്ത്യാ കിസാൻസഭ, കർഷകത്തൊഴിലാളി യൂണിയൻ എന്നിവയുടെ ഭാരവാഹികളായ കെ ഹേമലത, തപൻ സെൻ, അശോക് ധാവ്ളെ, വിജു കൃഷ്ണൻ, എ വിജയരാഘവൻ, ബി വെങ്കട്, സ്വാഗതസംഘം ചെയർമാനും വിശ്രുത സാമ്പത്തിക ശാസ്ത്രജ്ഞനുമായ പ്രൊഫ. പ്രഭാത് പട്നായിക് എന്നിവരും കേന്ദ്രസംസ്ഥാന ജീവനക്കാരുടെ സംഘടനകളുടെ ഫെഡറേഷനുകളുടെയും ബാങ്ക്, ഇൻഷ്വറൻസ്, ബിഎസ്എൻഎൽ ജീവനക്കാരുടെ സംഘടനകളുടെയും നേതാക്കളും സംസാരിച്ചു. സിപിഐ എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, പൊളിറ്റ്ബ്യൂറോ അംഗങ്ങളായ പ്രകാശ് കാരാട്ട്, ബൃന്ദ കാരാട്ട്, എം എ ബേബി, നീലോൽപൽ ബസു എന്നിവർ റാലിയെ അഭിവാദ്യം ചെയ്തു.

സംസ്കാരത്തിന്റെയും പോരാട്ടങ്ങളുടെയും നേരവകാശികൾ ഈ ജനവിഭാഗങ്ങളാണ്. രാജ്യം നേരിടുന്ന വിപത്തുകൾ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നതിലും കർഷകരും തൊഴിലാളികളും മുമ്പേ പറക്കുകയാണ്. ഗുജറാത്ത് വികസനത്തെ 'മോദാനി മോഡൽ' എന്ന് ആദ്യം വിശേഷിപ്പിച്ചത് കർഷകരാണ്. വർഗീയത തൊഴിലാളികളെ ഭിന്നിപ്പിക്കുന്നതിന്റെ അപകടം കണ്ടറിഞ്ഞ് ഒരുമയുടെ സന്ദേശം പ്രചരിപ്പിക്കാൻ മുൻകൈ എടുത്തതും ട്രേഡ് യൂണിയൻ പ്രസ്ഥാനമാണ്. കോർപറേറ്റ് വർഗീയ കൂട്ടുകെട്ട് രാജ്യത്ത് ആധിപത്യം ഉറപ്പിക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരെ അതിശക്തമായ പ്രതിരോധനിര ഉയർത്തുകയാണ്തൊഴിലാളികളും കർഷകരും. രാംലീല മൈതാനത്ത് നടക്കുന്ന മസ്ദൂർകിസാൻ സംഘർഷ് റാലി ഈ ലക്ഷ്യത്തോടെയുള്ള മുന്നേറ്റമാണ്.

മോദി ഭരണം പിന്നിട്ട എട്ട് വർഷം രാജ്യത്ത് ആത്മഹത്യ ചെയ്തത് ലക്ഷത്തിൽപ്പരം കർഷകരാണ്. ദിവസക്കൂലിക്കാരായ രണ്ടര ലക്ഷം തൊഴിലാളികളും സ്വയം ജീവനൊടുക്കി. കടക്കെണിയും ദാരിദ്ര്യവുമാണ് അവരെ ഇതിലേക്ക് തള്ളിവിട്ടത്. മറുവശത്ത് സർക്കാർ പിന്തുണയിൽ കോർപറേറ്റുകൾ തടിച്ചുകൊഴുക്കുന്നു. കോർപറേറ്റുകൾക്ക് ദശലക്ഷക്കണക്കിന് രൂപയുടെ ഇളവുകൾ നൽകുന്ന കേന്ദ്രം കർഷകർ വിളയിച്ചെടുക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നില്ല. 2020 2021ൽ നാനൂറോളം ദിവസം നീണ്ട ഐതിഹാസിക കർഷകപ്രക്ഷോഭത്തെ തുടർന്ന് കേന്ദ്രം നൽകിയ ഉറപ്പുകൾ പൂർണമായും പാലിച്ചിട്ടില്ല. വിളകൾക്ക് മിനിമം താങ്ങുവില നിയമപരമാക്കിയിട്ടില്ല. കർഷകവിരുദ്ധമായ വൈദ്യുതിനിയമ ഭേദഗതി ബിൽ പിൻവലിക്കണമെന്ന ആവശ്യവും നടപ്പാക്കിയിട്ടില്ല.

മർമപ്രധാനമായ ആവശ്യങ്ങൾ നേടിയെടുക്കാൻ സന്ധിയില്ലാസമരം മാത്രമാണ് വഴിയെന്ന് കർഷകർക്കറിയാം. മഹാരാഷ്ട്രയിൽ നാസിക്കിലെ കർഷകർ ഈയിടെ നടത്തിയ ലോങ് മാർച്ച് ഉദാഹരണം.

# പൊരുതുന്ന ഇന്ത്യയുടെ പരിച്ഛേദം

സർവമേഖലയിലെ തൊഴിലാളികളും കർഷകരും കർഷകത്തൊഴിലാളികളും പങ്കെടുത്ത മസ്ദൂർ കിസാൻ സംഘർഷ് റാലി രാജ്യത്തെ വർഗസമര ചരിത്രത്തിലെ നാഴികക്കല്ലായി. കോർപറേറ്റുകൾക്കായിമാത്രം ഭരിക്കുന്ന മോദി സർക്കാരിനെതിരെ പൊരുതുന്ന ശക്തികളുടെ നേർച്ഛേദമാണ് രാംലീല മൈതാനത്ത് കഴിഞ്ഞദിവസം ദൃശ്യമായത്.



മത്സ്യത്തൊഴിലാളികൾമുതൽ ആധുനിക വ്യവസായങ്ങളിൽ പണിയെടുക്കുന്നവർവരെയും ആദിവാസി കർഷകർമുതൽ കരിമ്പുകൃഷി പോലുള്ള സംഘടിതകാർഷിക മേഖലകളിൽ പ്രവർത്തിക്കുന്നവർവരെയും റാലിയിൽ പങ്കുചേർന്നു.തുറമുഖത്തൊഴിലാളികൾ, വൈദ്യുതി,റെയിൽവേ,ബിഎസ്എൻഎൽ ബാങ്ക്,ഇൻഷൂറൻസ് ജീവനക്കാർ, കേന്ദ്രസംസ്ഥാന ജീവനക്കാർ, സഹകരണ മേഖലയിൽ പണിയെടുക്കുന്നവർ, ഗതാഗതത്തൊഴിലാളികൾ, അങ്കണവാടി -ആശാ വർക്കർമാർ, തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്നവർ എന്നിവരെല്ലാം റാലിയിൽ പങ്കാളികളായി. റാലി തടയാൻ കേന്ദ്ര സർക്കാർ പല ശ്രമവും നടത്തി. അനുമതി നൽകുന്നത് ഡൽഹി പൊലീസ് പരമാവധി വൈകിച്ചു. തലേന്നാണ് അന്തിമ അനുമതി നൽകിയത്. പാർലമെന്റ് സ്ട്രീറ്റിലേക്ക് മാർച്ച് നടത്താൻ അനുവദിച്ചില്ല. പല സംസ്ഥാനങ്ങളിൽനിന്നും തൊഴിലാളികളും കർഷകരും റാലിക്ക് എത്തിയത് ഒട്ടേറെ പ്രതിബന്ധങ്ങൾ മറികടന്നാണ്. ഭക്ഷണം പാചകം ചെയ്യാനുള്ള സാധനങ്ങളടക്കം തലയിൽ ചുമന്നാണ് ദരിദ്ര കർഷകരും തൊഴിലാളികളും റാലിയിൽ ആവേശപൂർവം അണിചേർന്നത്. അതേസമയം, വരുംകാല പോരാട്ടങ്ങൾക്ക് ഊർജസംഭരണിയായി മാറിയ റാലിയെ കോർപറേറ്റ്, വലതുപക്ഷ മാധ്യമങ്ങൾ അവഗണിച്ചു.

ഉള്ളി, പരുത്തി, തക്കാളി അടക്കമുള്ള വിളകൾക്ക് മിനിമം താങ്ങുവില, വനാവകാശനിയമങ്ങൾ സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങളുമായി മുംബൈയിലേക്ക് കാൽനടയായി പതിനായിരക്കണക്കിന് കർഷകർ നീങ്ങിയപ്പോൾ മഹാരാഷ്ട്ര സർക്കാർ ആവശ്യങ്ങൾ അംഗീകരിച്ച് ഉത്തരവിറക്കി. കടാശ്വാസവും കൈവശഭൂമിക്ക് പട്ടയവും ആവശ്യപ്പെട്ട് 2018ൽ നാസിക്കിലെ കർഷകർ നടത്തിയ ലോങ്മാർച്ചും വിജയകരമായി. ഭൂമി ഏറ്റെടുക്കൽ നിയമഭേദഗതി നീക്കത്തിനെതിരെ 2015ൽ ഭൂമി അധികാർ ആന്ദോളൻ നേതൃത്വത്തിൽ നടത്തിയ പ്രക്ഷോഭത്തെതുടർന്ന് മോദിസർക്കാർ ഓർഡിനൻസ് പിൻവലിച്ചു. അതേസമയം അദാനിയെയും അംബാനിയെയുംമാത്രം പോഷിപ്പിക്കുന്ന നയത്തിൽനിന്ന് കേന്ദ്രം പിൻവാങ്ങാതെ ജനങ്ങളുടെ ദുരിതത്തിന് അന്ത്യംകുറിക്കാനാകില്ല. അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം ബദൽനയങ്ങൾ ഉയർത്തിപ്പിടിക്കുന്ന സർക്കാർ രാജ്യത്ത് രൂപംകൊള്ളേണ്ടത് കർഷകരുടെയും തൊഴിലാളികളുടെയും രക്ഷയ്ക്ക് അനിവാര്യമാണ്. ഇത്തരത്തിലുള്ള രാഷ്ട്രീയമാറ്റത്തിനായി രാജ്യത്തെ മാറ്റിമറിക്കാനുള്ള പോരാട്ടങ്ങളിലേക്ക് തൊഴിലാളികളും കർഷകരും നീങ്ങുകയാണെന്ന് പാർലമെന്റ് മാർച്ച് മുന്നറിയിപ്പ് നൽകി.

## കേരളം

കേരളത്തിൽ നിന്ന് സിഐടിയു, കേരള കർഷക സംഘം, കെഎസ്കെടിയു എന്നീ സംഘടനകളുടെ ബാനറിൽ ന്യൂഡൽഹി റയിൽവേ സ്റ്റേഷനടുത്തുള്ള അജ്മീറി ഗേറ്റിൽ കേന്ദ്രീകരിച്ച് റാലിയായി രാംലീല മൈതാനിയിൽ എത്തിച്ചേരുകയായിരുന്നു. സംഘടനകളെ പ്രതിനിധീകരിച്ച് ജെ. മെഴ്സിക്കുട്ടിയമ്മ, കെ.കെ. ദിവാകരൻ, കെ.എൻ. ഗോപിനാഥ്, കെ.എസ് സുനിൽകുമാർ, ടി.കെ രാജൻ, യു.പി.ജോസഫ്, സി.കെ.ഹരികൃഷ്ണൻ, കെ.കെ.പ്രസന്നകുമാരി, നെടുവത്തൂർ സുന്ദരേഷൻ, എം.വിജയകുമാർ, വത്സൻ പനോളി, പ്രീജ, എൻ.ചന്ദ്രൻ, സി.ബി.ദേവദർശൻ തുടങ്ങിയവർ നേതൃത്വം നൽകി. സംസ്ഥാനത്തിന്റെ ശ്രദ്ധേയമായ സാന്നിദ്ധ്യം ഉണ്ടായ റാലിയിൽ സ്ത്രീകളുടെ നല്ല പങ്കാളിത്തം ഉണ്ടായിരുന്നു.റാലിയോടനുബന്ധിച്ച് രണ്ട് മാസക്കാലം നീണ്ടു നിന്ന വൻ പ്രചരണ പരിപാടിക്ക് ഐക്യവും സമരവും എന്ന മുദ്രാവാക്യത്തിൽ കേരളമെമ്പാടും തൊഴിലാളികളും, കർഷകരും, കർഷകതൊഴിലാളികളും അണിനിരന്നു. •

# സ്വയം തൊഴിൽ ചെയ്യുന്നവരുടെ യഥാർത്ഥ അവസ്ഥ



- **സാമ്പത്തിക പ്രവർത്തനങ്ങളിൽ വീണ്ടെടുപ്പ് ഉണ്ടായിട്ടും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വരുമാനങ്ങൾ കോവിഡ് മഹാമാരിക്ക് മുൻപുണ്ടായിരുന്ന നിലകളിലേക്ക് തിരിച്ചെത്തിയിട്ടില്ല.**
- **വേതനത്തിന്റെ കാര്യത്തിൽ സ്ത്രീ തൊഴിലാളികൾ നേരിടുന്ന ലിംഗ പരമായ അന്തരം സമീപകാലത്ത് വർദ്ധിച്ചിരിക്കുകയാണ്.**



സി.പി ചന്ദ്രശേഖർ/ജയതി ഘോഷ്

ഇന്ത്യയിലെ തൊഴിലാളികളിൽ പകുതിയിലധികവും സ്വയം തൊഴിൽ ചെയ്യുന്നവരാണ്. സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വളരെ ഉയർന്ന അനുപാതമാണ് ഗ്രാമീണ തൊഴിൽ മേഖലയിലും അതുപോലെ തന്നെ സ്ത്രീ തൊഴിലാളികൾക്കിടയിലും നിലനിൽക്കുന്നത്. ഗ്രാമീണ മേഖലയിൽ കൂടുതൽ പേർ സ്വയം തൊഴിലിൽ ഏർപ്പെടുന്നതിനുള്ള കാരണം അവിടെ ചെറുകിട കാർഷിക മേഖലയ്ക്ക് മേധാവിത്വം ഉള്ളതിനാലാണെന്നാണ് പൊതുവിൽ കരുതപ്പെടുന്നത്. എന്നാൽ യഥാർത്ഥത്തിൽ ഗ്രാമങ്ങളിലെ കാർഷികേതര മേഖലകളിൽ പണിയെടുക്കുന്നവരിലും പകുതിയോളം പേർ സ്വയംതൊഴിൽ ചെയ്യുന്നവരാണ്.

നഗരപ്രദേശങ്ങളിൽ പോലും പുരുഷ തൊഴിലാളികളിൽ അഞ്ചിൽ രണ്ട് ഭാഗവും, വേതനം ലഭിക്കുന്ന എന്തെങ്കിലും തൊഴിൽ ചെയ്യുന്ന സ്ത്രീ തൊഴിലാളികളിൽ മൂന്നിൽ ഒന്നു ഭാഗവും ഏതെങ്കിലും തൊഴിലുടമകളുടെ കീഴിൽ പണിയെടുക്കുന്നവരല്ല.

ഇന്ത്യയിൽ (കൃഷിയെയും, ചില ചെറുകിട കുടുംബ സംരംഭങ്ങളെയും, സ്വന്തം വ്യവസ്ഥകൾ അനുസരിച്ച് പണിയെടുക്കാനാകുന്ന നിപുണതയുള്ള പ്രൊഫഷണലുകളെയും മാറ്റി നിർത്തിയാൽ) സ്വയം തൊഴിൽ എന്നത് ഒട്ടു മിക്ക അവസരങ്ങളിലും താല്പര്യത്തോടെ സ്വീകരിക്കപ്പെടുന്ന ഉപജീവനമാർഗമല്ല എന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. മറിച്ച് ഇത് കൂലി ലഭിക്കുന്ന ഗുണനിലവാരമുള്ള തൊഴിലുകളുടെയൊ, അല്ലെങ്കിൽ അങ്ങേയറ്റം മോശമായ സാഹചര്യങ്ങളിൽ കൂലി ലഭിക്കുന്ന തൊഴിലുകളുടെ തന്നെയൊ അഭാവത്തിന്റെ പ്രതിഫലനമാണ്.

സ്വയംതൊഴിലുകൾ ബുദ്ധിമുട്ടുകൾ നിറഞ്ഞവയും, സ്ഥിരതയില്ലാത്തവയും, തുച്ഛമായ വരുമാനം മാത്രം ലഭിക്കുന്നവയും ആയ സംരംഭങ്ങളാണ് എന്നതാണ് ഇതിന് കാരണം. സ്വയംതൊഴിൽ ചെയ്യുന്നവർക്ക് വിലകളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളും വിപണി സാഹചര്യങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളും ഉൾപ്പെടെയുള്ള അപകടസാധ്യതകളെ സ്വന്തമായി തന്നെ നേരിടേണ്ടി വരുന്നു. പണിയിടങ്ങളിലെ സ്വന്തം സുരക്ഷയ്ക്കും അവർ തന്നെയാണ് ഉത്തരവാദികൾ.

സ്വയം തൊഴിൽ ചെയ്യുന്നവർക്ക് ഒരു അടിച്ചമർത്തൽ സമീപനം സ്വീകരിക്കുന്ന ഭരണകൂടത്തെയാണ് വിവിധ തലങ്ങളിൽ അഭിമുഖീകരിക്കേണ്ടി വരുന്നത്. പ്രവർത്തനം നടത്തുന്നതിനു പോലും പലപ്പോഴും പ്രാദേശിക ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും അധികം സംഭാവന നൽകേണ്ട അവസ്ഥയാണുള്ളത്. ചെറുകിട/സൂക്ഷ്മ സംരംഭങ്ങൾക്ക് വായ്പ ലഭിക്കുന്നത് ഏറെ ദുഷ്കരമായ ഒരു കാര്യമായി തീർന്നിരിക്കുകയാണ്. ഉത്പാദനത്തിന് ആവശ്യമായ വസ്തുക്കൾ പോലും അനുകൂലമല്ലാത്ത വ്യവസ്ഥകളിൽ സംഭരിക്കുവാൻ ഇവ നിർബന്ധിക്കപ്പെടുകയാണ്.

കോവിഡ് മഹാമാരിയുടെ സമയത്ത് എടുത്തുകാട്ടപ്പെട്ടതുപോലെ സ്വയം തൊഴിൽ ചെയ്യുന്നവർക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ 'സാർവ്വത്രികമായി' ലഭ്യമാക്കുന്നവയൊഴികെയുള്ള മറ്റ് യാതൊരു സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങൾക്കും അർഹതയില്ല. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ പരിധിയിൽ വരുന്നവർക്ക് മഹാമാരിക്കാലത്ത് സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ നൽകിയപ്പോഴും ദശലക്ഷക്കണക്കിന് സ്വയം തൊഴിൽ ചെയ്യുന്നവരും അവരുടെ കുടുംബങ്ങളും പരിഗണിക്കപ്പെടുകയുണ്ടായില്ല. രൂക്ഷമായ സാമൂഹിക/സാമ്പത്തിക പ്രതിസന്ധികളുടെയും കഷ്ടപ്പാടുകളുടെയും ഘട്ടങ്ങളിൽ പിടിച്ചുനിൽക്കുന്നതിനായി സർക്കാർ സഹായങ്ങൾ ഒന്നും തന്നെ ലഭിക്കാതെ പോകുന്നത് സ്വയം തൊഴിൽ ചെയ്യുന്നവർക്കുമേൽ വിനാശകരമായ ആഘാതമാണ് ഏൽപ്പിക്കുന്നത്.

ഇതെല്ലാം ചൂണ്ടി കാണിക്കുന്നത് സ്വയം തൊഴിൽ ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റത്തെ പരിമിതികൾ നിറഞ്ഞ ഒരു മാന്യമായ ജീവിതം ഉറപ്പാക്കുന്നതിനുപോലും അവരുടെ ജോലികളിൽ നിന്നും ലഭിക്കുന്ന വരുമാനം അങ്ങേയറ്റം നിർണായകമാണ് എന്നാണ്. എന്നാൽ സ്വയം തൊഴിലുകളിൽ നിന്നു സ്വരൂപിക്കുവാനാകുന്ന ശരാശരി വരുമാനം വേതനത്തിനോ കൂലിക്കോ ചെയ്യുന്ന ജോലികളിൽ നിന്ന് ലഭിക്കുന്ന സമ്പാദ്യത്തേക്കാൾ കുറവായിരിക്കും എന്നതാണ് പൊതുവിൽ കണ്ടുവരുന്ന പ്രവണത.

**കഴിഞ്ഞ മൂന്നു വർഷങ്ങളായി സ്വയം തൊഴിലുകളിൽ നിന്നുള്ള വരുമാനം മരവിക്കുക മാത്രമല്ല ഇടിയുകയുമുണ്ടായി എന്നത് ഏറെ ആശങ്കയുണ്ടാക്കുന്ന ഒരു കാര്യമാണ്. ഗ്രാമ/നഗര പ്രദേശങ്ങളിലെ താൽക്കാലിക തൊഴിലാളികളുടെ കൂലിയിൽ കോവിഡ് മഹാമാരിക്ക് മുൻപ് തന്നെ ഇടിവ് സംഭവിച്ചു തുടങ്ങിയിരുന്നു.**



മഹാമാരിക്കാലത്ത് ഗണ്യമായ ഇടിവുണ്ടായ താൽക്കാലിക ജീവനക്കാരുടെ കൂലിയിൽ അതിനുശേഷം നാമമാത്രമായ വീണ്ടെടുപ്പാണ് ദൃശ്യമായത്. മഹാമാരിക്ക് മുമ്പ് ലഭിച്ചിരുന്ന ഏറ്റവും കൂടിയ കൂലിയെ അപേക്ഷിച്ച് വളരെ കുറച്ചു മാത്രം ഉയർന്നതായിരുന്നു 2022 ഏപ്രിൽ-ജൂൺ പാദത്തിലെ കൂലി.

ദൗർഭാഗ്യകരം എന്നു പറയട്ടെ സ്വയം തൊഴിൽ ചെയ്യുന്നവരുടെ അവസ്ഥ ഇതിലും ദയനീയമാണ്. 2019 ഏപ്രിൽ-ജൂൺ പാദത്തിൽ ഏറ്റവും ഉയർന്ന നിലയിൽ എത്തിയിരുന്ന സ്വയം തൊഴിലിൽ നിന്നുള്ള വരുമാനം അതിനുശേഷം, മഹാമാരിയുമായി ബന്ധപ്പെട്ട് സാമ്പത്തിക പ്രവർത്തനങ്ങളുടെ തടസ്സപ്പെടൽ

ആരംഭിക്കുന്നതിന് വളരെ മുൻപ് തന്നെ, കീഴ്പ്പോട്ട് വരുവാൻ തുടങ്ങിയിരുന്നു.

മഹാമാരിയും അടച്ചുപൂട്ടലുകളും വരുമാനം താഴോട്ട് പോകുന്നതിന്റെ ആക്കം കൂട്ടുന്നതിലേക്ക് നയിക്കുകയുണ്ടായി. പ്രത്യേകിച്ച് പിന്നിട്ട വർഷത്തിലെ സമാനമായ പാദത്തെ അപേക്ഷിച്ച് 20% ഇടിവ് രേഖപ്പെടുത്തിക്കൊണ്ട് 2020 ഏപ്രിൽ-ജൂൺ പാദത്തിലെ വരുമാനം മുൻപ് കൈവരിച്ച ഏറ്റവും ഉയർന്ന നിലയിൽ നിന്ന് 30% താഴേക്ക് വന്ന ഇന്ത്യയുടെ നഗരപ്രദേശങ്ങളിൽ. മാത്രവുമല്ല മേൽ സൂചിപ്പിച്ച ഇടിവിനു ശേഷം കൈവരിക്കാനായ വീണ്ടെടുപ്പുകൾ മുൻകാലങ്ങളിലെ ഉയർന്ന വരുമാനനിലകൾ തിരിച്ചുപിടിക്കുന്നതിലേക്ക് നയിക്കുകയുമുണ്ടായില്ല. 2022 ഏപ്രിൽ-ജൂൺ പാദത്തിലെ നഗരപ്രദേശങ്ങളിലെ സ്വയം തൊഴിൽ ചെയ്യുന്നവരുടെ വരുമാനം 2019 ഏപ്രിൽ-ജൂൺ പാദത്തിലെ വരുമാനത്തെക്കാൾ 11% താഴെയായിരുന്നു. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ 2022 ന്റെ മധ്യത്തിൽ നഗര പ്രദേശങ്ങളിലെ സ്വയം തൊഴിൽ ചെയ്യുന്നവർക്ക് സമ്പാദിക്കാനായത് മൂന്നു കൊല്ലങ്ങൾക്ക് മുൻപ് അവർക്ക് ലഭിച്ചിരുന്നതിനേക്കാൾ കുറഞ്ഞ വരുമാണ്.

ഗ്രാമീണ ഇന്ത്യയിൽ 2019 ജനുവരി-മാർച്ച് പാദത്തിലാണ് സ്വയം തൊഴിൽ ചെയ്യുന്നവരുടെ വരുമാനം ഏറ്റവും ഉയർന്ന നിലയിൽ എത്തിയത്. ഗ്രാമീണ മേഖലയിൽ സ്വയം തൊഴിലുകളിൽ നിന്നു ലഭിക്കുന്ന വരുമാനങ്ങളിൽ നഗരപ്രദേശങ്ങളെ അപേക്ഷിച്ച് കാര്യമായ കുറവുണ്ടെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. ഏകദേശം 40% ആണ് അന്തരം. ഇങ്ങനെ ലഭിച്ചു വന്നിരുന്ന വളരെ തുച്ഛമായ വരുമാനങ്ങൾ പോലും ആദ്യത്തെ അടച്ചുപൂട്ടലിന്റെ ഘട്ടത്തിൽ വീണ്ടും താഴോട്ടു പോയി. തൊട്ടു മുൻപിലത്തെ പാദത്തെ അപേക്ഷിച്ച് 7.5%വും പിന്നിട്ട കാലങ്ങളിലെ ഏറ്റവും ഉയർന്ന നിലയെ അപേക്ഷിച്ച് 11%വും ആയിരുന്നു ഇടിവ്.

ലഭ്യമായ ഏറ്റവും പുതിയ സ്ഥിതിവിവര കണക്കുകൾ അനുസരിച്ച് (2022 ഏപ്രിൽ-ജൂൺ പാദത്തിലേക്കുള്ളത്), ഗ്രാമീണ ഇന്ത്യയിൽ സ്വയം തൊഴിലുകളിൽ നിന്നുള്ള വരുമാനങ്ങൾ രണ്ടുകൊല്ലം മുമ്പ് ലഭിച്ചിരുന്ന വരുമാനങ്ങളേക്കാൾ ശരാശരി 2% താഴെയായിരുന്നു. കാർഷിക ഉത്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടും, ഈ നേട്ടത്തെ ഇന്ത്യയുടെ സാമ്പത്തിക തിരിച്ചുവരവ് ശേഷിയുടെ പ്രതീകമായി പെരുപ്പിച്ചു കാട്ടുന്നുണ്ട്, ഗ്രാമീണ സ്വയം തൊഴിലുകളിൽ നിന്നുള്ള വരുമാനങ്ങളിൽ ഇടിവുണ്ടായി എന്നത് ശ്രദ്ധേയമാണ്.

### ലിംഗപരമായ അന്തരം

കൂലിയുടെ അടിസ്ഥാനത്തിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വരുമാനങ്ങളിൽ ലോകത്തിലെ തന്നെ ഏറ്റവും വലിയ ലിംഗപരമായ അന്തരങ്ങൾ നിലനിൽക്കുന്ന രാജ്യമായ ഇന്ത്യയിൽ സ്വയംതൊഴിൽ ചെയ്യുന്നവരുടെ വരുമാനങ്ങളിലെ ലിംഗപരമായ അന്തരം അതിലും ഭയാനകമാണെന്ന് കാണുവാനാകും. സമീപ വർഷങ്ങളിൽ ഈ അന്തരങ്ങൾ പിന്നെയും വർദ്ധിച്ചിരിക്കുകയാണ്

സ്വയം തൊഴിലുകൾ ചെയ്യുന്ന ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്ക് ലഭിച്ചുവന്നിരുന്ന വരുമാനം പുരുഷന്മാരുടെ വരുമാനത്തിന്റെ ഏകദേശം 45% മാത്രമായിരുന്നു. 2019 ഒക്ടോബർ-ഡിസംബർ പാദത്തിൽ ഏറ്റവും ഉയർന്ന നിലയായ 51% വരെ എത്തിയിരുന്ന ഈ അനുപാതം സമീപവർഷങ്ങളിൽ ഗണ്യമായി ഇടിഞ്ഞ് 2022 ഏപ്രിൽജൂൺ പാദത്തിൽ 39% ആയിരിക്കുകയാണ്.

ഇതിലും മോശമാണ് ഇന്ത്യയിലെ നഗരപ്രദേശങ്ങളിൽ സ്വയം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ അവസ്ഥ. അവരുടെ മാസവരുമാനം പുരുഷന്മാരുടെ മാസവരുമാനത്തിന്റെ 42%ത്തിലും താഴെയാണ്. ഇവിടെയും സമീപവർഷങ്ങളിൽ കാര്യങ്ങൾ കൂടുതൽ മോശമായിട്ടുണ്ട്. സ്ത്രീകളുടെയും പുരുഷന്മാരുടെയും വരുമാനങ്ങൾ തമ്മിലുള്ള അനുപാതം ഏറ്റവും ഉയർന്ന നിലയായ 2020 ഏപ്രിൽ-ജൂൺ പാദത്തിലെ 47%ത്തിൽ നിന്ന് 2022 ഏപ്രിൽ-ജൂൺ പാദത്തിൽ 40%ത്തിൽ താഴെയാകുകയുണ്ടായി.

ഇവയെല്ലാം തന്നെ തീർച്ചയായും വലിയ നിരാശ ഉണ്ടാക്കുന്ന വിവരങ്ങളാണ് എന്നതു മാത്രമല്ല ഔദ്യോഗിക ലഘുലേഖകളിലും ചില ആഗോള ബിസിനസ് മാധ്യമങ്ങളുടെ ഉപരിപ്ലവവും നിറം ചാർത്തിയതും ആയ കണക്കുകളിലും വരച്ചുകാട്ടപ്പെടുന്ന ഇന്ത്യയുടെ സമ്പദ്ഘടനയെ കുറിച്ചുള്ള ചിത്രത്തിൽ നിന്ന് ഏറെ വ്യത്യസ്തവുമാണ്. മഹാഭൂരിപക്ഷം തൊഴിലാളികളും കുറഞ്ഞ വേതനത്തിന്റെയും മോശമായ സാഹചര്യങ്ങളുടെയും പ്രശ്നങ്ങളെ നേരിടുന്ന ഒരു സമ്പദ്ഘടന കുതിക്കുകയാണെന്ന് എങ്ങനെയാണ് പറയുവാനാകുക.

അസമത്വത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന രൂക്ഷമായ വർദ്ധനവ് സൂക്ഷ്മ സാമ്പത്തിക സ്ഥിതിവിവര കണക്കുകളിലെ (macro economic data) ഈ പ്രവണതകളെ കുറച്ചുകാലത്തേക്ക് മറച്ചു വച്ചേക്കാം. എന്നാൽ തൊഴിലാളികളുടെ വരുമാനങ്ങളിൽ ഉണ്ടാകുന്ന ഈ മരവിപ്പ് അല്ലെങ്കിൽ ഇടിവ്, ഇതാകട്ടെ തീർച്ചയായും ജനങ്ങളുടെ ഉപഭോഗ ചോദനം (consumption demand) കുറയുന്നു എന്നതിന്റെ സൂചനക്കൂടിയാണ്, ആത്യന്തികമായി സാമ്പത്തിക പ്രവർത്തനങ്ങളെയും നിക്ഷേപത്തെയും പ്രതികൂലമായി ബാധിക്കും. ഈ അടിസ്ഥാനപരമായ യാഥാർത്ഥ്യം നമ്മുടെ നയ രൂപീകർത്താക്കൾ തിരിച്ചറിയുന്നില്ല എന്നത് ദൗർഭാഗ്യകരമാണ്.●

### പുൽവാമ ഭീകരാക്രമണം

# ബിജെപി സർക്കാർ ജനങ്ങളോട് സത്യം തുറന്നുപറയണം



**പുൽവാമ ഭീകരാക്രമണവുമായി ബന്ധപ്പെട്ട് ജമ്മു കശ്മീർ മുൻ ഗവർണർ സത്യപാൽ മാലിക് നടത്തിയ വെളിപ്പെടുത്തലുകളിൽ കേന്ദ്ര സർക്കാർ സത്യം പൊതുജനങ്ങളോട് തുറന്ന് പറയുകയും സംഭവത്തിന്റെ പൂർണ ഉത്തരവാദിത്തം ഏറ്റെടുക്കുകയും വേണം.**



എളമരം കരീം

പുൽവാമ ഭീകരാക്രമണവുമായി ബന്ധപ്പെട്ട് ജമ്മു കശ്മീർ മുൻ ഗവർണർ സത്യപാൽ മാലിക് നടത്തിയ വെളിപ്പെടുത്തൽ ഞെട്ടിക്കുന്നതാണ്. പുൽവാമ ആക്രമണസമയത്തെ സാഹചര്യം കേന്ദ്രം കൈകാര്യം ചെയ്ത രീതിയെക്കുറിച്ച് തനിക്ക് ഉണ്ടായിരുന്ന ആശങ്കകൾ സൂചിപ്പിച്ചപ്പോൾ പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നോട് നിശബ്ദനായിരിക്കാൻ ആവശ്യപ്പെട്ടുവെന്നാണ് സത്യപാൽ മാലിക് വെളിപ്പെടുത്തിയിരിക്കുന്നത്.

സൈന്യത്തിന്റെ സുരക്ഷിത യാത്രയ്ക്ക് ആവശ്യമായ സാഹചര്യം ഉണ്ടാക്കുന്നതിൽ കേന്ദ്ര സർക്കാരും ആഭ്യന്തര മന്ത്രാലയവും കാണിച്ച അലംഭാവവും കുറ്റകരമായ അനാസ്ഥയുമാണ് നിരവധി ജവാന്മാരുടെ ജീവനെടുത്ത പുൽവാമ ഭീകരാക്രമണത്തിന് കാരണം. സിആർപിഎഫ് ആവശ്യപ്പെട്ടതനുസരിച്ച് മോദി സർക്കാർ സൈനികരെ വിമാനത്തിൽ എത്തിച്ചിരുന്നുവെങ്കിൽ നാല്പതോളം ജവാന്മാരുടെ ജീവൻ നഷ്ടപ്പെടില്ലായിരുന്നു. സിആർപിഎഫ് അഞ്ച് വിമാനങ്ങൾ ആവശ്യപ്പെട്ടെങ്കിലും അവ നൽകാൻ ആഭ്യന്തര മന്ത്രാലയം തയ്യാറായില്ല. മനപ്പൂർവം നമ്മുടെ ജവാന്മാരെ മരണത്തിനെറിഞ്ഞു കൊടുത്ത ബിജെപി സർക്കാർ രാജ്യത്തോട് മറുപടി പറയണം.

അതിഗുരുതരമായ സുരക്ഷാ വീഴ്ചയാണ് പുൽവാമ ആക്രമണം നടക്കാൻ കാരണമായത്. ഇന്റലിജൻസ് ഏജൻസികൾ പൂർണ്ണമായും പരാജയപ്പെട്ടുവെന്നും

സൈനിക കോൺവോയ് റോഡ് മാർഗം യാത്രചെയ്യുമ്പോൾ പാലിക്കേണ്ട സുരക്ഷാ മുൻകരുതലുകൾ ഒന്നും തന്നെ പാലിച്ചില്ല എന്നുമുള്ള ഗുരുതര വെളിപ്പെടുത്തൽ നടത്തിയിരിക്കുന്നത് പുൽവാമ ഭീകരാക്രമണ സമയത്ത് സംസ്ഥാന ഗവർണറായിരുന്ന വ്യക്തിതന്നെയാണ് എന്നുള്ളത് വിഷയത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. രാജ്യരക്ഷയെപ്പോലും തെരഞ്ഞെടുപ്പ് വിജയിക്കാനുള്ള ഉപകരണം മാത്രമായി ഉപയോഗിക്കുന്ന ബിജെപിയും കേന്ദ്ര സർക്കാർ പ്രതിനിധികളും രാജ്യം മുഴുവൻ ചർച്ചയായ വെളിപ്പെടുത്തലിനോട് പ്രതികരിക്കാൻ ഇതുവരെ തയ്യാറായിട്ടില്ല. ഈ വിഷയത്തിൽ പ്രധാനമന്ത്രി തന്നെ നേരിട്ട് മറുപടി പറയേണ്ടതാണ്.

രാജ്യരക്ഷയെ സംബന്ധിച്ച വിഷയമായതിനാൽ ത്തന്നെ കക്ഷിരാഷ്ട്രീയ ഭേതമന്യേ രാജ്യത്തെ ജനങ്ങൾ മുഴുവൻ ഈ ദുരന്തങ്ങളിൽ സർക്കാരിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചിരുന്നു. ആ ഘട്ടത്തിൽ സർക്കാർ സ്വീകരിച്ച എല്ലാ നടപടികൾക്കും പൂർണ പിന്തുണയാണ് പ്രതിപക്ഷകക്ഷികൾ ഉൾപ്പെടെ നൽകിയത്. പക്ഷെ ഈ ദുരന്തങ്ങൾ നടക്കാൻ കാരണമായ സാഹചര്യങ്ങളെക്കുറിച്ച് വ്യാപക ആശങ്കയും സംശയങ്ങളും ഉയർന്നുവന്നിരുന്നു. അവയോടൊന്നിനോടും സർക്കാർ പ്രതികരിച്ചില്ല എന്നുമാത്രമല്ല ഇതിനെല്ലാം വഴിവെച്ച സുരക്ഷാ വീഴ്ചകൾ ഉയർത്തിക്കാട്ടാൻ ശ്രമിച്ചവരെ രാജ്യദ്രോഹികളായി മുദ്രകുത്തുകയാണ് ആർഎസ്എസ് ബിജെപി നേതൃത്വം ചെയ്തത്. കഴിഞ്ഞ ലോക് സഭാ തെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള മുഴുവൻ ബിജെപി നേതാക്കന്മാരും ഈ വിഷയങ്ങൾ പ്രചാരണ ആയുധമാക്കുകയും ചെയ്തു. എല്ലാ പൊതുയോഗങ്ങളിലും വാതോരാതെ അതിവൈകാരികമായി ഇക്കൂട്ടർ പറഞ്ഞ പേരുകളാണ് പുൽവാമയും ബാലാക്കൊട്ടും. സത്യപാൽ മാലിക് ഇപ്പോൾ നടത്തിയ വെളിപ്പെടുത്തലുകൾ വലിച്ചുകീറിയിരിക്കുന്നത് രാഷ്ട്രീയ ലാഭത്തിനായി നമ്മുടെ ജവാന്മാരുടെ ജീവൻ പോലും വെച്ച് പന്താടുന്ന ബിജെപിയുടെ ജീർണ മുഖമാണ്. ഈ ഗുരുതര വെളിപ്പെടുത്തൽ ഉയർത്തുന്ന ചോദ്യങ്ങളിൽ നിന്നും ഒളിച്ചോടാൻ ബിജെപി സർക്കാരിന് സാധിക്കില്ല. സംഘപരിവാർ മുന്നോട്ടുവെക്കുന്ന രാഷ്ട്രീയം നമ്മുടെ രാജ്യരക്ഷയെത്തന്നെ അപകടത്തിലാക്കുന്നതാണെന്ന തിരിച്ചറിവ് ജനങ്ങൾക്ക് ഉണ്ടാവാൻ ഇത് വഴിവെക്കും. ദേശരക്ഷ തങ്ങളുടെ കയ്യിൽ ഭദ്രമാണെന്ന ബിജെപി അവകാശവാദം പൊള്ളയായ വെറും തെരഞ്ഞെടുപ്പ് വാഗ്ദാനം മാത്രമായിരുന്നു എന്നും ബിജെപി മുന്നോട്ടുവെക്കുന്ന രാഷ്ട്രീയം നമ്മുടെ നാടിന്റെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കുന്നതാണെന്നുമുള്ള യാഥാർഥ്യം നാട് തിരിച്ചറിയും. പുൽവാമ ഭീകരാക്രമണവുമായി ബന്ധപ്പെട്ട് സത്യപാൽ മാലിക് നടത്തിയ വെളിപ്പെടുത്തലുകളിൽ കേന്ദ്ര സർക്കാർ സത്യം പൊതുജനങ്ങളോട് തുറന്ന് പറയുകയും സംഭവത്തിന്റെ പൂർണ ഉത്തരവാദിത്തം ഏറ്റെടുക്കുകയും വേണം.●



**അതിഗുരുതരമായ സുരക്ഷാ വീഴ്ച്ചയാണ് പുൽവാമ ആക്രമണം നടക്കാൻ കാരണമായത്. ഇന്റലിജൻസ് ഏജൻസികൾ പൂർണ്ണമായും പരാജയപ്പെട്ടുവെന്നും സൈനിക കോൺവോയ് റോഡ് മാർഗം യാത്രചെയ്യുമ്പോൾ പാലിക്കേണ്ട സുരക്ഷാ മുൻകരുതലുകൾ ഒന്നും തന്നെ പാലിച്ചില്ല എന്നുമുള്ള ഗുരുതര വെളിപ്പെടുത്തൽ നടത്തിയിരിക്കുന്നത് പുൽവാമ ഭീകരാക്രമണ സമയത്ത് സംസ്ഥാന ഗവർണറായിരുന്ന വ്യക്തി തന്നെയാണ് എന്നുള്ളത് വിഷയത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു.**



# പൂവണിയാത്ത സ്വപ്നങ്ങൾ

**ലോകം നീങ്ങുന്നത് ഏകധ്രുവത്തിലേക്കല്ല, ബഹുധ്രുവത്തിലേക്കാണ്. വൈരുദ്ധ്യങ്ങൾ കൂടുതൽ മൂർഛിച്ച് ബഹുധ്രുവ ലോകമായി പരിണമിച്ച് സങ്കീർണമായ ലോക സാഹചര്യങ്ങളിലേക്ക് അത് നീങ്ങുകയാണ്. ഇന്ന് മുതലാളിത്തത്തിന്റെ പറുദീസകൾ ആഭ്യന്തര പ്രശ്നങ്ങളുടെ ചുഴിയിലകപ്പെട്ട് വലയുകയാണ്.**



എ.സിയാവുദീൻ

സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ സോഷ്യലിസം, കമ്മ്യൂണിസം തുടങ്ങിയ ഇസങ്ങളുടെയെല്ലാം അന്ത്യം കുറിച്ച് ഇവിടെയൊരു ഏകധ്രുവ ലോകം സാധിതമാകുമെന്ന് പ്രവചിച്ചവരുടെ ഇംഗിത പ്രകാരമല്ല ലോകം നീങ്ങുന്നതെന്ന് ഓരോ ദിവസവും തെളിഞ്ഞു വരികയാണ്. വൈരുദ്ധ്യങ്ങൾ കൂടുതൽ മൂർഛിച്ച് ബഹു ധ്രുവ ലോകമായി പരിണമിച്ച് സങ്കീർണമായ ലോക സാഹചര്യങ്ങളിലേക്ക് അത് നീങ്ങുകയാണ്. 2008 ൽ അമേരിക്കൻ ബാങ്ക്, ഇൻഷ്വറൻസ് കമ്പനികളുടെ തകർച്ചയോടെ പുറത്തുവന്ന സാമ്പത്തിക കുഴപ്പത്തിന് ശമനമായി എന്ന വികസിത മുതലാളിത്ത ലോകത്തിന്റെ അവകാശവാദങ്ങൾ പൊള്ളയാണെന്ന് ഇപ്പോൾ നടന്ന സിലിക്കൺ വാലി ബാങ്കടക്കമുള്ളവയുടെ തകർച്ച വിളിച്ചു പറയുന്നു. വികസിത മുതലാളിത്ത രാജ്യങ്ങളുടെ കൂട്ടായ്മയായ ജി 7 വമ്പൻ രക്ഷകൻമാർ എമർജിംഗ് എക്കോണമീസ് എന്നു വിശേഷിപ്പിക്കുന്ന രാജ്യങ്ങളെ കൂടി കൂട്ടി ജി 20 ആയി വിപുലപ്പെടുത്തി ഏർപ്പെടുത്തിയ പരീക്ഷണങ്ങളും പാഴാവുകയാണ്. മാത്രമല്ല താൽപര്യങ്ങൾ തമ്മിൽ ഏറ്റുമുട്ടുമ്പോൾ അവർക്കിടയിലുള്ള വൈരുദ്ധ്യങ്ങളും മറ നീക്കി പുറത്തു വരുന്നു. സൈനിക ശക്തിയും ധനശക്തിയും ഉപയോഗിച്ച് ലോക മേധാവിത്തം നിലനിർത്താനാവുന്നില്ല. പാശ്ചാത്യ രാജ്യങ്ങളെ കൂടെ നിർത്തി ആധിപത്യം ഉറപ്പിക്കാനുള്ള അമേരിക്കൻ തന്ത്രങ്ങളും പാളുകയാണ്.

ആഗോള സമ്പദ്ഘടനയിൽ, പ്രത്യേകിച്ചും കഴിഞ്ഞ രണ്ട് ദശകങ്ങളിൽ വന്ന പ്രധാന മാറ്റങ്ങളിലൊന്ന് എമർജിംഗ് എക്കോണമീ സ് എന്ന് വിളിക്കുന്ന വികസ്വര രാജ്യങ്ങൾക്കു വികസിത മുതലാളിത്ത രാജ്യങ്ങൾ കൽപ്പിച്ചു നൽകിയ പ്രാമുഖ്യമാണ്. മുതലാളിത്ത തകർച്ച തടയാൻ തങ്ങൾക്കു മാത്രമായി കഴിയില്ല എന്ന തിരിച്ചറിവാണ് അതിന് ആധാരം. ചൈന, ഇൻഡ്യ, ബ്രസീൽ, ഇറാൻ, റഷ്യ, ഇൻഡോനേഷ്യ, സൗത്ത് ആഫ്രിക്ക , തുർക്കി എന്നീ രാജ്യങ്ങളുടെയാകെ മൊത്തം ആഭ്യന്തര ഉൽപ്പാദനവും (GDP) ജനങ്ങളുടെ വാങ്ങൽ കഴിവും കണക്കാക്കിയാൽ അത് ജി 7 രാജ്യങ്ങളുടേതിനെക്കാൾ ഉയർന്നതാണ്. (ഇവിടെ ജനസംഖ്യ പ്രകാരമുള്ള താരതമ്യം ഉദ്ദേശിക്കുന്നില്ല) എണ്ണ വിലയിലെ വർധനവിന് അനുസൃതമായി എണ്ണ ഉൽപാദക രാജ്യങ്ങളുടെ വരുമാനത്തിലും വർധനവുണ്ടായിട്ടുണ്ട്.

2009ന് ശേഷമിങ്ങോട്ടുള്ള ലോക സാമ്പത്തിക വളർച്ചയിൽ 30 ശതമാനം ചൈനയുടേതാണെന്ന് ലോക ബാങ്കിന്റെ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. ആസ്യൻ രാജ്യങ്ങളിൽ പൊതുവിലും പ്രത്യേകിച്ച് ഇൻഡ്യയിലും ചൈനയിലും ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ വൻ മുന്നേറ്റമുണ്ടായിട്ടുണ്ട്. ദാരിദ്ര്യം, ഭീമമായ അസമത്വം, മനുഷ്യവികസന സൂചികകളിലെ പിന്നോക്ക നില, ലിംഗപരമായ വിവേചനം, തൊഴിലില്ലായ്മ എന്നീ ഘടകങ്ങൾ ഏറിയും കുറഞ്ഞും ഈ രാജ്യങ്ങളിലെല്ലാം നില നിൽക്കുന്നു എന്ന വസ്തുതയുണ്ട്.

ഐക്യരാഷ്ട്ര സഭാ പ്രമാണങ്ങൾ നിരാകരിച്ച് ഏകപക്ഷീയമായി നേരിട്ടും ഇതര പാശ്ചാത്യ രാജ്യങ്ങളുമായി ചേർന്നും അമേരിക്ക നടത്തുന്ന ആ ക്രമണങ്ങളും പ്രത്യക്ഷവും പരോക്ഷവുമായ നിരോധനങ്ങളും തുടരുന്നു. പക്ഷെ ഈ ആക്രമണലക്ഷ്യങ്ങൾ സഫലീകരിക്കപ്പെടുന്നില്ല. ഇറാക്ക്, സിറിയ, അഫ്ഗാനിസ്ഥാൻ തുടങ്ങി റഷ്യ ഉക്രൈൻ യുദ്ധത്തിൽ ഇതര നാറ്റോ രാജ്യങ്ങളെ മുൻനിർത്തി റഷ്യക്കെതിരെ നടത്തുന്ന നിഴൽ യുദ്ധം വരെ ഇത് തെളിയിക്കുന്നു. 1990 നും 1999 നുമിടയിൽ 66 രാജ്യങ്ങൾക്കു മേലാണ് അമേരിക്ക ഉപരോധമേർപ്പെടുത്തിയത്. അതിൽ 52 രാജ്യങ്ങളും ആഫ്രിക്ക, ലാറ്റിനമേരിക്ക, ഏഷ്യ എന്നിവിടങ്ങളിലാണ്. ആ രാജ്യങ്ങളിൽ പലതിലും അമേരിക്ക സൈനിക ഇടപെടൽ നടത്തുകയോ നേരിട്ട് യുദ്ധത്തിലേർപ്പെടുകയോ ചെയ്തു. അമേരിക്കയിലെയും പാശ്ചാത്യ രാജ്യങ്ങളിലെയും പ്രസിദ്ധി പെറ്റ ബാങ്കുകളിൽ പെട്രോഡോളർ ഇനത്തിൽ നേടിയ വൻ ലാഭം ഈ രാജ്യങ്ങളിൽ പലതും നടത്തിയ നിക്ഷേപങ്ങൾ അമേരിക്ക ഇടപെട്ട് മരവിപ്പിച്ചു. അതോടെ നഷ്ടമായത് ഈ ബാങ്കുകളിലുള്ള വിശ്വാസ്യതയാണ്. ഇത് സ്വാഭാവികമായും ഇത്തരം ബാങ്കുകളിൽ നിക്ഷേപം നടത്തുന്നതിൽ നിന്നും രാജ്യങ്ങളെ പിന്തിരിപ്പിച്ചു

അന്താരാഷ്ട്ര തലത്തിലുള്ള വ്യാപാര കരാറുകളിൽ ഇതര രാജ്യങ്ങളുടെ താൽപര്യം ഹനിക്കും വിധം വ്യവസ്ഥകൾ അടിച്ചേൽപ്പിക്കാൻ ശ്രമം നടന്നപ്പോൾ എതിർപ്പ് ശക്തമായി. അപ്പോൾ ആ ചർച്ചകൾ നിർത്തിവച്ച് രാജ്യങ്ങൾ തമ്മിൽ ഉഭയകക്ഷി കരാറുണ്ടാക്കി. ലോക കമ്പോളം, സ്വതന്ത്ര കമ്പോളം എന്നിങ്ങനെ തുടർമന്ത്രം ജപിക്കുന്നവർ തന്നെയാണിത് ചെയ്യുന്നതെന്നും അവരുടെ ലക്ഷ്യം സ്വന്തം താൽപ്പര്യം മാത്രമാണെന്നുമുള്ള തിരിച്ചറിവിലേക്ക് അതെത്തി.

തകരുന്ന മുതലാളിത്ത വ്യവസ്ഥയെ താങ്ങി നിർത്താനുള്ള സാമ്രാജ്യത്ത നീക്കത്തിനെ തീരെ പ്രതിരോധം ശക്തിപ്പെടുകയാണ്. ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങൾ നേരിട്ടുള്ള വ്യാപാരത്തിലേക്ക് നീങ്ങാൻ തുടങ്ങി. അമേരിക്കയിലേക്കും യൂറോപ്യൻ യൂണിയനിലേക്കുമുള്ളതിനെക്കാൾ ചൈനയുടെ കയറ്റുമതി വർദ്ധിച്ച് ഏതാണ്ട് ഇരട്ടിയായി. യുക്രൈൻ യുദ്ധത്തെ തുടർന്ന് ഇൻഡ്യയും റഷ്യയും തമ്മിൽ അവരവരുടെ കറൻസിയിലുള്ള വ്യാപാരം വർധിപ്പിച്ചു. ഇതൊക്കെ രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരത്തിന് അന്താരാഷ്ട്ര കറൻസിയെന്ന നിലക്കുള്ള ഡോളറിന്റെ പ്രാമുഖ്യത്തിന് തിരിച്ചടിയായി.

ഈ തിരിച്ചടി ചെറുതല്ല. മിക്ക രാജ്യങ്ങളുടെയും ഇറക്കുമതിയുടെ പ്രധാന ഘടകങ്ങൾ രണ്ടാണ്. ഒന്ന് ഭക്ഷ്യവസ്തുക്കൾ. രണ്ട് എണ്ണയും പ്രകൃതി വാതകവും. ഡോളറുമായുള്ള വിനിമയത്തിൽ തങ്ങളുടെ നാണയ മൂല്യം കുറഞ്ഞിരിക്കയും ഡോളർ മൂല്യം ഉയരുകയും ചെയ്യുമ്പോൾ കനത്ത ബാധ്യതയാണ് ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾക്ക് നേരിടേണ്ടി വരിക. അത്രത്തോളം ഡോളർ ശേഖരം കൈവശമില്ലാത്തതിനാൽ വിദേശകടത്തെ വൻതോതിൽ ആശ്രയിക്കേണ്ടി വരുന്നു. കടവും പലിശയും ചേർന്ന് അതൊരു ഡോളർ കടക്കെണിയിലേക്കെത്തുന്നു.

സാമ്പത്തിക അധിനിവേശത്തിനെതിരെ മറ്റു പ്രായോഗിക രൂപങ്ങൾക്കുവേണ്ടിയുള്ള അന്വേഷണത്തിലേക്ക്, പുതിയ ബദലുകളിലേക്ക് അന്വേഷണം നീളുന്നു. ഒരു വികസന ബാങ്കിനെപ്പറ്റി ആലോചന നടന്നു. അതാണ് ബ്രിക്സ് (BRICS) രാജ്യങ്ങളുടെ നേതൃത്വത്തിലുള്ള വികസന ബാങ്കിന്റെ രൂപീകരണത്തിലേക്കെ ത്തിയത്.

**ലോക മേധാവിത്തം ഉറപ്പാക്കാനുള്ള ആഗോള മുതലാളിത്തത്തിന്റെ പരക്കം പാച്ചിലിൽ വൻശക്തികളുടെ സാമ്പത്തിക അടിത്തറക്ക് നിസ്സാരമല്ലാത്ത ഇളക്കം തട്ടിയിരിക്കുന്നു. 30 ട്രില്യൺ ഡോളറാണ് അമേരിക്കയുടെ ആഭ്യന്തര കടം. വിലക്കയറ്റവും തൊഴിൽ നഷ്ടവും രൂക്ഷമാണ്. ക്ഷേമ നടപടികൾ വെട്ടിച്ചുരുക്കിയിരിക്കുന്നു.**

അതുപോലെ ഷാങ്കായ് കോർപ്പറേഷൻ ഓർഗനൈസേഷൻ (SCO) നിലവിൽ വന്നു. ഇവയിലൂടെയെല്ലാം നേരിട്ടുള്ള വ്യാപാര, സാമ്പത്തിക ഇടപാടുകൾ വ്യാപകമാകാൻ തുടങ്ങി. ചൈന പ്രഖ്യാപിച്ച ബെൽറ്റ് ആന്റ് റോഡ് ഇനിഷ്യേറ്റീവിലെ ഒരു മുഖ്യ വ്യവസ്ഥയാണ് വികസനത്തിനുള്ള നിക്ഷേപത്തിൽ പ്രാദേശികമായ സാമ്പത്തിക പങ്കാളിത്തം. അതിന്റെ വ്യാപനം തടയാൻ എല്ലാ അടവുകളും അമേരിക്ക പ്രയോഗിച്ചു വരികയാണ്.

ഇൻഡ്യയും റഷ്യയുമായുള്ള വ്യാപാര കരാറനുസരിച്ച് യുദ്ധോപകരണങ്ങൾ കൂടാതെ ലോഹങ്ങൾ, മറ്റു മിനറലുകൾ, എണ്ണ തുടങ്ങിയവയുടെയെല്ലാം വ്യാപാരം ഇപ്പോൾ നടക്കുന്നത് രൂപ/ റൂബിൾ അടിസ്ഥാനത്തിലാണ്. 2022 ൽ ഇതിനായി ഒരു പ്രത്യേക സെറ്റിൽമെന്റ് സംവിധാനം റിസർവ് ബാങ്ക് ഏർപ്പെടുത്തി. ഇൻഡ്യയിലെ ബാങ്കുമായി ചേർന്ന് റഷ്യയിലും ഇൻഡ്യയിലും പ്രത്യേക അക്കൗണ്ട് തുടങ്ങി അതിലൂടെ കണക്കുകൾ പരസ്പരം സെറ്റിൽ ചെയ്യുന്ന രീതിയാണിത്

ഇതുപോലെ റഷ്യയും ചൈനയും തമ്മിലും റൂബിൾ / യുവാൻ ഇടപാട് ഒരുക്കിയിട്ടുണ്ട്. 2022 സെപ്റ്റംബറിൽ എത്തിച്ചേർന്ന കരാർ പ്രകാരം റഷ്യൻ എണ്ണക്കമ്പനിയായ ഗാസ്പ്രോം ചൈനക്കയക്കുന്ന എണ്ണയുടെ ബില്ല് യുവാനിലും മറിച്ച് ചൈന റഷ്യൻ ഉൽപ്പന്നത്തിന് റൂബിളിലുമാണ് ബില്ല് തയാറാക്കുന്നത്.

റഷ്യ. യുക്രൈൻ യുദ്ധം രൂക്ഷമായപ്പോൾ റഷ്യക്കെതിരെ അമേരിക്ക കൊണ്ടു വന്ന സാമ്പത്തിക ഉപരോധങ്ങളിലൊന്ന് അക്കൗണ്ടുകളുടെ അന്താരാഷ്ട്ര സെറ്റിൽമെന്റ് സംവിധാനമായ സ്വിഫ്റ്റ് (SWIFT : Society for Worldwide Interbank Financial Telecommunication) മരവിപ്പിക്കലായിരുന്നു. ഇതിനു സമാന്തരമായി മറ്റൊരു സംവിധാനം രൂപപ്പെടുത്താനുള്ള ചർച്ച നടന്നുവരികയാണ്. ഡോളറിനു പകരമായി സ്വർണ ശേഖരം (Gold Reserve) വർധിപ്പിക്കാനും നീക്കം നടക്കുന്നു. സുരക്ഷിത സെക്യൂരിറ്റി യായി ഡോളറിനു പകരം സ്വർണം സൂക്ഷിക്കാൻ തുടങ്ങിയപ്പോൾ ലോക മാർക്കറ്റിൽ സ്വർണത്തിന്റെ ഡിമാന്റ് വർധിച്ചു. സ്വർണ വില കുതിച്ചുയരാനുള്ള ഒരു കാരണം ഇതാണ്.

ലോക മേധാവിത്തം ഉറപ്പാക്കാനുള്ള ആഗോള മുതലാളിത്തത്തിന്റെ പരക്കം പാച്ചിലിൽ ഈ വൻശക്തികളുടെ സാമ്പത്തിക അടിത്തറക്ക് നിസ്സാരമല്ലാത്ത ഇളക്കം തട്ടിയിരിക്കുന്നു. 30 ട്രില്യൺ ഡോളറാണ് അമേരിക്കയുടെ ആഭ്യന്തര കടം. വിലക്കയറ്റവും തൊഴിൽ നഷ്ടവും രൂക്ഷമാണ്. ക്ഷേമ നടപടികൾ വെട്ടിച്ചുരുക്കിയിരിക്കുന്നു. യൂറോപ്പിലെ വമ്പൻമാരായ ജർമനിയും ഫ്രാൻസും ബ്രിട്ടനുമെല്ലാം വൻ സാമ്പത്തിക കുഴപ്പം നേരിടുന്നു. 2023 മാർച്ച് 9 ന് സിലിക്കൺ വാലി ബാങ്കിൽ നിന്ന് 42 ബില്യൺ ഡോളറിന്റെ നിക്ഷേപമാണ് പിൻവലിക്കപ്പെട്ടതെന്നാണ് എക്കണോമിസ്റ്റ് വാരിക റിപ്പോർട്ട് ചെയ്തത്. 229 ബില്യൺ ഡോളറിന്റെ മൂല്യമാണ് ഒറ്റയടിക്ക് കമ്പോളത്തിൽ നിന്ന് ചോർന്നുപോയതെന്നും യൂറോപ്പിലെയും ജപ്പാനിലെയും ബാങ്കുകളുടെ ഓഹരി മൂല്യം ഭയാനകമായ നിലയിൽ ഇടിഞ്ഞുവെന്നും വാരിക തുടർന്നു പറയുന്നു. അന്താരാഷ്ട്ര ബാങ്കുകളിൽ താരശോഭയോടെ വിലസിയ സ്വിസ് ബാങ്കിന്റെ ഓഹരി വില 24 ശതമാനം കണ്ടാണ് കുറഞ്ഞത്. അവർ സ്വിസ് സെൻട്രൽ ബാങ്കിന്റെ സഹായം തേടിയാണ് പിടിച്ചുനിന്നത്.

ഇതെല്ലാം വിരൽ ചൂണ്ടുന്നത് 2008 ലെ തകർച്ചയുടെ തുടർച്ചയിലേക്കാണ്. കൂടുതൽ സംഘർഷ മേഖലകൾ സൃഷ്ടിച്ച്, യുദ്ധ സമ്പദ്ഘടന പരിപോഷിപ്പിച്ച് ആധിപത്യം തുടരാനുള്ള പരിശ്രമങ്ങളുടെ പരാജയത്തിലേക്കാണ്. നോക്കൂ! ഇന്ന് മുതലാളിത്തത്തിന്റെ പറുദീസകൾ ആഭ്യന്തര പ്രശ്നങ്ങളുടെ ചുഴിയിലകപ്പെട്ട് വലയുകയാണ്. ഭരണകൂടങ്ങൾ ആ ക്രമണത്തിന്റെ കുന്തമുന തൊഴിലാളിക്കു നേരേ തിരിച്ചു വക്കുന്നു. തൊഴിലാളികൾ തെരുവിൽ തിരിച്ചടിക്കുന്നു; പ്രക്ഷോഭങ്ങളിലൂടെ, പണിമുടക്കിലൂടെ ബൂർഷ്വാ ജനാധിപത്യത്തിന് സ്തുതി ഗീതം പാടിയവർ ജനാധിപത്യത്തിന്റെ ശ്രീകോവിലെന്ന് അവർ തന്നെ കൊണ്ടാടിയ കാപിറ്റോൾ ഹില്ലിലേക്ക് തോക്കുമായി ഇരച്ചു കയറുന്നു. കപട ജനാധിപത്യത്തിന്റെ വാഴ്ത്തപ്പെട്ട മാതൃകകൾ ഫാസിസ്റ്റ് രീതിയിലേക്ക് കളം മാറി ചവിട്ടുന്നതിന്റെ സൂചനയാണ് ഇവിടെ നടമാടുന്നത്. ലോകം നീങ്ങുന്നത് ഏകധ്രുവത്തിലേക്കല്ല . അതിന്റെ രൂപം കൂടുതൽ ബഹുധ്രുവത്തിലേക്കാണ്●

# സോഷ്യലിസ്റ്റ് ബദലിനുള്ള ആഗോള സമരങ്ങളും ഇന്ത്യൻ തൊഴിലാളി വർഗവും സിഐടിയുവും



കെ.എൻ.ഗോപിനാഥ്

**മുതലാളിത്ത സമ്പദ്‌വ്യവസ്ഥ നേരിടുന്ന പ്രതിസന്ധിയുടെ ആഴം വർദ്ധിക്കുന്നതല്ലാതെ അതിൽ നിന്നും പുറത്ത് കടക്കാനാകുന്നില്ല എന്നതാണ് വസ്തുത. ഇത് വെളിവാക്കുന്നതാണ് ഓക്സ്ഫാമിന്റെയും, ഐഎംഎഫിന്റെയും സമകാലീന റിപ്പോർട്ടുകളിലെ സാമ്പത്തിക അസമത്വത്തിന്റെ ആഴം വ്യക്തമാക്കുന്ന കണക്കുകൾ. മുതലാളിത്ത പ്രതിസന്ധിക്ക് ശാശ്വത പരിഹാരമായി ലോകജനതയ്ക്ക് ആശ്രയിക്കാൻ കഴിയുന്നത് സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥയും ബദൽ നയങ്ങളുമാണ്**

ബൂർഷ്വാ സാമ്പത്തിക ശാസ്ത്രം മുതലാളിത്തത്തിന്റെ നാൾ വഴികളിലേക്ക് ഏതളവുകോൽ വച്ച് പരിശോധിച്ചിട്ടും മുതലാളിത്ത സമ്പദ്‌വ്യവസ്ഥ നേരിടുന്ന പ്രതിസന്ധിയുടെ ആഴം വർദ്ധിക്കുന്നതല്ലാതെ അതിൽ നിന്നും പുറത്ത് കടക്കാനാകുന്നില്ല എന്നതാണ് വസ്തുത. ഇത് വെളിവാക്കുന്നതാണ് ഓക്സ്ഫാമിന്റെയും, ഐഎംഎഫിന്റെയും സമകാലീന റിപ്പോർട്ടുകളിലെ സാമ്പത്തിക അസമത്വത്തിന്റെ ആഴം വ്യക്തമാക്കുന്ന കണക്കുകൾ. ബൂർഷ്വാ സാമ്പത്തിക ശാസ്ത്രത്തിന്റെ പ്രധാന തത്വങ്ങൾ ആഡം സ്മിത്തിന്റെയും കെയിൻസിന്റെയും കാലം മുതലുള്ളതും, നവലോകകാലത്തെ പ്രതിസന്ധികളുടെതടക്കമുള്ള ഘടകങ്ങൾ പ്രത്യേകം പ്രത്യേകം പരിശോധിച്ചാലും മുതലാളിത്ത പ്രതിസന്ധിക്ക് ശാശ്വത പരിഹാരമായി ലോകജനതയ്ക്ക് ആശ്രയിക്കാൻ കഴിയുന്നത് സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥയും ബദൽ നയങ്ങളുമാണ് എന്നത്, ചൈന, ക്യൂബ ഉൾപ്പെടെ ഇന്നും ലോകത്ത് സോഷ്യലിസ്റ്റ് ബദൽ നടപ്പിലാക്കി കരുത്തരായി മുന്നോട്ട് നീങ്ങുന്ന മുപ്പതോളം രാജ്യങ്ങളുടെ സാമ്പത്തിക വളർച്ച അടിവരയിടുന്നുണ്ട്.



മുതലാളിത്തത്തിന്, സമ്പത്തിന്റെ ആഗോള ആധിപത്യത്തെ തുടർന്ന് കൈവന്ന വികാസം ചൂണ്ടിക്കാണിക്കാനുണ്ടെന്നത് വിസ്മരിക്കാതെ തന്നെ, മുതലാളിത്ത വളർച്ചക്കിടയിൽ ഉയരുന്ന പ്രശ്നങ്ങൾ തൊഴിലാളിവർഗം ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. സമ്പത്തിന്റെ പറുദീസകൾ എന്ന് അവകാശപ്പെട്ടിരുന്ന വികസിത മുതലാളിത്തരാജ്യങ്ങളിൽ അവിടങ്ങളിലെ ഭരണകൂടങ്ങളും സാധാരണ ജനങ്ങളും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ താപനില അനുദിനം ഉയരുകയാണ്. സമ്പൽസമൃദ്ധം, ശ്രേഷ്ഠം എന്നെല്ലാം അവകാശപ്പെടുന്ന മുതലാളിത്ത രാജ്യങ്ങൾ തമ്മിൽ തമ്മിലുള്ള വൈരുദ്ധ്യവും ഏറുകയാണ്. സോവിയറ്റ് യൂണിയന്റെ രാഷ്ട്രീയ പ്രതിസന്ധിക്ക് ശേഷം, അവികസിത നാടുകളും വിവരണാതീതമായ ദുരിതങ്ങൾ നേരിടേണ്ടിവരികയാണ്. ചങ്ങാത്ത മുതലാളിത്തം, ചൂതാട്ട മുതലാളിത്തം എന്നിങ്ങനെയുള്ള ”ചതിക്കുഴികൾ” രൂപപ്പെടുകയും അപ്രത്യക്ഷമാകുകയും ചെയ്യുക




സ്വാഭാവികമാണെന്നത് വലിയ മുതലാളിയായ അദാനിക്കെതിരെ ഹിഡൻബർഗ് വെളിപ്പെടുത്തൽ വന്നിട്ടും കേന്ദ്രം ഭരണാധികാരികൾക്ക് ബോധ്യമാകാനിടയില്ല എന്നത് ഇന്ത്യ അഭിമുഖീകരിക്കുന്ന പ്രശ്നമാണ്.

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം 1944-70 കാലഘട്ടത്തിലായിരുന്നു മുതലാളിത്തത്തിന് വലിയ വളർച്ച ഉണ്ടായത്. കെയിൻസിന്റെ സാമ്പത്തിക നയങ്ങളാണ് പ്രധാന അടിസ്ഥാനം. എന്നാൽ പ്രതിസന്ധി വന്ന് അതിന്റെ നെല്ലിപ്പടിയിൽ എത്തിക്കഴിഞ്ഞാലും, സാവധാനത്തിൽ വളർച്ചയുണ്ടാകുന്നതായിരുന്നു ഈ കാലഘട്ടം. 1990 ന് ശേഷം ഏകലോകം എന്ന ലക്ഷ്യത്തിൽ നീങ്ങിയ ആധുനിക മുതലാളിത്തം ഉടനെ ലോകം വെട്ടിപ്പിടിക്കും എന്ന പ്രതീതി ജനിപ്പിച്ചെങ്കിലും ബഹുലോകത്തിന്റെ പ്രവണതകൾ നിലക്കാതെ തുടരുകയാണ്. അതുകൊണ്ട് വളർച്ചയും, മാന്ദ്യവും എന്ന വലയത്തിൽ നിന്ന് മുതലാളിത്ത സമ്പദ്‌വ്യവസ്ഥ പുറത്ത് കടക്കും എന്ന പ്രതീക്ഷ ബൂർഷ്വാസാമ്പത്തിക ശാസ്ത്രജ്ഞന്മാരും വച്ചു പുലർത്തുന്നില്ല.

വാൾസ്ട്രീറ്റ് കുഴപ്പവും പ്രക്ഷോഭവും ചില വസ്തുതകൾ വെളിവാക്കിയിരുന്നു. "കുമിള പൊട്ടൽ പ്രതിഭാസം" കെട്ടടങ്ങാതെ സിലിക്കൺ വാലി ബാങ്ക് തകർച്ചയിൽ എത്തി നിൽക്കുന്നു.

"ഞങ്ങൾ 99" എന്ന പ്രസ്ഥാനത്തിന്റെ അലയടികൾ ലോകത്താകെ പടരുന്ന കാഴ്ചയാണ് എവിടെയും.

അമേരിക്കയിൽ ആമസോൺ തൊഴിലാളികളും, ഊർജം, അദ്ധ്യാപകർ, സർക്കാർ ജീവനക്കാർ, റെയിൽവെ, കൽക്കരി, പ്രതിരോധം, പെൻഷൻകാർ തുടങ്ങി ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, ഗ്രീസ്, പാകിസ്ഥാൻ, ശ്രീലങ്ക, ഇന്ത്യ എന്നിങ്ങനെയുള്ള വികസിതവും അവികസിതവുമായ നാടുകളിൽ സമരങ്ങൾ ശക്തിപ്പെടുന്ന കാലമായി 2000-2023 മാറിക്കൊണ്ടിരിക്കുന്നു. ഭരണാധികാരികളുടെ ഉറക്കംകെടുത്തുന്ന സാർവദേശീയ പ്രക്ഷോഭങ്ങളിൽ ഇന്ത്യയിലെ കർഷക പ്രസ്ഥാനങ്ങൾ നയിച്ച ഒരു വർഷക്കാലം നീണ്ട സമരങ്ങളും, ഏപ്രിൽ 5 ന് തൊഴിലാളി കർഷകസഖ്യം ഉയർത്തിയ ഇന്ത്യൻ പാർലമെന്റ് മാർച്ചും ഇന്ത്യൻ പൊതുമേഖല തൊഴിലാളികളുടെ സ്വകാര്യവൽക്കരണ വിരുദ്ധ പ്രക്ഷോഭങ്ങളും, കേന്ദ്ര-സംസ്ഥാന ജീവനക്കാരുടെ സമരങ്ങളും സ്ഥാനം പിടിച്ചു.

ലോകം നേരിടുന്ന ധനകുഴപ്പം സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ മേഖലകളിലാകമാനം ഒരു ശൃംഖലാ കുഴപ്പങ്ങൾക്ക് വഴിമരുന്ന് ഇട്ടിരിക്കുന്നതിനാലാണ് പ്രക്ഷോഭങ്ങളുടെ വേലിയേറ്റങ്ങൾക്ക് കാരണമാകുന്നത്. ജീവനോപാധികളും വരുമാനവും നഷ്ടപ്പെടുന്ന ഭൂരിപക്ഷവും പ്രതിഷേധങ്ങൾ തീർക്കുന്നതിൽ അത്ഭുതപ്പെടാനില്ല. പഴയ ചാക്രിക കുഴപ്പങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ വ്യവസ്ഥിതിയെ തന്നെ പിടിച്ചു കുലുക്കുന്ന വലിയ പ്രതിസന്ധിയാണ് ഇന്ന് ലോകത്ത് ദർശനമാകുന്നത്.

1929-33 കാലത്ത് പ്രതിസന്ധി പരിഹരിക്കുന്നതിന് സമൂഹത്തിൽ "ഡിമാന്റ്" വർധിപ്പിക്കണമെന്നാണ് കെയിൻസ് പറഞ്ഞത്. അങ്ങിനെ ഡിമാന്റ് ഉയരണമെങ്കിൽ ഗവൺമെന്റ് നിക്ഷേപങ്ങൾ നടത്തണം. പൊതുമേഖല വികസിപ്പിക്കണം, അങ്ങിനെ വന്നാൽ തൊഴിലവസരങ്ങൾ വർധിക്കണം. തൊഴിലാളികൾ വർധിക്കണം. അവരുടെ ഡിമാന്റുകൾ വർധിക്കണം. അവരുടെ വാങ്ങൽ ശേഷിയും വർധിക്കണം. ഇവ നിറവേറ്റാൻ ഉൽപ്പാദനവും നിക്ഷേപവും വീണ്ടും വർധിപ്പിക്കണം. എന്നാൽ 1970 കളിലും 1990 കൾക്ക് ശേഷവും പൊട്ടിപ്പുറപ്പെട്ട പൊതുസാമ്പത്തിക കുഴപ്പവും, പണപ്പെരുപ്പവും, വിലവർധനവും കാരണം കെയിൻസിയൻ സിദ്ധാന്തങ്ങൾ പ്രതിസന്ധി പരിഹരിക്കുന്നതിനു പകരം അവ സൃഷ്ടിക്കുകയാണ് ചെയ്യുന്നത് എന്ന് മിൽട്ടൺ ഫ്രീഡ്മാനെപ്പോലുള്ള ശാസ്ത്രജ്ഞരും പ്രചരിപ്പിച്ചു. പകരം 1990 കളോടെ രാജ്യങ്ങൾ തമ്മിൽ തമ്മിൽ നടത്തുന്ന വിദേശ വ്യാപാരത്തിനെ അടിസ്ഥാന

മാക്കി കറൻസികളുടെ മൂല്യം നിർണയിക്കുന്ന വ്യവസ്ഥ നിലവിൽ വന്നു ഓഹരി കമ്പോളം വിപുലമായി. നവലിബറൽ നയങ്ങളുടെ അടിസ്ഥാനം ഇതായിരുന്നു. അതോടെ ഇന്ത്യയടക്കം ഗവൺമെന്റുകൾ കമ്മിധനകാര്യ നടപടികൾ വെട്ടിക്കുറയ്ക്കുകയായിരുന്നു. സർക്കാർ ചിലവുകളും വെട്ടിക്കുറച്ചു. ഗവൺമെന്റ് എല്ലാ മേഖലകളിൽ നിന്നും ചുരുങ്ങുന്ന പ്രവണതകൾ ശക്തമാക്കി. 20ാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ സോഷ്യലിസം സോവിയറ്റ് യൂണിയനിൽ തകർന്നതോടെ ലോകത്ത് മുതലാളിത്തം ശക്തിയാർജിക്കാൻ തുടങ്ങി. "വാഷിംഗ്ടൺ ധാരണകൾ" എന്ന പേരിൽ അമേരിക്കയുടെ നേതൃത്വത്തിൽ ആക്രമണോത്സുകമായ നവലിബറൽ നയങ്ങൾ ശക്തമായി. ലോകബാങ്ക് ഐ.എം.എഫ്, ഡബ്ല്യു.ടി.ഒ തുടങ്ങിയ സ്ഥാപനങ്ങളും ബഹുരാഷ്ട്ര കുത്തകകളും കളം നിറഞ്ഞ് നേതൃത്വം നൽകി. 2008 ഓടെ ആഗോള ധന പ്രതിസന്ധി അതി രൂക്ഷമായി. അതോടെ ആദം സ്മിത്തിനോ,കെയിൻസിനോ മാത്രമല്ല അവയെ തള്ളിപ്പറഞ്ഞ മീൽട്ടൻ ഫ്രീഡ്മാന്റെ നവ ഉദാരവൽക്കരണ നയങ്ങൾക്ക് പോലും ലോകത്തെ രക്ഷിക്കാനാകില്ല എന്ന് തെളിഞ്ഞിരിക്കുന്നു.

ഈ പുതിയ പ്രതിസന്ധി ലോകത്തെ മാത്രമല്ല ബൂർഷ്വാ ധന ശാസ്ത്രത്തെ തന്നെയും ബാധിച്ചിരിക്കുകയാണ്. കെയിൻസിലേക്ക് മടങ്ങിപോകണമെന്നും പാടില്ല എന്നും വിവാദങ്ങൾ ഉയരുകയാണ്. നെട്ടോട്ടമോടുന്ന സർക്കാരുകൾ ഭീമമായ കടക്കെണിയിലകപ്പെട്ടു. ജനങ്ങളെ പിഴിഞ്ഞും, കടം വാങ്ങിയും ഉണ്ടാക്കുന്ന പണം അദാനി പോലുള്ള കുത്തുകൾക്ക് കൈമാറി. പൊതുമേഖല ബാങ്കുകൾക്ക് പകരം കുത്തക ബാങ്കുകൾ, എൽഐസി,ജിഐസിക്കും പകരം സ്വകാര്യ ഇൻഷുറൻസ് കമ്പനികൾ, പൊതുമേഖലാ വ്യവസായങ്ങൾക്ക് പകരം സ്വകാര്യ കുത്തക വ്യവസായ സ്ഥാപനങ്ങൾ ശക്തിപ്പെട്ടു. ആസ്തി വിൽപനയും, ആത്മ നിർഭർ ഭാരതം, ഈസ് ഓഫ് ഡൂയിങ് ബിസിനസും ഇവയിലേക്കുള്ള സാർവ്വദേശീയ പാതകളായി വെട്ടിത്തുറന്നു. കടം വീട്ടുന്നതിന് എളുപ്പ വഴി പൊതുചിലവ് ചുരുക്കലായി. ആരോഗ്യം, വിദ്യാഭ്യാസം, ഭക്ഷ്യസുരക്ഷ, ക്ഷേമം ഇവയെല്ലാം കയ്യൊഴിഞ്ഞ് ജനങ്ങളിൽ ഭാരം വർധിപ്പിക്കുന്ന നടപടികൾ ഊർജിതമാക്കുകയാണ്. തൊഴിലുകളും വ്യാപാരങ്ങളും ഉൽപാദന മേഖലയും തകർന്ന് തൊഴിലില്ലായ്മയും ദാരിദ്ര്യവും പെരുകുന്നു. ഈ പശ്ചാത്തലത്തിൽ സിഐടിയു ഉയർത്തിപ്പിടിക്കുന്ന സോഷ്യലിസത്തിന്റെയും വർഗ്ഗസമര സിദ്ധാന്തങ്ങളുടെയും പ്രസക്തി തിരിച്ചറിയണം. മുതലാളിത്ത സ്വത്തുടമബന്ധങ്ങൾക്കുള്ളിൽ അവ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരമില്ല. സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥയിലെ ശാശ്വത പരിഹാരമാകു. ബദൽ മാർക്സിസം ആണ്.

ബൂർഷ്വാ ധന പണ്ഡിതന്മാരിൽ തന്നെ ജോസഫ് സ്റ്റിഫ്ഗ്ലിറ്റ്സിനെ പോലെ ഒരു വിഭാഗം ഈ യാഥാർത്ഥ്യം തുറന്നു പറയാൻ തുടങ്ങിയിട്ടുണ്ട്. അതേസമയം പ്രതിസന്ധികൾ രൂക്ഷമാകുമ്പോഴും സ്ഥാപനങ്ങൾ പൊളിയുമ്പോഴും സർക്കാരുകൾ അതിൽ ഇടപെടുകയോ ഏറ്റെടുക്കുകയോ ചെയ്യരുതെന്ന് വാദിക്കുന്നവരുമുണ്ട്. അങ്ങനെ ചെയ്യേണ്ടി വന്നാൽ അത് സോഷ്യലിസം ആണെന്ന വിവക്ഷയിൽ അത്തരക്കാർ സോഷ്യലിസത്തെ എതിർക്കുകയും ചെയ്യുന്നു.

വാൾ സ്ട്രീറ്റ് പ്രതിസന്ധിയിൽ അമേരിക്കൻ സർക്കാർ മൂലധനം നൽകി സഹായിച്ചത് സോഷ്യലിസമാണോ? നെഹുറുവിയൻ സോഷ്യലിസത്തിന്റെ ഇന്ത്യൻ അവസ്ഥ ഇന്ത്യയെ എവിടെയാണെത്തിച്ചിരിക്കുന്നത്?. കെ എം മാണിയുടെ അധ്വാന വർഗ്ഗ സോഷ്യലിസവും കേൾക്കേണ്ടി വന്നവരാണല്ലോ നാം. വർഗ്ഗസമര മാർഗ്ഗത്തിലൂടെ കെട്ടിപ്പടുക്കുന്ന ശാസ്ത്രീയ സോഷ്യലിസത്തെയാണ് സിഐടിയു ഉയർത്തിപ്പിടിക്കുന്നത്.നവലിബറൽ നയങ്ങളെ പിന്തുണക്കുന്നവർ തന്നെ കുഴപ്പത്തിലകപ്പെടുമ്പോൾ സർക്കാർ ഇടപെടണമെന്ന് ആവശ്യപ്പെടുന്നത് വിരോധാഭാസമാണ്. ഉൽപാദനത്തിന്റെ സാമൂഹിക സ്വഭാവവും സ്വത്തുടമാ ബന്ധങ്ങളുടെ സ്വഭാവവും തമ്മിലുള്ള വൈരുദ്ധ്യം കൂടുതൽ മൂർച്ഛിച്ചു വരുന്നതാണ് വർത്തമാനകാല ലോക സാഹചര്യം. ചൂഷണം ശക്തമാകുമ്പോൾ ചൂഷിതരായ മഹാഭൂരിപക്ഷവും നടത്തുന്ന വർഗ്ഗ സമരങ്ങളിലൂടെ സ്വകാര്യ സ്വത്തുടമസ്ഥതയുടെ സ്ഥാനത്ത് പൊതു ഉടമസ്ഥത സ്ഥാപിക്കപ്പെടുക എന്നതാണ് സോഷ്യലിസം. മുതലാളിത്തത്തിനുള്ളിൽ ഉൽപാദനോപകരണങ്ങൾ ചലിപ്പിക്കുന്ന വർഗ്ഗം തൊഴിലാളി വർഗ്ഗമാണ്. സോഷ്യലിസത്തിലെക്കുള്ള പരിവർത്തനത്തിൽ ഈ വർഗ്ഗത്തിനാണ് നിർണായക പങ്ക്. തൊഴിലാളിവർഗ്ഗം ചരിത്രപരമായ മേൽ കടമ നിറവേറ്റണമെങ്കിൽ ശാസ്ത്രീയ സോഷ്യലിസം എന്തെന്നുള്ളത് പഠിച്ചാലെ കഴിയു. ആ അറിവ് വർഗ്ഗത്തിന് ജന്മനാസിദ്ധിക്കുന്നതല്ല. ട്രേഡ് യൂണിയനും പുരോഗമന ജനാധിപത്യ പ്രസ്ഥാനവും വർഗ്ഗസമരങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടും, തൊഴിലാളികളുടെ വികാര വിചാരങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കിക്കൊണ്ടും മാർക്സിസത്തിന്റെ നാനാ ആശയങ്ങളും നിലപാടുകളും സന്ദർഭോചിതമായി വിശദീകരിച്ച് കൊടുക്കുകയും വേണം. അസംഘടിതരായി കഴിയുന്നവരെ തേടിച്ചെന്ന് സംഘടനകളിൽ കൊ

ണ്ടുവരണം. എന്നാൽ മാത്രമേ സാമൂഹ്യ പരിവർത്തനത്തിനുള്ള തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവ ശേഷി ഉജ്ജ്വലമായി ഉയർത്തി കൊണ്ടുവരാനാകൂ.

അതിനായി ട്രേഡ് യൂണിയനെ യന്ത്രങ്ങളോടും അതിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളെ യന്ത്ര ഭാഗങ്ങളോടും ഉപമിക്കാൻ ആർക്കും അവസരം ഉണ്ടാക്കി കൊടുക്കാതെ പ്രവർത്തിക്കാൻ കഴിയുക പ്രധാനമാണ്. യന്ത്ര ഭാഗങ്ങൾക്ക് ജീവനില്ല എന്നും, എന്നാൽ തൊഴിലാളികൾ സർഗ്ഗ ശക്തിയുള്ള മനുഷ്യരാണെന്നുമുള്ള തിരിച്ചറിവോടെ പ്രവർത്തിക്കുമ്പോൾ ആർക്കും മേൽ ഉപമകൾ ട്രേഡ് യൂണിയനിൽ ആരോപിക്കാനാവില്ല.

സിഐടിയു തൊഴിൽ മേഖലയിൽ വരുന്ന പ്രായോഗിക പ്രശ്നങ്ങളിലെല്ലാം അത് പരിഹരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ഗൗരവമായി ചർച്ച ചെയ്യുന്ന സംഘടനയാണ്. അലൻ ഗ്രീൻസ്മാനെ പോലുള്ളവർ പറഞ്ഞു വെച്ചതുപോലെ മുതലാളിത്തം ചരിത്രത്തിന്റെ അവസാന വാക്കാണെന്ന് സിഐടിയു അംഗീകരിക്കുന്നില്ല. മുതലാളിത്തം സോഷ്യലിസത്തിന് വഴി മാറി കൊടുക്കുന്നത് ചരിത്രത്തിന്റെ അനിവാര്യതയാണ്. ഈ കാഴ്ചപ്പാടില്ലാത്ത തൊഴിലാളിവർഗ്ഗ പ്രസ്ഥാനം സാമ്പത്തിക മാത്ര സമരവാദികളുടെ പ്രസ്ഥാനമായി മാറും. ആശയ പ്രചരണത്തിന്റെ ഭാഗം അവഗണിക്കുന്ന പ്രസ്ഥാനമല്ല സിഐടിയു.

തൊഴിലാളി വർഗ്ഗത്തിന്റെ ശക്തി ആ വർഗ്ഗത്തിന് തന്നെ പൂർണമായി തിരിച്ചറിയാനായിട്ടില്ല. അപ്പോൾ പിന്നെ ബൂർഷ്വാ തത്വചിന്തകർ തൊഴിലാളി വർഗ്ഗത്തിന് നേരെ ഉയർത്തുന്ന വിമർശനങ്ങൾക്ക് അത്ഭുതമില്ല. മാർക്സ് മാനിഫെസ്റ്റോയിൽ തൊഴിലാളി വർഗ്ഗം ആരെന്ന് നിർവചിക്കുന്നുണ്ട്. 'ജോലി കിട്ടാൻ കഴിയുന്ന കാലത്തോളം മാത്രം ജീവിക്കുകയും, തങ്ങളുടെ അധ്വാനം മൂലധനത്തെ വർധിപ്പിക്കുന്ന കാലത്തോളം മാത്രം ജോലി കിട്ടുകയും ചെയ്യുന്ന പണിക്കാരുടെ വർഗ്ഗമാണ് തൊഴിലാളി വർഗ്ഗം'. അധ്വാനത്തെ സ്വയം വിൽക്കേണ്ടി വരുന്ന തൊഴിലാളികൾ ഏതൊരു സാമഗ്രിയെയും പോലെ അധ്വാനത്തെ ചരക്കായി വിൽക്കുന്നു. തൽഫലമായി കമ്പോളത്തിലെ എല്ലാ ഗതിവിഗതികൾക്കും ഇരയാവുന്നു. ഈ യാഥാർത്ഥ്യം തിരിച്ചറിയുമ്പോൾ തൊഴിലുള്ള കടുത്ത ചൂഷണ വിധേയർ മാത്രം യോജിച്ച് സംഘടിച്ചാൽ പോലും അവർക്കൊറ്റക്ക് വിപ്ലവ ശക്തിയായി മാറാനാവില്ല. സമൂഹത്തിലെ മറ്റെല്ലാ ചൂഷിതരെയും ഒരുമിപ്പിക്കണം. ഈ തിരിച്ചറിവിലേക്ക് അതിവേഗത്തിൽ മുന്നേറാൻ തൊഴിലാളി വർഗ്ഗത്തെ പ്രാപ്തമാക്കുന്നതാണ് സമകാലീന ലോക സാഹചര്യം.●

# കേന്ദ്രത്തിന്റെ കടം 155.80 ലക്ഷം കോടി ; കടബാധ്യത മൊത്തം ആഭ്യന്തര വരുമാനത്തിന്റെ 57.3 ശതമാനം

നടപ്പ് വർഷം കേന്ദ്രസർക്കാരിന്റെ കടം 155.80 ലക്ഷം കോടി രൂപയായി പെരുകി. ഇതിൽ 148.8 ലക്ഷം കോടി ആഭ്യന്തര കടവും ഏഴ് ലക്ഷം കോടി വിദേശ കടവുമാണ്. മൊത്തം ആഭ്യന്തര വരുമാന (ജിഡിപി) ത്തിന്റെ 57.3 ശതമാനമാണ് കടബാധ്യതയെന്ന് രാജ്യസഭയിൽ വി ശിവദാസന് നൽകിയ മറുപടിയിൽ ധനമന്ത്രാലയം അറിയിച്ചു. വർഷം പലിശ കൊടുക്കാൻ വേണ്ടത് 9.4 ലക്ഷം കോടി രൂപയാണ്.



കോവിഡ് മൂലമാണ് 2020-21 ൽ കടം കൂടിയതെന്ന് കേന്ദ്രം ന്യായീകരിച്ചിരുന്നു. കോവിഡിന് മുമ്പേ കടം ഉയർന്നു തുടങ്ങിയെന്ന് കണക്കുകളിൽനിന്ന് വ്യക്തം. 2017-18ൽ 82.9 ലക്ഷം കോടി രൂപയായിരുന്നു കടം. 2018-19ൽ 92.5 ലക്ഷം കോടിയും 2019-20ൽ 105.2 ലക്ഷം കോടിയുമായി. 2020-21ൽ 122.1 ലക്ഷം കോടിയായി.

2021-22 ൽ കടം 138.9 ലക്ഷം കോടിയായി പെരുകി. മൊത്തം 45 ലക്ഷം കോടിയുടെ ഈ വർഷത്തെ കേന്ദ്ര ബജറ്റിൽ 27 ലക്ഷം കോടിയും കടമാണ്. അതിൽനിന്നുമാണ് 9.4 ലക്ഷം കോടി രൂപ പലിശ കൊടുക്കാൻ നീക്കിവയ്ക്കേണ്ടി വരുന്നത്. സംസ്ഥാന ജിഡിപിയുടെ 39 ശതമാനം മാത്രമുള്ള കേരളത്തിന്റെ കടം വലിയ അപകടമായി പ്രചരിപ്പിക്കുന്ന മാധ്യമങ്ങളും മറ്റും കേന്ദ്രത്തിന്റെ ഭീമമായ കടത്തെപ്പറ്റി മിണ്ടാറേയില്ലെന്ന് വി ശിവദാസൻ ചൂണ്ടിക്കാട്ടി.

## കടൽ സംരക്ഷിക്കാൻ

# കടലിന്റെ മക്കൾ പോരാട്ട ഭൂമികയിൽ




**പി.പി. ചിത്തരഞ്ജൻ എം.എൽ.എ.**

(കേരള സംസ്ഥാനമത്സ്യതൊഴിലാളി ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയും ഫിഷറീസ് കോർഡിനേഷൻ കമ്മറ്റി ജനറൽ കൺവീനറുമാണ്.)


**ആഴക്കടലും, തീരക്കടലും ബ്ലോക്കുകളാക്കി തിരിച്ച് സ്വകാര്യ കമ്പനിക്ക് നല്കികൊണ്ട് പരമാവധി ഖനനം നടത്തി ലാഭമുണ്ടാക്കാനാണ് കേന്ദ്രസർക്കാരിന്റെ നീക്കം. ഇതിന്റെ ഭാഗമായി, കടൽ മേഖലകളിലെ 'ധാതുക്കളുടെ വികസനവും നിയന്ത്രണവും സംബന്ധിച്ച 2002'ലെ നിയമം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന, പുതിയ നയത്തിന്റെ നോട്ടീസ് കേന്ദ്ര സർക്കാർ പുറത്തിറക്കിയിരിക്കുകയാണ്. മെയ് 5ന് പതിനായിരക്കണക്കിന് മത്സ്യതൊഴിലാളികൾ രാജ്ഭവനിലേക്ക് മാർച്ച് ചെയ്യുന്നു. ഇതോടൊപ്പം "കടൽ കടലിന്റെ മക്കൾക്ക്" എന്ന മുദ്രാവാക്യം ഉയർത്തി കേരളമത്സ്യതൊഴിലാളി ഫെഡറേഷൻ (സി.ഐ.ടി.യു.) നേതൃത്വത്തിൽ "കടൽ സംരക്ഷണശൃംഖല" സംഘടിപ്പിക്കുന്നു.**

കേന്ദ്രസർക്കാരിന്റെ ബ്ലൂഇക്കോണമി നയത്തിന്റെ ഭാഗമായി കടൽ മേഖലയാകെ അളന്ന് വില്ക്കാനുള്ള ശ്രമം ആരംഭിച്ചു കഴിഞ്ഞു. ഇതിലെ പ്രധാനപ്പെട്ട ഒരു ഘടകം കടലിലെ ഖനനമാണ്. ആഴക്കടലും, തീരക്കടലും ബ്ലോക്കുകളാക്കി തിരിച്ച് സ്വകാര്യ കമ്പനിക്ക് നല്കികൊണ്ട് പാരമാവധി ഖനനം നടത്തി ലാഭമുണ്ടാക്കാനാണ് കേന്ദ്രസർക്കരിന്റെ നീക്കം. ഇതിന്റെ ഭാഗമായി, ഇന്ന് നിലനില്ക്കുന്ന കടൽ മേഖലകളിലെ 'ധാതുക്കളുടെ വികസനവും നിയന്ത്രണവും സംബന്ധിച്ച 2002'ലെ നിയമം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന, പുതിയ നയത്തിന്റെ നോട്ടീസ് കേന്ദ്ര സർക്കാർ പുറത്തിറക്കിയിരിക്കുകയാണ്. ഫെബ്രുവരി 9നു പ്രസിദ്ധീകരിച്ചിരിക്കുന്ന നോട്ടീസിനു സംസ്ഥാന സർക്കാരുകളും ബന്ധപ്പെട്ടവരും മാർച്ച് 11നു മുമ്പ് മറുപടി നല്കണമെന്നും ഉത്തരവിട്ടിരുന്നു. ഇതനുസരിച്ച് സംസ്ഥാന സർക്കാരും മത്സ്യത്തൊഴിലാളി സംഘടനകളും അവരുടെ പ്രതികരണം നൽകിയിട്ടുണ്ട്.

നമ്മുടെ സമുദ്രം ധാതുസമ്പത്തുകളുടെ അമൂല്യ നിധിയാണ്. ബ്ല്യൂഇക്കോണമി രേഖകൾ പ്രകാരം ക്രൂഡ് ഓയിൽ, നാച്ചുറൽ ഗ്യാസ്, വിവിധയിനം മണലുകളും, ഖനലോഹങ്ങളും പോളിമെറ്റാലിറ്റ് നൊഡ്യൂളുക ളുമടക്കം എണ്ണമറ്റ പുതിയ സമ്പത്തുകളാകെ ഖനനം ചെയ്തെടുക്കാം. ഇവയെ സംബന്ധിച്ച ഒരു പഠനം ഇന്ത്യയുടെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും നാഷണൽ ഇൻസ്റ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫിയും നടത്തിയിട്ടുണ്ട്. ഇവ ലഭിക്കുന്ന സ്ഥലങ്ങളുടെ മാപ്പിംഗും നടത്തിയിട്ടുണ്ട്. ഇതുപ്രകാരം 79 ദശലക്ഷം ടൺ ഖനലോഹങ്ങളും 1,53,996 ദശലക്ഷം ടൺ ചുണ്ണാമ്പ് ചെളിയും 745 ദശലക്ഷം ടൺ നിർമ്മാണ ആവശ്യങ്ങൾക്കുള്ള മണലും കടലിലെ വിവിധ മേഖലകളിൽ നിന്നും ലഭ്യമാണ്. സ്വകാര്യമേഖലയുടെ പങ്കാളിത്തം പൂർണ്ണമായി ഉറപ്പിച്ച് 2022ലെ നിയമം നിർമ്മിക്കുമെന്ന് കേന്ദ്രസർക്കാർ പറയുന്നു.

7517 കിലോമീറ്റർ ദൈർഘ്യത്തിലാണ് ഇന്ത്യയിലെ തീരത്തെ സംബന്ധിച്ച കണക്ക്. ഇതിനെ തീരക്കടൽ, പുറംകടൽ, ആഴക്കടൽ എന്നിങ്ങനെയാണ് തരംതിരിച്ചിരുന്നുവെങ്കിൽ അതൊരു പഴയകഥയായി മാറുന്നു. ഈ പ്രദേശങ്ങളെയാകെ വിവിധ സ്ലാബുകളാക്കി തിരിച്ചാണ് ലേലം ചെയ്യുക. ഒരു വ്യക്തിക്ക് പരമാവധി 45 ബ്ലോക്കുകൾ (154 ച:കി.മീറ്റർ) വരെ സ്വന്തമാക്കാമെന്ന് രേഖ പറയുന്നു. ഒരാൾക്ക് 50 വർഷത്തേക്കാണ് കാലപരിധി നിശ്ചയിച്ചിരിക്കുന്നത്. ഖനനം ചെയ്യുന്ന കമ്പിനിക്ക് തന്നെ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള കോമ്പോസിറ്റ് ലൈസൻസാണ് നൽകുന്നത്. ആദ്യവർഷത്തെ പാട്ടവ്യവസ്ഥയിൽ വാടകയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

| | |
|---|---|
| 2 വർഷം മുതൽ 5 വർഷം വരെ | 50,000 രൂ. |
| 6 മുതൽ 10 വർഷം വരെ | 1,00,000 രൂ. |
| 11 മുതൽ 50 വർഷം വരെ | 2,00,000 രൂ. |

റോയൽട്ടിയാകട്ടെ വളരെ ചെറിയ തുകമാത്രം. കടലിനെയും കടൽ വിഭവങ്ങളെയും കോർപ്പറേറ്റുകൾക്ക് കൊള്ളയടിക്കുവാൻ അവസരം ഒരുക്കുന്ന മോദി സർക്കാർ മത്സ്യതൊഴിലാളികളുടെ മത്സ്യബന്ധനത്തിനുള്ള അവകാശം നിഷേധിക്കപ്പെടുകയോ പരിമിതപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

ഭരണഘടനയുടെ ലംഘനമാണ് കേന്ദ്ര സർക്കാർ ഈ വിഷയത്തിലും സ്വീകരിച്ചിരിക്കുന്നത്. ഭരണഘടനയുടെ ആർട്ടിക്കൾ 249 ഷെഡ്യൂൾ 11 ലിസ്റ്റ് 21 പ്രകാരം 22 കി. മീറ്റർ (12 നോട്ടിക്കൽമൈൽ) വരെയുള്ള കടൽഭാഗം സംസ്ഥാനങ്ങളുടെ അധികാരപരിധിക്കകത്തുള്ളവയും അവിടുത്തെ വിഭവപരിപാലനം, മത്സ്യബന്ധനത്തിനുള്ള അവകാശം, നിയന്ത്രണം തുടങ്ങിയവ സംസ്ഥാനങ്ങളുടെ അധികാരമാണ്. കേന്ദ്രസർക്കാ രിന്റെ പുതിയ നിർവ്വചനപ്രകാരം ഓഫ്ഷോറിൽ തീരദേശം (ടെറിട്ടോറിയൽ വാട്ടേഴ്സ്) അടക്കം ഉൾപ്പെടുത്തിയിരിക്കുന്നു. ഭരണഘടനാദത്തമായ ഒരു അവകാശം തന്നെ ഇതുവഴി അട്ടിമറിക്കപ്പെട്ടിരിക്കുന്നു.

രേഖ പ്രകാരം ഖനനം ചെയ്യുന്ന 745 ദശലക്ഷം ടൺ മണൽ കേരളം, തമിഴ്നാട്, ആന്ധ്ര, ഒറീസ എന്നിവയുടെ തീരത്തുനിന്നുമാണ്. ഇതിൽ ഭൂരിപക്ഷവും കേരളത്തിന്റെ തീരക്കടലിലോ പുറംകടലിലോ കിടക്കുന്ന നിക്ഷേപമാണ്. ഈ സംസ്ഥാനങ്ങളിൽ ഗൗദം അദാനിയുടെ കമ്പിനികൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. കടൽ തീരത്തും തീരത്തുനിന്ന് 100 മീറ്റർ വരെ ആഴത്തിലുമാണ് കരിമണൽ നിക്ഷേപമുള്ളത്. ഇൽമനൈറ്റ്, മോണോസൈറ്റ്, റൂടൈൽ, ഗാർനൈറ്റ്, സിർക്കോൺ, സില്ലിമനൈറ്റ് തുടങ്ങിയവ ഇതിലുൾ പ്പെടുന്നുണ്ട്. കരിമണൽ ഖനനത്തിന് പൊതുമേഖലക്ക് ഉണ്ടായിരുന്ന അവകാശം കോർപ്പറേറ്റുകളിലേക്ക് കൈമാറുന്നതോടുകൂടി ഈ മേഖലയിലെ പൊതുമേഖലാസ്ഥാപനങ്ങൾ അഗാധമായ പ്രതിസന്ധിയെ യാണ് അഭിമുഖീകരിക്കേണ്ടിവരുന്നത്. ബ്ലൂഇക്കോണമിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഡോ: ശൈലേഷ് നായിക്ക് കമ്മറ്റിയുടെ അഭിപ്രായത്തിൽ 18 ദശലക്ഷം ടണ്ണാണ് ധാതുക്കളെന്നും അവയുടെ മൂല്യം 120 ബില്യൺ ഡോളറാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

കടൽ ഖനനം കടലിന്റെ പാരിസ്ഥിതിക ഘടനയെ തകർക്കുന്ന നടപടിയാണ്. പുറംകടൽ ഖനനമെന്നാണ് നിയമമെങ്കിലും പുറംക്കടലിൽ തീരക്കടലും ഉൾപ്പെടുത്തി നിർവ്വചനം തന്നെമാറ്റിയിരിക്കുകയാണ്. കാരണം തീരക്കടലിലാണ് കേരളത്തിന്റെ കരിമണൽ നിക്ഷേപമുണ്ടെന്നതു തന്നെയാണ്.

നിലവിൽ ആഗോളതാപനത്തിന്റെ ഫലമായി കേരളതീരത്ത് 30 സെന്റീമീറ്റർ കടൽ നിരപ്പിൽ വർദ്ധനവുണ്ട്. 2050 ആകുമ്പോൾ അത് 90 സെന്റീമീറ്ററാകുമെന്നും വിലയിരുത്തപ്പെടുന്നുണ്ട്. തീരശോഷണം വ്യാപകമാകും. കടൽ മണൽ ഖനനം കൂടി നടപ്പാക്കപ്പെടുമ്പോൾ ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്.

കേരളത്തിന്റെ പുറം കടലിൽ വിവിധ പ്രദേശങ്ങളിലായി അടിഞ്ഞുകൂടിയ കടൽമണൽ നിർമ്മാണആവശ്യങ്ങൾക്ക് ഉപയോഗിക്കാമെ ന്നാണ് ഭരണാധികാരികൾ കണക്ക് കൂട്ടുന്നത്. മണൽ നിക്ഷേപത്തെ സംബന്ധിച്ച കണക്ക്കൂട്ടലുകൾ ശരിതന്നെയാണ്. പക്ഷേ ഈ നിക്ഷേപങ്ങൾക്ക് മുകളിൽ ഒന്നു മുതൽ ഒന്നര മീറ്റർ വരെ ഘനത്തിൽ ചെളിയും മറ്റു ജൈവഅവശിഷ്ടങ്ങളുമുണ്ട്. ഇവയെ വകഞ്ഞുമാറ്റിയാണ് താഴെയുള്ള മണൽ എടുക്കുക. ഒരു കിലോഗ്രാം മണൽ എടുക്കുമ്പോൾ ഏകദേശം 4 കിലോഗ്രാം അവശിഷ്ടങ്ങളും ഉണ്ടാകും. അവയെ അവിടെതന്നെ തട്ടിയിടും. ഇത് സൃഷ്ടിക്കുന്ന കലക്കൽ, ഇതിലൂടെ പുറത്ത് വരുന്ന വിഷവാതകങ്ങൾ ഇവ കടലിലെ ജീവികൾക്ക് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ഇവ പരിശോധിക്കപ്പെടേണ്ടതാണ്. കടലിലെ പ്രകാശസംശ്ലേഷണത്തെ ഈ കലക്കൽ പ്രതികൂലമായി ബാധിക്കും. പ്രധാന മത്സ്യഇനങ്ങളായ ചെമ്മീൻ, കിളിമീൻ, അരണമീൻ, ശീലാവ് തുടങ്ങിയ അടിഞ്ഞട്ടു മത്സ്യങ്ങളുടെ വാസഗൃഹങ്ങളില്ലാതാകും.

ഉപരിതലമത്സ്യങ്ങളായ ചാള, അയില, നെത്തോലി, വറ്റ, ആവോലി തുടങ്ങിയ മത്സ്യങ്ങൾക്കുള്ള ഭക്ഷണങ്ങളായ സയറ്റം, നുപ്ലാങ്ക്ടൺ തുടങ്ങിയവയുടെ രൂപീകരണവും തടയപ്പെടും. ചുരുക്കത്തിൽ മത്സ്യമേഖല പൂർണ്ണമായ തകർച്ചയെയാണ് നേരിടുക. ഈ ഗുരുതരമായ സാഹചര്യം മനസ്സിലാക്കി കേരളത്തിലെ മത്സ്യതൊഴിലാളി സംഘടനകളുടെ പൊതുവേദിയായ കേരള ഫിഷറീസ് കോർഡിനേഷൻ കമ്മറ്റിയുടെ നേതൃത്വത്തിൽ ശക്തമായ പ്രക്ഷോഭസമരപരിപാടികൾ ആരംഭിക്കുന്നു. മെയ് 5 ന് പതിനായിരക്കണക്കിന് മത്സ്യതൊഴിലാളികൾ രാജ്ഭവനിലേക്ക് മാർച്ച് ചെയ്യുന്നു. ഇതോടൊപ്പം ”കടൽ കടലിന്റെ മക്കൾക്ക്” എന്ന മുദ്രാവാക്യം ഉയർത്തി കേരളമത്സ്യതൊഴിലാളി ഫെഡറേഷൻ (സി.ഐ.ടി.യു.) നേതൃത്വത്തിൽ ”കടൽ സംരക്ഷണശൃംഖല” സംഘടിപ്പിക്കുന്നു. മത്സ്യതൊഴിലാളി സമൂഹം നിലനിൽപ്പിനായുള്ള ഈ പോരാട്ടത്തിന് എല്ലാവിധ പിന്തുണയും അഭ്യർത്ഥിക്കുന്നു.●

# സാമ്പത്തിക മാന്ദ്യവും ഉയരുന്ന പ്രക്ഷോഭങ്ങളും

**കേന്ദ്ര ബാങ്കുകൾ നിരന്തരമായി പലിശനിരക്ക് ഉയർത്തിയിട്ടും പിടിച്ചുനിർത്താൻ കഴിയാത്ത വിലക്കയറ്റം, അനന്തമായി തുടരുന്ന യുക്രൈൻ യുദ്ധം, താളം തെറ്റിയ അന്തർദേശീയ വിതരണ ശൃംഖല, അതുമൂലം ഇടിഞ്ഞുകൊണ്ടിരിക്കുന്ന അന്തർദേശീയ വ്യാപാരം ഇവയെല്ലാം സാമ്പത്തിക മേഖലയ്ക്ക് തിരിച്ചടിയാണ്. ഇതിനുപുറമേയാണ് അന്തർദേശീയ രാഷ്ട്രീയ സംഘർഷങ്ങൾ.**

### അന്തർദേശീയ സമ്പദ് രംഗം മാന്ദ്യത്തിൽ

അന്തർദേശീയ സമ്പദ് രംഗം ഒരു മാന്ദ്യത്തിന്റെ പിടിയിലേക്ക് വഴുതി വീഴാൻ നല്ല സാധ്യതയുണ്ടെന്നാണ് പല സാമ്പത്തിക ശാസ്ത്രജ്ഞരും അഭിപ്രായപ്പെടുന്നത്. കേന്ദ്ര ബാങ്കുകൾ നിരന്തരമായി പലിശനിരക്ക് ഉയർത്തിയിട്ടും പിടിച്ചുനിർത്താൻ കഴിയാത്ത വിലക്കയറ്റം, അനന്തമായി തുടരുന്ന യുക്രൈൻ യുദ്ധം, താളം തെറ്റിയ അന്തർദേശീയ വിതരണ ശൃംഖല, അതുമൂലം ഇടിഞ്ഞുകൊണ്ടിരിക്കുന്ന അന്തർദേശീയ വ്യാപാരം ഇവയെല്ലാം സാമ്പത്തിക മേഖലയ്ക്ക് തിരിച്ചടിയാണ്. ഇതിനുപുറമേയാണ് അന്തർദേശീയ രാഷ്ട്രീയ സംഘർഷങ്ങൾ. ചൈനയെ ഒറ്റപ്പെടുത്താൻ അമേരിക്കയുടെ നേതൃത്വത്തിൽ നടത്തുന്ന ശ്രമങ്ങളും റഷ്യ-യുക്രൈൻ സംഘർഷത്തിന്റെ ഫലമായി റഷ്യയും യൂറോപ്പും അമേരിക്കയുമായി നടക്കുന്ന നിഴൽ യുദ്ധങ്ങളും, അമേരിക്ക റഷ്യ ഉൾപ്പടെ പല രാജ്യങ്ങൾക്കുമെതിരെ പ്രഖ്യാപിച്ചിട്ടുള്ള ഉപരോധങ്ങളും അന്തർദേശീയ വ്യാപാരത്തെയും സമ്പദ് രംഗത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. 2008ൽ തുടങ്ങിയ പ്രതിസന്ധി പൂർണ്ണമായി തരണം ചെയ്യുന്നതിനു മുമ്പാണ് കോവിഡ് പൊട്ടിപ്പുറപ്പെട്ടത്. കോവിഡ് മൂലം രണ്ട് വർഷത്തോളം അന്തർദേശീയ സമ്പദ് രംഗം നിശ്ചലമായി എന്നു പറയാം. അതേ തുടർന്ന് വന്ന യുക്രൈൻ യുദ്ധം സ്ഥിതിഗതികളാകെ താറുമാറാക്കി. ഇത്തരം ഹ്രസ്വകാല വിഷയങ്ങളോടൊപ്പം അമേരിക്കൻ ഡോളറിന് സംഭവിച്ചുകൊണ്ടിരിക്കുന്ന ക്ഷീണം ഒരു ദീർഘകാല സാമ്പത്തിക പ്രശ്നമായി വളർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെയെല്ലാം തുടർച്ചയാണ് അമേരിക്കയിൽ പൊട്ടിപ്പുറപ്പെട്ടിട്ടുള്ള ബാങ്കിംഗ് പ്രതിസന്ധി.



ജോസ് ടി എബ്രഹാം

### ബാങ്കിംഗ് മേഖലയിലെ തകർച്ചകൾ

അന്തർദേശീയ രംഗത്ത് പ്രത്യേകിച്ച് അമേരിക്കയിലെ സാമ്പത്തിക പ്രശ്നങ്ങൾ ഒരു ബാങ്കിംഗ് മേഖലാ പ്രതിസന്ധിയായി മാർച്ച് 2023ൽ പൊട്ടിപ്പുറപ്പെട്ടു. 2008 സെപ്റ്റംബറിലെ 'ലേമെൻ ബ്രദേഴ്സ്' സാമ്പത്തിക സ്ഥാപനത്തിന്റെ തകർച്ചയിൽ തുടങ്ങി ലോകമാകെ വ്യാപിച്ച സാമ്പത്തിക പ്രതിസന്ധിയുടെ സൂചനകൾ ഇപ്പോൾ പൊട്ടിപ്പുറപ്പെട്ടിട്ടുള്ള പ്രതിസന്ധിയിലും കാണാൻ കഴിയും. ഇപ്പോഴത്തെ പ്രതിസന്ധി പുറത്ത് വന്നത് 2023 മാർച്ച് പത്താം തീയതിയിലെ അമേരിക്കയിലെ സിലിക്കൺ വാലി ബാങ്ക് തകർച്ചയോടെയാണ്. അതേ തുടർന്ന് അമേരിക്കയിലെ തന്നെ സിഗ്നേച്ചർ ബാങ്ക്, ഫസ്റ്റ് റിപ്പബ്ലിക് ബാങ്ക്, സ്വിറ്റ്സർലൻഡിലെ ക്രഡിറ്റ് സ്വീസ് എന്നിവയും തകർന്നു. ഈ പ്രതിസന്ധി മറ്റ് രാജ്യങ്ങളിലേക്കും പ്രദേശങ്ങളിലേക്കും എങ്ങനെ വ്യാപിക്കുമെന്ന് ഇപ്പോൾ പറയാൻ കഴിയില്ല.




1980കളിൽ റൊണാൾഡ് റീഗന്റെയും മാർഗരറ്റ്

# ക്ഷീണിക്കുന്ന ഡോളർ

ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം ബ്രിട്ടീഷ് പൗണ്ട് ക്ഷീണിക്കാനും അമേരിക്കൻ ഡോളർ ശക്തിപ്പെടാനും തുടങ്ങി. ഒരു രാജ്യത്തിന്റെ നാണയത്തിന്റെ ശക്തി നിലനിൽക്കുന്നത് ആ രാജ്യത്തിന്റെ സാമ്പത്തിക സൈനിക ശക്തിയുടെ അടിസ്ഥാനത്തിലാണ്.

ഒന്നാം ലോക മഹായുദ്ധം വരെ 100 വർഷത്തോളം ബ്രിട്ടീഷ് പൗണ്ടായിരുന്നു ആഗോള വ്യാപാരത്തിനും ആഗോള ഇടപാടുകൾക്കും ഉപയോഗിച്ചിരുന്ന ഏറ്റവും ശക്തമായ നാണയം. ഒന്നാം ലോക മഹായുദ്ധത്തോടെ ബ്രിട്ടൺ ക്ഷീണിതമായി അമേരിക്ക ശക്തമായി തുടങ്ങി. രണ്ടാം ലോക മഹായുദ്ധത്തോടെ അമേരിക്ക ലോകത്തെ ഏറ്റവും വലിയ സൈനിക സാമ്പത്തിക ശക്തിയായി തീർന്നു. അതോടെ അമേരിക്കൻ ഡോളറും ലോകത്തെ ഏറ്റവും ശക്തമായ നാണയമായി മാറി. 1960കളിൽ ലോകവ്യാപാരത്തിൽ ഏറ്റവും വ്യാപകമായി ഉപയോഗിച്ചുവന്നത് അമേരിക്കൻ ഡോളറാണ്. അമേരിക്കൻ ഡോളർ അക്കാലത്ത് സ്വർണ്ണത്തേക്കാളും മൂല്യവും ഈടുമുള്ള ഒരു ആസ്തിയായി കണക്കാക്കപ്പെട്ടിരുന്നു.



എന്നാൽ 1970കളോടെ എണ്ണവില കുതിച്ചുയർന്നു. അത് ആഗോള സമ്പദ് വ്യവസ്ഥയ്ക്ക് വലിയ തിരിച്ചടിയായി. അമേരിക്കൻ സമ്പദ് വ്യവസ്ഥയിലും ഇത് വലിയ കോളിളക്കം സൃഷ്ടിച്ചു. ഇതിന്റെ ഫലമായി 1971ൽ അമേരിക്കൻ പ്രസിഡന്റായിരുന്ന റിച്ചാർഡ് നിക്സൺ ഡോളറും സ്വർണ്ണവുമായിട്ടുള്ള എക്സേഞ്ച് സംവിധാനം നിർത്തലാക്കി. എങ്കിലും ഡോളർ ലോകത്തെ ശക്തമായ കറൻസിയായി തുടർന്നു.

1990കൾ വരെ ലോക വ്യാപാരത്തിന്റെ 90 ശതമാനവും അമേരിക്കൻ ഡോളറിലാണ് നടന്നിരുന്നത്. എന്നാൽ ക്രമേണ ഡോളറിന്റെ ശക്തി ക്ഷയിക്കാൻ തുടങ്ങി. അമേരിക്ക പല രാജ്യങ്ങൾക്കുമെതിരെ ഏർപ്പെടുത്തിയ ഉപരോധം മൂലം ആ രാജ്യങ്ങൾ അവരുടെ വ്യാപാരത്തിനായി അവരവരുടെ കറൻസിയെ ഉപയോഗിക്കാൻ ശ്രമം തുടങ്ങി. ഇതോടൊപ്പം യൂറോപ്യൻ യൂണിയന്റെയും യൂറോയുടെയും ഉദയം ഡോളറിന് ക്ഷീണമുണ്ടാക്കി.

2014ൽ റഷ്യയ്ക്കെതിരെ ഉപരോധം ഏർപ്പെടുത്തിയപ്പോൾ റഷ്യ പല രാജ്യങ്ങളുമായി ഇടപാട് നടത്താൻ അവരവരുടെ കറൻസി ഉപയോഗിക്കാൻ ധാരണയായി. റഷ്യയും ചൈനയും തമ്മിലുള്ള വ്യാപാരം ഇന്ത്യയും റഷ്യയുമായുള്ള വ്യാപാരം തുടങ്ങിയവയ്ക്കെല്ലാം അവരവരുടെ രാജ്യത്തിന്റെ നാണയമാണ് ഉപയോഗിക്കുന്നത്. ബ്രസീൽ, ആസ്ട്രേലിയ, അർജന്റീന, ഈജിപ്റ്റ്, സൗദി അറേബ്യ, തുർക്കി തുടങ്ങിയ അനേകം രാജ്യങ്ങൾ അവരവരുടെ കറൻസി ഉപയോഗിക്കാൻ റഷ്യ ഉൾപ്പടെയുള്ള രാജ്യങ്ങളുമായി ഉഭയകക്ഷി കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു.

ഈ രൂപത്തിൽ ഡോളറിന്റെ ഉപയോഗം ആഗോള വ്യാപാരത്തിൽ കുത്തനെ ഇടിയുന്നതാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. 1999ൽ ലോകത്തെ കറൻസി റിസർവ്വിന്റെ 71 ശതമാനം അമേരിക്കൻ ഡോളറിലായിരുന്നെങ്കിൽ 2021ൽ അത് 57 ശതമാനമായി ഇടിഞ്ഞു. അടുത്ത നാലഞ്ച് വർഷത്തിനുള്ളിൽ 45 ശതമാനത്തിലേക്ക് എത്തും എന്നാണ് പല സാമ്പത്തിക ശാസ്ത്രജ്ഞരുടെയും അനുമാനം. ഇത് അമേരിക്കൻ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഭീഷണിയാണ്. അമേരിക്കൻ ബാങ്കുകൾ തകർച്ചയെ നേരിടാനുള്ള ഒരു പ്രധാന കാരണവും ഡോളർ ക്ഷീണിക്കുന്നതാണ്.

താച്ചറിന്റെയും രാഷ്ട്രീയ നേതൃത്വത്തിൽ മിൽട്ടൺ ഫ്രീഡ് മാന്റെ സാമ്പത്തിക നയങ്ങൾ നവലിബറൽ നയങ്ങളെന്ന പേരിൽ ലോകമാകെ അടിച്ചേൽപ്പിക്കപ്പെട്ടു. എല്ലാം സ്വകാര്യവൽക്കരിക്കുക, എല്ലാം കമ്പോളത്തിനും ലാഭത്തിനും കീഴ്പ്പെടുത്തുക, സർക്കാരിന്റെ നിയന്ത്രണം സമ്പദ് മേഖലയിൽ വേണ്ട തുടങ്ങിയവയായിരുന്നു നവലിബറൽ നയങ്ങളുടെ അടിത്തറ. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം നടപ്പാക്കി വന്ന കെയിനീഷ്യൻ സാമ്പത്തിക ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയ മുതലാളിത്തവികസനം 1970കളോടെ പ്രതിസന്ധിയിലായി. അങ്ങനെ പ്രതിസന്ധിയിലായ മുതലാളിത്തത്തെ രക്ഷിക്കാൻ വേണ്ടിയാണ് നവലിബറൽ നയങ്ങൾ നടപ്പാക്കി തുടങ്ങിയത്. മുതലാളിത്തത്തിന്റെ ആ മാതൃകയും ഇപ്പോൾ വഴിമുട്ടി നിൽക്കുകയാണ്.

90 ഓളം വികസ്വര രാജ്യങ്ങൾ കടക്കെണിയിലാണ്. ശ്രീലങ്ക, പാകിസ്ഥാൻ തുടങ്ങി പല രാജ്യങ്ങളും വിലക്കയറ്റത്തിന്റെയും തൊഴിലില്ലായ്മയുടെയും മൂർധന്യാവസ്ഥയിലാണ്. ശ്രീലങ്കയിലെ സ്ഥിതി നാം കണ്ടതാണ്. വിലക്കയറ്റത്തിന്റെയും തൊഴിലില്ലായ്മയുടെയും പിടിയിലായ ജനങ്ങളുടെ പ്രക്ഷോഭത്തിൽ പ്രസിഡന്റിന് രാജ്യം വിട്ട് ഓടേണ്ടിവന്നു. പാകിസ്ഥാനിൽ ഈ കുറിപ്പെഴുതുമ്പോൾ രൂക്ഷമായ പട്ടിണിയാണ്. പണപ്പെരുപ്പം നാല്പത് ശതമാനത്തോളമാണ്. 1965 ന് ശേഷമുള്ള ഏറ്റവും ഉയർന്ന പണപ്പെരുപ്പ നിരക്കാണിത്. ഭക്ഷ്യ സാധനവിതരണത്തിനിടെ തിക്കിലും തിരക്കിലുംപെട്ട് പതിനാറിലധികം പേർ പാകിസ്ഥാനിൽ അടുത്തിടെ മരണമടഞ്ഞു.

### പ്രക്ഷോഭങ്ങൾ

സാമ്പത്തിക ദുരിതത്തിലായ ജനങ്ങൾ ലോകമാകെ പലരൂപത്തിൽ പ്രക്ഷോഭത്തിലാണ്. മുതലാളിത്തത്തിന്റെ കേന്ദ്രങ്ങളായ ജർമ്മനി, ഫ്രാൻസ്, ബ്രിട്ടൺ എന്നീ രാജ്യങ്ങളിലെല്ലാം തൊഴിലാളികളുടെ വൻ പ്രക്ഷോഭങ്ങൾ അലയടിക്കുകയാണ്.

ജർമ്മനിയിൽ അടുത്തകാലത്തൊന്നും കാണാത്ത പ്രക്ഷോഭങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. രൂക്ഷമായ പണപ്പെരുപ്പത്തെ അതിജീവിക്കാൻ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് തൊഴിലാളി സംഘടനകൾ മാർച്ച് 2728 തീയതികളിൽ രാജ്യത്താകെ പണിമുടക്കി. പണിമുടക്കിൽ ജർമ്മനിയാകെ നിശ്ചലമായി. റോഡ്, വ്യോമ, നാവിക ഗതാഗതമാകെ സ്തംഭിച്ചു. ചരക്കുഗതാഗതം തടസ്സപ്പെട്ടു. വേതനത്തിൽ പത്തര ശതമാനം വർദ്ധനവെങ്കിലും വേണമെന്നാണ് തൊഴിലാളി സംഘടനകൾ ആവശ്യപ്പെടുന്നത്. സർക്കാർ മുന്നോട്ട് വയ്ക്കുന്നത് അഞ്ച് ശതമാനം വേതന വർദ്ധനവ് മാത്രമാണ്.

ഫ്രാൻസിൽ മാക്രോൺ സർക്കാരിന്റെ തൊഴിലാളി വിരുദ്ധ പെൻഷൻ പരിഷ്കരണത്തിനെതിരെ വൻ പ്രക്ഷോഭമാണ് നടന്നു കൊണ്ടിരിക്കുന്നത്. 43 വർഷം സർവ്വീസ് പൂർത്തിയാക്കുന്നവർക്ക് മാത്രമേ പൂർണ്ണ പെൻഷൻ ലഭിക്കൂ എന്നതാണ് ഒരു പരിഷ്കാരം. മാർച്ച് 28 ന് നടന്ന ദേശവ്യാപക പ്രകടനങ്ങളിലും റാലികളിലും ഒൻപത് ലക്ഷം പേർ പങ്കെടുത്തു. പാരീസിൽ നടന്ന പ്രകടനത്തിൽ മാത്രം ഒരുലക്ഷത്തിലധികം പേർ പങ്കെടുത്തു. റെയിൽ, റോഡ്, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെല്ലാം തൊഴിലാളികൾ പ്രക്ഷോഭത്തിലാണ്. വിവിധ ഇടങ്ങളിൽ പോലീസും പ്രക്ഷോഭകരും തമ്മിൽ ഏറ്റുമുട്ടലുകളും നടന്നു.

ഇംഗ്ലണ്ടിലെ ഗതാഗത മേഖലയിലെ പ്രത്യേകിച്ച് റെയിൽവെ തൊഴിലാളികൾ തുടർച്ചയായ പ്രക്ഷോഭത്തിലാണ്.

ഐ.ടി, മോട്ടോർ, ആമസോൺ പോലെയുള്ള ഓൺലൈൻ കച്ചവട സ്ഥാപനങ്ങൾ, ആരോഗ്യ മേഖല തുടങ്ങി പല രംഗങ്ങളിലും തൊഴിലാളികൾ ലോകമാകെ പ്രക്ഷോഭത്തിലാണ്.

പ്രതിസന്ധിയിൽ നിന്നും പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുന്ന മുതലാളിത്തത്തിന് മനുഷ്യ സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിന് സഹായകരമല്ല എന്ന് നിരന്തരം തെളിഞ്ഞു കൊണ്ടിരിക്കുകയാണ്. സാമൂഹ്യ വ്യവസ്ഥയുടെ മാറ്റത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങളും പ്രചരണങ്ങളുമാണ് ഈ കാലം ആവശ്യപ്പെടുന്നത്.

## ലോകത്തെ 26 ശതമാനത്തിനും കുടിവെള്ളമില്ല ; യുഎൻ ലോക ജലവികസന റിപ്പോർട്ട്

ലോകത്തെ 26 ശതമാനംപേരും ശുദ്ധജലം ലഭിക്കാതെയും 46 ശതമാനം അടിസ്ഥാനശുചിത്വമില്ലാതെയുമാണ് ജീവിക്കുന്നതെന്ന് ഐക്യരാഷ്ട്ര സംഘടന.

യുഎൻ ലോക ജലവികസന റിപ്പോർട്ട് 2023ലാണ് ഈ വിവരം. 2030ഓടെ ഏവർക്കും ശുദ്ധജലവും ശുചിത്വവും ഉറപ്പാക്കുമെന്ന യുഎൻ ലക്ഷ്യത്തിൽ ഇത് വലിയ വിള്ളൽവീഴ്ത്തിയെന്നും ജല വികസന റിപ്പോർട്ട് വ്യക്തമാക്കുന്നു. അടിസ്ഥാനശുചിത്വമില്ലാതെ 36 ലക്ഷം പേരും ശുദ്ധമായ കുടിവെള്ളമില്ലാതെ 200 കൊടി പേരുമാണുള്ളത്. ഇവരെ സഹായിക്കാൻ ലോകം കൈകോർക്കണമെന്നും റിപ്പോർട്ട് ആവശ്യപ്പെടുന്നു. ഇതിനായി ഏതാണ്ട് 60,000 കോടി ഡോളർ മുതൽ ലക്ഷം കോടി ഡോളർ വരെ വേണ്ടിവരുമെന്നാണ് കണക്ക്.

# രോഗികളെ കൊള്ളയടിക്കുന്ന മരുന്നു വിലർദ്ധനവിന്റെ കാണാപ്പുറങ്ങൾ



പി.കെ.സന്തോഷ്

**2023 ഏപ്രിൽ ഒന്നുമുതൽ അവശ്യമരുന്നുകളുടെ വില 12.12% വർദ്ധിക്കുകയാണ്. ഇന്ത്യൻ ഔഷധ മേഖലയിൽ ജനപക്ഷത്തു നിന്നു കൊണ്ടുള്ള ഒരു ജനകീയ ഔഷധം നയം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള വലിയ പ്രചരണം സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്.**



ഔഷധവില താങ്ങാനാവാതെ ബഹുഭൂരിപക്ഷം ജനങ്ങളും ദുരിതമനുഭവിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് 2023 ഏപ്രിൽ ഒന്നുമുതൽ അവശ്യമരുന്നുകളുടെ വില 12.12% വർദ്ധിക്കുകയാണ്. ഇത് രാജ്യത്ത് അതിരൂക്ഷമായ വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങളുടെ മേൽ വീണ്ടും അമിത ഭാരം കെട്ടിവയ്ക്കുന്നതിന് കാരണമാകും. ഔഷധവില ഉത്പാദന ചിലവിന്റെ അടിസ്ഥാനത്തിൽ നിയന്ത്രിക്കണം എന്ന് പൊതുജനാരോഗ്യം ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നവർ നിരന്തരം ആവശ്യം ഉന്നയിക്കുന്ന ഘട്ടത്തിലാണ് മൊത്തവില സൂചികയിൽ വന്ന വർദ്ധനവിന്റെ വ്യാഖ്യാനം വെച്ച് ഔഷധ കമ്പനികൾക്ക് വില വർദ്ധിപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാർ നൽകിയത്. കാർഷികവിളകൾക്ക് ഉൽപാദന ചിലവിന്റെ 50% കൂടി ചേർത്ത് താങ്ങുവില നിശ്ചയിക്കണം എന്ന കർഷകരുടെ ദീർഘകാലമായുള്ള ആവശ്യത്തോട് മുഖം തിരിഞ്ഞു നിൽക്കുന്ന കേന്ദ്ര സർക്കാർ സ്വകാര്യ ഔഷധ കമ്പനികൾക്ക് ഉൽപാദനച്ചെലവിന്റെ മാനദണ്ഡം പോലും നോക്കാതെ അവരുടെ ഉൽപ്പന്നമായ ഔഷധങ്ങൾക്ക് വില വർദ്ധിപ്പിച്ച് ലാഭം കൊയ്യാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയാണ് എന്നും കാണണം.

ആരോഗ്യ സേവനരംഗത്ത് പൊതുമേഖലയുടെ പങ്കാളിത്തം കേവലം 30% മാത്രമാണ് എന്ന് ദേശീയ സാമ്പിൾ സർവേ ഓർഗനൈസേഷൻ 20172018 ചൂണ്ടിക്കാണിക്കുന്നു. പുത്തൻ സാമ്പത്തിക നയം നിഷ്കർഷിക്കുന്നതിനനുസരിച്ച് സേവനരംഗത്തുനിന്നുള്ള സർക്കാറിന്റെ പിന്മാറ്റത്തിന്റെ അനന്തരഫലം ആണിത്. ഇപ്പോൾ തന്നെ രാജ്യത്തെ 35% ജനങ്ങൾക്ക് മാത്രമേ ഔഷധങ്ങൾ എത്തിപ്പിടിക്കാൻ ആവുന്നുള്ളൂ എന്ന് നടത്തിയിട്ടുള്ള പഠനങ്ങളിൽ നിന്നും വ്യക്തമാവുകയാണ്. ഔഷധവില നിയന്ത്രിക്കേണ്ട ഈ സാഹചര്യത്തിലും നാമമാത്രമായ വില നിയന്ത്രണങ്ങൾ പോലും രാജ്യത്തെ ഔഷധങ്ങളുടെ (വിലയുടെ അടിസ്ഥാനത്തിൽ) 14 ശതമാനത്തിന് മാത്രമാണ് എന്നത് വില നിയന്ത്രണത്തിന്റെ അപര്യാപ്തത ചൂണ്ടിക്കാണിക്കുന്നതാണ്. ഈ ഘട്ടത്തിലാണ് ആവശ്യമരുന്നുകളുടെ വില വീണ്ടും വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയത്.

ഇന്ത്യൻ ഔഷധ മേഖലയിൽ ജനപക്ഷത്തു നിന്നു കൊണ്ടുള്ള ഔഷധനയം നടപ്പിലാക്കണമെന്ന് പൊതുജനാരോഗ്യ താൽപര്യം മുൻനിർത്തി ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളും ട്രേഡ് യൂണിയനകളും ഏറെക്കാലമായി ഉയർത്തുന്ന ആവശ്യമാണ്. എന്നാൽ ഔഷധ രംഗത്ത് ജനോപകാരപ്രദമായി അവശേഷിക്കുന്ന തുരുത്തുകൾ പോലും കോർപ്പറേറ്റ് കമ്പനികൾക്ക് മുന്നിൽ അടിയറവ് വയ്ക്കുകയാണ് കേന്ദ്രസർക്കാർ. സ്വാതന്ത്ര്യാനന്തരം വിദേശ കമ്പനികളുടെ ആധിപത്യത്തിന് കീഴിലായിരുന്ന ഇന്ത്യൻ ഔഷധ മേഖല വളർച്ചയിലേക്കും സ്വയം പര്യാപ്തതയിലേക്കും എത്തിച്ചേർന്നത് 70 കളിൽ രാജ്യ താത്പര്യം പരിഗണിച്ചുകൊണ്ട് നടപ്പിലാക്കിയ നയങ്ങൾ കാരണമായിരുന്നു. ഉൽപാദന പ്രക്രിയ അടിസ്ഥാന

മാക്കിയ 1970ലെ ഇന്ത്യൻ പാറ്റന്റ് നിയമം, 1979 ലെ ഡ്രഗ് പ്രൈസ് കൺട്രോൾ ഓർഡർ (ഉജജഇഛ), വിദേശ നിക്ഷേപ നിയന്ത്രണ നിയമം പൊതുമേഖല ഔഷധ കമ്പനികളുടെ സ്ഥാപനം എന്നിവ ഇന്ത്യൻ ഔഷധ മേഖലയെ ലോകത്തിൻറെ ഫാർമസി എന്ന വിളിപ്പേര് അർഹമാക്കുന്ന തരത്തിൽ വളർത്തി. എന്നാൽ 90 കളിൽ വികസിത മുതലാളിത്ത രാജ്യങ്ങളുടെ സമ്മർദ്ദത്തിന് വിധേയപ്പെട്ട് നടപ്പിലാക്കിയ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി കൊള്ളലാഭത്തിനായി പരതി നടക്കുന്ന മുതലാളിത്തത്തിന്റെ കഴുകൻ കണ്ണുകൾക്ക് മുന്നിൽ ഇന്ത്യൻ ഔഷധ മേഖലയും തുറന്നുകൊടുക്കപ്പെട്ടു. വൻകിട കമ്പനികളുടെ താൽപര്യം സംരക്ഷിച്ചുകൊണ്ട് ഔഷധ മേഖലയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന നയങ്ങൾ ഗൗരവപരമായ വിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്. രോഗചികിത്സാ ചെലവിന്റെ 70% ത്തോളവും ഔഷധങ്ങൾക്കും അതുമായി ബന്ധപ്പെട്ട ഉപകരണങ്ങൾക്കും വേണ്ടിയാണ് എന്ന് ഈ മേഖലയിൽ നടത്തിയ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഔഷധവില താങ്ങാനാവാതെ ബഹുഭൂരിപക്ഷം ജനങ്ങളും ദുരിതമനുഭവിക്കുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് വിലകൂടിയ പാറ്റൻറ് മരുന്നുകളുടെ തള്ളിക്കയറ്റവും, വില നിയന്ത്രണത്തിലെ അപാകതയും, ഔഷധങ്ങൾക്ക് ചുമത്തിയ അധിക ജിഎസ്ടിയും, ഓൺലൈൻ വ്യാപാരവുമെല്ലാം പ്രതിസന്ധി മൂർച്ഛിപ്പിക്കുകയാണ്.

ഔഷധങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമാവണമെന്ന് ലക്ഷ്യത്തോടെ പ്രഖ്യാപിച്ച 1979ലെ വില നിയന്ത്രണ ഉത്തരവ് (DPCO) നവ ഉദാരവൽക്കരണ ആരംഭ കാലഘട്ടം മുതൽ ഇല്ലാതാക്കാനുള്ള ശ്രമം ആരംഭിച്ചു. ആദ്യഘട്ടങ്ങളിൽ നിയന്ത്രണവിധേയമായ ഔഷധങ്ങളുടെ എണ്ണം കുറച്ചു കൊണ്ടുവരിക എന്ന നിലപാടാണ് സ്വീകരിച്ചതെങ്കിൽ 2013 ഓടെ DPCO തന്നെ എടുത്തു കളഞ്ഞു. ഇത് കോടതിയിൽ ചോദ്യം ചെയ്തപ്പോൾ കോടതി ഉത്തരവിന്റെ ഭാഗമായി ആവശ്യമരുന്നുകളുടെ പട്ടിക (NLEM) തയ്യാറാക്കുകയും അവയ്ക്ക് നാമ മാത്രമായ നിയന്ത്രണം കൊണ്ടുവരികയുമാണ് ചെയ്തത്. ഇങ്ങനെ വില നിശ്ചയിക്കുന്നതിന് ഉത്പാദനച്ചെലവുമായി യാതൊരു ബന്ധവുമില്ലാതെയാണ് എന്നത് ഔഷധ കമ്പനികൾക്ക് ആവശ്യമരുന്നുകളുടെ പട്ടികയിൽപ്പെട്ട മരുന്നുകൾക്ക് പോലും കൊള്ളലാഭം ലഭിക്കുന്ന സ്ഥിതി വന്നു. ഇത്തരത്തിൽ നിയന്ത്രണവിധേയമായ മരുന്നുകളുടെ വില കഴിഞ്ഞ വർഷം 10% ത്തിലധികം വർദ്ധിപ്പിച്ചതാണ്. അതിനുപുറത്താണ് 2023 ഏപ്രിൽ ഒന്നു മുതൽ 12.12% വില വർദ്ധിപ്പിക്കുന്നതിന് ഔഷധ കമ്പനികൾക്ക് കേന്ദ്ര ഗവൺമെൻറ് അനുമതി നൽകിയിരിക്കുന്നത്. അവശ്യമരുന്നുകൾക്ക് മേൽ നിശ്ചയിച്ച ജിഎസ്ടി യുടെ ഭാരം കൂടി രോഗികൾ താങ്ങേണ്ടി വരികയാണ്. ഔഷധങ്ങൾക്ക് മേലുള്ള ജിഎസ്ടി എടുത്തുകളയണമെന്ന ആവശ്യം കേന്ദ്രസർക്കാരിന്റെ ബധിരകർണ്ണത്തിലാണ് പതിക്കുന്നത്. തൊഴിലാളികളും സാധാരണക്കാരും അനുഭവിക്കുന്ന ദുരിതത്തീയിൽ എണ്ണ ഒഴിക്കുകയാണ് ഔഷധങ്ങളുടെ വിലവർധന.

ഔഷധ കമ്പനികൾ കൊള്ളലാഭം കൊയ്യുന്ന ഔഷധ മേഖലയിൽ കമ്പനികൾ തമ്മിലുള്ള അനാരോഗ്യകരമായ മത്സരം പലതരത്തിലുള്ള അധാർമിക പ്രവണതകൾക്കും ഇടയാക്കുന്നുണ്ട്. കുറഞ്ഞ ഉല്പാദനച്ചെലവും ഉയർന്ന പരമാവധി വിലയും കാരണം ഔഷധ കമ്പനികളുടെ കൈകളിലേക്ക് ഒഴുകിയെത്തുന്ന കോടികൾ, സ്വാധീനിച്ചും പ്രലോഭിപ്പിച്ചും കുറിപ്പെഴുതിപ്പിക്കുന്നതിലേക്കും വിൽപ്പന വർദ്ധിപ്പിക്കുന്നതിലേക്കും കമ്പനികളെ കൊണ്ടെത്തിച്ചിരിക്കുന്നു. ഔഷധ മേഖലയിലെ അധാർമിക വിപണന രീതികളെ നിയന്ത്രിക്കുന്നതിനായി ഒരു നിയമാവലി കേന്ദ്രസർക്കാർ 2015 ൽ പാർലമെൻറിൽ വെച്ചിരുന്നു. യൂണിഫോം കോഡ് ഫോർ ഫാർമസ്യൂട്ടിക്കൽ മാർക്കറ്റിംഗ് പ്രാക്ടീസ് (UCPMP) എന്നാണ് അതിന്റെ പേര്. ആദ്യത്തെ ആറു വർഷക്കാലം അത് ഒരു മാർഗ്ഗരേഖയായി സ്വയം പാലിക്കണമെന്നും അതിനുശേഷം അത് നിർബന്ധിത നിയമമായി മാറും എന്നായിരുന്നു കോഡ് പാർലമെൻറ് അവതരിപ്പിച്ചുകൊണ്ട് കേന്ദ്രസർക്കാർ വ്യക്തമാക്കിയിരുന്നത്. എന്നാൽ ഏഴു വർഷം കഴിഞ്ഞു കോഡ് നിർബന്ധമാക്കിയില്ല എന്ന് മാത്രമല്ല അത്തരത്തിൽ ഒരു സാഹചര്യം നിലവിലില്ല എന്നാണ് കോഡ് നിർബന്ധമായും നടപ്പിലാക്കണം എന്ന് ആവശ്യപ്പെട്ട് മെഡിക്കൽ സെയിൽസ് റെപ്രസെന്റേറ്റീവ് മാരുടെ അഖിലേന്ത്യാ ഫെഡറേഷൻ ആയ എഫ് എം ആർ ഐ ആയി സുപ്രീംകോടതിയെ സമീപിച്ചപ്പോൾ കേന്ദ്രസർക്കാർ സത്യവാങ്മൂലം നൽകിയത്. കേന്ദ്രസർക്കാർ ഏജൻസി തന്നെ കോവിഡ് കാലത്ത് മരുന്ന് കുറിക്കുന്നതിന് കോടികൾ നൽകി എന്ന കണ്ടെത്തിൽ നടത്തിയതിനുശേഷം ആണ് ഈ സത്യവാങ്മൂലം എന്ന് കാണണം.

ഈ സാഹചര്യത്തിൽ ഔഷധ വിലവർധനവിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതിന് ജനകീയ സംഘടനകൾ രംഗത്തിറങ്ങേണ്ടതുണ്ട്. അതോടൊപ്പം തന്നെ പൊതുവേ വലിയ വിഭാഗം ജനങ്ങൾ അജ്ഞരായ ഔഷധ രംഗത്തെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യാൻ നാം സന്നദ്ധമാകേണ്ടതും, ഒരു ജനകീയ ഔഷധം നയം നടപ്പിലാക്കി കിട്ടുന്നതിന് വേണ്ടിയുള്ള ആവശ്യം ഉയർത്തി കൊണ്ടുള്ള വലിയ പ്രചരണം സംഘടിപ്പിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്.

# കേന്ദ്ര പൊതുമേഖലയെ തകർക്കുന്ന ബിജെപി സർക്കാർ നയങ്ങൾ

എം.ജി.അജി

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയും, സ്വകാര്യവൽക്കരിച്ചും, സ്ഥിരം തൊഴിലുകൾ കരാർവൽക്കരിച്ചും, വർഷങ്ങളായി ശമ്പള പരിഷ്ക്കരണം നിഷേധിച്ചും പൊതുമേഖലയെ തകർക്കുന്ന, തൊഴിലാളികളെ പ്രതിസന്ധിയിലാക്കുന്ന കേന്ദ്ര സർക്കാർ നയത്തിനെതിരെ തുടർച്ചയായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാൻ മാർച്ച് 18 ന് കളമശ്ശേരിയിൽ ചേർന്ന കേന്ദ്ര പൊതുമേഖലാ സംസ്ഥാന കൺവൻഷൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുന്നിൽ ശ്രദ്ധ ക്ഷണിക്കൽ സദസ്സ് സംഘടിപ്പിക്കും. ഏപ്രിൽ 28 ന് ജില്ലാതലത്തിൽ കേന്ദ്രസർക്കാർ ഓഫീസ് മാർച്ചും സംഘടിപ്പിക്കും.**




പൊതുമേഖലയിൽ ഉത്പാദനക്ഷമത തീരെയില്ലാത്തതുകൊണ്ട് അവ സ്വകാര്യ മാനേജ്മെന്റിനെ ഏൽപ്പിച്ചാൽ പ്രവർത്തനം മെച്ചപ്പെടുത്താനാകുമെന്ന വസ്തുതാവിരുദ്ധമായ പ്രചാരണമാണ് കേന്ദ്ര സർക്കാരും പൊതുമേഖലാ വിരുദ്ധരും തുടർച്ചയായി നടത്തുന്നത്. വസ്തുതകളുടെ പിൻബലമില്ലാത്ത പ്രചാരണങ്ങൾ ജനങ്ങളുടെ പൊതുബോധമാക്കി വളർത്തിക്കൊണ്ടുവരാൻ അവർ ശ്രമിക്കുന്നുമുണ്ട്. കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപന തീരുമാനം പ്രഖ്യാപിക്കുമ്പോൾ ആദ്യകാലങ്ങളിൽ ഉയർന്നതുപോലെയുള്ള പ്രതിഷേധങ്ങൾ ഇപ്പോൾ ഉയരാത്തത് ആസൂത്രിതമായ പൊതുബോധ നിർമ്മതികൊണ്ടാണെന്ന കാര്യം നാം ഗൗരവത്തോടെ കാണേണ്ട ഒരു യഥാർത്ഥ്യമാണ്.

### കേന്ദ്ര പൊതുമേഖല ഇന്ന്

18 ആയുധ നിർമാണശാലകൾ മാത്രമാണ് ഇന്ത്യ സ്വതന്ത്ര്യമാക്കപ്പെട്ടപ്പോൾ ഗവൺമെന്റ് നിയന്ത്രണത്തിലുണ്ടായിരുന്ന വ്യവസായ സ്ഥാപനങ്ങൾ. കാർഷിക രാജ്യമായ ഇന്ത്യയിൽ വ്യവസായവൽക്കരണം സാധ്യമാകണമെങ്കിൽ ഗവൺമെന്റിന്റെ ഇടപെടൽ അനിവാര്യമാണെന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് 1956-60ലെ രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി 1956ൽ പ്രഖ്യാപിച്ച വ്യവസായ നയമാണ് ഇന്ത്യയിലെ പൊതുമേഖലാ മുന്നേറ്റത്തിന്റെ അടിത്തറ. ഈ നയത്തിന്റെ ഭാഗമായി 29 കോടി രൂപ നിക്ഷേപിച്ച് ആരംഭിച്ച അഞ്ച് സ്ഥാപനങ്ങളിൽ നിന്നാണ് ഇന്ത്യയിലെ പൊതുമേഖലകളുടെ ചരിത്രം തുടങ്ങുന്നത്.

പൊതുമേഖലയ്ക്കുണ്ടായ വളർച്ച 2021-22 ലെ പബ്ലിക് എന്റർപ്രൈസസ് സർവ്വേ റിപ്പോർട്ടിൽ നിന്നും മനസിലാക്കാം..

ആകെ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ .... 389
പ്രവർത്തിക്കുന്നവ ............................................... 245
നിർമ്മാണത്തിലിരിക്കുന്നത് .............................. 95
അടച്ചു പൂട്ടിയ സ്ഥാപനങ്ങൾ ........................... 49



**സാമ്പത്തിക അവലോകനം**

സാമ്പത്തിക നിക്ഷേപം ........................................ 22.81 ലക്ഷം കോടി
മൂലധന നിക്ഷേപം................................................ 35.21 ലക്ഷം കോടി
റവന്യു വരുമാനം................................................. 31.95 ലക്ഷം കോടി
മൊത്തലാഭം ........................................................ 2.49 ലക്ഷം കോടി
കരുതൽധനവും മിച്ചവും........................................ 12.40 ലക്ഷം കോടി
മൊത്തം മൂല്യം ...................................................... 15.58 ലക്ഷം കോടി
ലാഭവിഹിതം........................................................ 1.15 ലക്ഷം കോടി
സാമൂഹ്യ ഉത്തരവാദിത്ത ഫണ്ട് ......................... 4600 കോടി
ഗവേഷണവികസന ഫണ്ട് ................................ 6894 കോടി

2021-22ൽ പൊതുമേഖലയുണ്ടാക്കിയ മൊത്തം മൂല്യവർദ്ധനയുടെ (7,60,703 കോടി രൂപ) 20.31 ശതമാനമാണ് (1,54,508 കോടി രൂപ) ജീവനക്കാരുടെ ശമ്പളവും ആനുകുല്യവുമായി നൽകിയത്. സ്വകാര്യ മേഖലയിൽ ഇത് 6 ശതമാനത്തിൽ താഴെയാണ്. സംഘടിത സ്വകാര്യമേഖലയിൽ സമ്പത്ത് കേന്ദ്രീകരിക്കപ്പെടുന്നത് ഇങ്ങനെയാണ്.

8,41,094 സ്ഥിരം ജീവനക്കാരും 6,21,113 കരാർ തൊഴിലാളികളുമാണ് പൊതുമേഖലയിൽ ഉള്ളത്. 2012 13ൽ സ്ഥിരം തൊഴിലാളി 14.04 ലക്ഷമായിരുന്നു.10 വർഷത്തിനുള്ളിൽ 6.37 ലക്ഷം തൊഴിലുകൾ ഇല്ലാതായി.(നിയോലിബറൽ നയങ്ങൾ തൊഴിൽ ഇല്ലാതാക്കുന്ന വികസനമാണ് നടത്തുന്നത്)

മൊത്തം ജീവനക്കാരിൽ 9.12 ശതമാനം (76,678) വനിതകളും, 17.38 ശതമാനം (1,45,780) പട്ടികജാതി, 10.19 ശതമാനം (85450) പട്ടികവർഗം, 22.63 ശതമാനം (189769) ഒബിസി വിഭാഗത്തിൽ പെട്ടവരുമാണ്. (6.32 ലക്ഷം തൊഴിലുകൾ ഇല്ലായപ്പോൾ സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന 3.16 ലക്ഷം അവസരമാണ് ഇല്ലാതായത്)

2021-22 സാമ്പത്തിക വർഷം 2,26,971.12 കോടി രൂപയുടെ സാധന സാമഗ്രികൾ സംഭരിച്ചപ്പോൾ അതിൽ 53,594.41 കോടി രൂപയുടെ സംഭരണം എം എസ് എം ഇ കളിൽ നിന്നായിരുന്നു.

കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ സംരക്ഷിക്കപെടേണ്ടതിന്റെ പ്രധാന്യം ഏവർക്കും ബോധ്യപ്പെടുന്നതാണ് മേൽ സൂചിപ്പിച്ച കണക്കുകൾ.

എന്നാൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനു പകരം തകർക്കുന്ന, വിൽക്കുന്ന, അടച്ചുപൂട്ടുന്ന നയമാണ് കേന്ദ്രസർക്കാർ തുടരുന്നത്.

### പൊതുമേഖല സ്വകാര്യവൽക്കരണം

1991 ജൂലൈ 24ന് പി വി നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ വ്യവസായ നയത്തെ തുടർന്നാണ് പൊതുമേഖലാ ഓഹരി വിൽപ്പന ആരംഭിക്കുന്നത്. ഒരോ സ്ഥാപനത്തിന്റേയും പരമാവധി 20 ശതമാനം ഓഹരിയുടെ വിൽപനയാണ് അന്ന് പ്രഖ്യാപിച്ചത്.

1993ൽ രൂപീകരിച്ച രംഗരാജൻ കമ്മീഷനാണ് തെരഞ്ഞെടുത്ത തന്ത്രപ്രധാന മേഖലകളിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരമാവധി 49 ശതമാനം ഓഹരികളും, മറ്റു മേഖലകളിൽ പരമാവധി 74 ശതമാനം ഓഹരികളുടെ വിൽപനയും തീരുമാനിച്ചത്.

1998 വാജ്പേയി ഗവൺമെന്റ് ഓഹരി വിൽപനയ്ക്ക് ഒരു ഡിപ്പാർട്ട്മെന്റുണ്ടാക്കി. 2002ൽ ഡിപ്പാർട്ട്മെന്റിനെ മന്ത്രാലയമാക്കി.ഓഹരി വിൽപനയ്ക്കായി ഒരു ക്യാമ്പിനറ്റ് മന്ത്രിയെ ചുമതലപ്പെടുത്തി. ആ സന്ദർഭത്തിലാണ് ബാൽകോ, ഹിന്ദുസ്ഥാൻ സിങ്ക്, ഐ പി സി എൽ, വി എസ് എൻ എൽ 18 ഐ റ്റി ഡി സി ഹോട്ടലുകൾ എന്നിവ വിറ്റത്.

2004ൽ ഇടതുപക്ഷ പിന്തുണയോടുകൂടി അധികാരത്തിൽ വന്ന ഒന്നാം യു പി എ സർക്കാർ ഓഹരി വിറ്റഴിക്കൽ മന്ത്രാലയത്തെ പിരിച്ചുവിട്ടു. ഒന്നാം യുപിഎ സർക്കാരിന്റെ കാലത്ത് ബജറ്റിൽ ഓഹരി വിറ്റഴിക്കൽ പ്രഖാപിച്ചുമില്ല. എന്നാൽ രണ്ടാം യുപിഎ സർക്കാർ പൊതുമേഖലാ ഓഹരി വിൽപനയുമായി മുന്നോട്ടുപോയി. തുടർന്ന് അധികാരത്തിൽ വന്ന ഇപ്പോഴും ഭരണം തുടരുന്ന ബിജെപി സർക്കാർ ഓഹരി വിറ്റഴിക്കൽ നടപടി കൂടുതൽ വേഗത്തിലും ആഴത്തിലുമാക്കാനാണ് ശ്രമിക്കുന്നത്.

1991 മുതൽ 2023വരെ 5,57,450 കോടി രൂപയുടെ

**1991 മുതൽ 2023 വരെ 5,57,450 കോടി രൂപയുടെ പൊതുമേഖലാ ഓഹരികളാണ് വിറ്റത്. ഇതിൽ 3,56,707 കോടി രൂപയുടെ ഓഹരികൾ (64%) ബിജെപി സർക്കാരുകളും 148445 (27%) കോടി രൂപയുടെ ഓഹരികൾ വിറ്റത് കോൺഗ്രസ് സർക്കാരുകളുമാണ്. പൊതുമേഖലയിൽ ഉത്പാദനക്ഷമത തീരെയില്ലാത്തതുകൊണ്ട് അവ സ്വകാര്യ മാനേജ്മെന്റിനെ ഏൽപ്പിച്ചാൽ പ്രവർത്തനം മെച്ചപ്പെടുത്താമെന്ന വസ്തുതാവിരുദ്ധമായ പ്രചാരണമാണ് കേന്ദ്ര സർക്കാർ തുടർച്ചയായി നടത്തുന്നത്.**

പൊതുമേഖലാ ഓഹരികളാണ് വിറ്റത്. ഇതിൽ 3,56,707 കോടി രൂപയുടെ ഓഹരികൾ(64%)ബി ജെ പി സർക്കാരുകളും 148445 (27%) കോടി രൂപയുടെ ഓഹരികൾ വിറ്റത് കോൺഗ്രസ് സർക്കാരുകളുമാണ്.

### പൊതുമേഖലാ സംരക്ഷണം കേരളത്തിൽ

ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ കീഴിലുള്ള മൂന്ന് യൂണിറ്റുകളിൽ രണ്ടെണ്ണം ആസാമിലും ഒരെണ്ണം കേരളത്തിലുമാണ്. ഇതിൽ ആസാമിലെ രണ്ട് യൂണിറ്റുകളും ഇപ്പോഴും അടഞ്ഞുകിടക്കുകയാണ്. എന്നാൽ എച്ച് എൻ എൽ കേരളസർക്കാർ ഏറ്റെടുക്കുകയും അവിടെ ഉത്പാദനം ആരംഭിക്കുകയും ചെയ്തു. പൊതുമേഖലയെ സംരക്ഷിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരു സർക്കാരുണ്ടെങ്കിൽ ക്രിയാത്മകമായി ഇടപെട്ടാൽ ഏത് പൊതുമേഖല സ്ഥാപനത്തേയും സംരക്ഷിക്കാൻ കഴിയും എന്നതാണ് എച്ച്എൻ എൽ നൽകുന്ന പാഠം.

കേരളത്തിലെ പ്രധാനപ്പെട്ട പല പൊതുമേഖലകളും വലിയ പ്രതിസന്ധിയെ നേരിടുകയാണ്.

1954ൽ സ്ഥാപിതമായ ഹിൽ ഇന്ത്യയുടെ ഉദ്യോഗമണ്ഡൽ യൂണിറ്റ് അടച്ചുപൂട്ടാനാണ് തീരുമാനം. ഉദ്യോഗമണ്ഡൽ യൂണിറ്റ് അടച്ച് പോകാനാണ് ആലോചന. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ഏറ്റെടുക്കാൻ കേരള സർക്കാർ തയ്യാറായിട്ടും ഭൂമിയ്ക്ക് വലിയ വിലയിട്ട് കൈമാറ്റം തടയിടാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. നാഷ്ണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള കേരളത്തിലെ മില്ലുകളെല്ലാം അടച്ചിട്ടിരിക്കുകയാണ്.

ബിപിസിഎൽ, ബി ഇ എം എൽ, എച്ച് എൽ എൽ എന്നിവ വിൽപനയ്ക്ക് വച്ചിരിക്കുന്നു. ബിപിസിഎല്ലിന്റെ താൽപര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ റദ്ദാക്കിയെങ്കിലും വിൽപന വേണ്ടെന്നു വച്ചിട്ടില്ല. എച്ച്.ഒ.സി കൊച്ചി യൂണിറ്റ് പ്രവർത്തിക്കുന്നുവെങ്കിലും കേന്ദ്രസർക്കാർ തന്നെ നൽകിയ ലോണിന്റെ ഉയർന്ന പലിശ കമ്പനിയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. പാലക്കാട് ഐ.ടി ഐ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനമാണെങ്കിലും കമ്പനിയെ മുന്നോട്ട് കൊണ്ടുപോകാൻ കേന്ദ്രസർക്കാരിന് ഒരു താൽപര്യവുമില്ല. പോർട്ട് അതോറിറ്റി ആക്റ്റും, വല്ലാർപാടം ടെർമിനലിന്റെ കരാർ വ്യവസ്ഥകളും കൊച്ചിൻ പോർട്ടിനെ ഒരു പോലെ പിടിച്ചുലയ്ക്കുന്നു. ബിഎസ്എൻഎല്ലിനെ സംരക്ഷിക്കാൻ ഒരു ശ്രമവും കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. എച്ച് എം ടി കൊച്ചി യൂണിറ്റ് ലാഭകരമായി പ്രവർത്തിക്കുന്നുവെങ്കിലും ബാംഗ്ലൂർ യൂണിറ്റിന്റെ ബാധ്യത കമ്പനിയെ പ്രതിസന്ധിയിലാക്കുകയാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് ഐ ആർ ഇ യുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ദീർഘനാളത്തെ പ്രതിസന്ധിയെ തരണം ചെയ്ത് ഫാക്ട് സ്ഥിതി മെച്ചപ്പെടുത്തിയിട്ടുണ്ട്. ഫാക്ടിന്റെ വികസനത്തിന് ഒരു ശ്രമവും നടത്തുന്നില്ല. ബിഇഎംഎൽ തൊഴിലാളികൾ സ്വകാര്യവൽക്കരണത്തിനെതിരായി സംഘടിപ്പിച്ചു കൊണ്ടിരിക്കുന്ന പ്രക്ഷോഭം എണ്ണൂറ് ദിവസങ്ങൾ പിന്നിട്ടിരിക്കുന്നു.

### പൊതുമേഖലയും തൊഴിലാളികളും

പൊതുമേഖലകളിലെ സ്ഥിരം ജീവനക്കാരുടെ എണ്ണത്തിൽ വലിയ തോതിൽ കുറയുകയാണ്. സ്ഥിരം തൊഴിലുകൾ എല്ലാം തന്നെ കരാർവൽക്കരിക്കുന്നു. പെൻഷൻ പറ്റിയവരെയും കരാർ അടിസ്ഥാനത്തിൽ ജോലിക്ക് കയറ്റുന്നുണ്ട്. കരാറിന്റെ തുക കുറച്ച് കരാർ തൊഴിലാളികളുടെ എണ്ണം കുറക്കാനുള്ള ശ്രമങ്ങളുമുണ്ട്. യൂണിയനില്ലാത്ത തൊഴിലാളികളെ സൃഷ്ടിക്കാനുള്ള ആസൂത്രിതമായ നീക്കം എല്ലായിടത്തുമുണ്ട്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയും, സ്വകാര്യവൽക്കരിച്ചും, സ്ഥിരം തൊഴിലുകൾ കരാർവൽക്കരിച്ചും, വർഷങ്ങളായി ശമ്പള പരിഷ്ക്കരണം നിഷേധിച്ചും പൊതുമേഖലയെ തകർക്കുന്ന, തൊഴിലാളികളെ പ്രതിസന്ധിയിലാക്കുന്ന കേന്ദ്ര സർക്കാർ നയത്തിനെതിരെ തുടർച്ചയായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാൻ മാർച്ച് 18 ന് കളമശ്ശേരിയിൽ ചേർന്ന കേന്ദ്ര പൊതുമേഖലാ സംസ്ഥാന കൺവൻഷൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുന്നിൽ ശ്രദ്ധ ക്ഷണിക്കൽ സദസ്സ് സംഘടിപ്പിക്കും. ഏപ്രിൽ 28 ന് ജില്ലാതലത്തിൽ കേന്ദ്രസർക്കാർ ഓഫീസ് മാർച്ചും സംഘടിപ്പിക്കും.●

# സോവിയറ്റ് നയവും വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയനും



എൻ.പത്മലോചനൻ

സോവിയറ്റ് യൂണിയന്റെ ആവിർഭാവം മുതൽ അവിടത്തെ തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ നയം വിപ്ലവത്തേയും സോഷ്യലിസത്തിന്റെ നിർമ്മിതിയേയും ഏകോപിപ്പിച്ചുകൊണ്ടുപോകുക എന്നതായിരുന്നു. വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയന്റെ ചരിത്രം പൂർണമാകണമെങ്കിൽ സോവിയറ്റ് യൂണിയനിലെ ട്രേഡ് യൂണിയനുകളുടെ പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ പ്രധാനപങ്കിനെപ്പറ്റി ചർച്ച ചെയ്യാതെ സാദ്ധ്യമല്ല.




ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വർക്കേഴ്സ് മൂവ്മെന്റ് പ്രധാനമായും തൊഴിലാളി പ്രസ്ഥാനത്തിലും സാർവദേശീയ തൊഴിലാളി ബന്ധങ്ങളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ലോക വിപ്ലവ പുരോഗതിയിലെ സങ്കീർണമായ പ്രത്യയശാസ്ത്ര പ്രശ്നങ്ങൾ വികസിത മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളി മുന്നേറ്റങ്ങൾ, തൊഴിലാളികളുടെ സാമൂഹ്യസാമ്പത്തിക നില, അന്താരാഷ്ട്ര സംഘടനകൾ, ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ സമകാലിക ചരിത്രം തൊഴിലാളി മുന്നേറ്റങ്ങളുടെ സാർവദേശീയ പ്രശ്നങ്ങൾ തുടങ്ങി പ്രത്യേക പ്രശ്നമേഖലകളെക്കുറിച്ചുള്ള ഗവേഷണങ്ങൾ എന്നിവ ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ വിഭാഗങ്ങൾ സംഘടിപ്പിക്കുന്നു.

തൊഴിലാളിവർഗ പ്രത്യയശാസ്ത്ര നിലപാടിലെ അടിസ്ഥാനമാക്കിയുള്ള നയരൂപീകരണത്തിനു എയുസിസിടിയുവിനുള്ളിൽ വലിയൊരു വിഭാഗമുണ്ട്. അതിൽ പ്രധാനമാണ് ഇന്റർനാഷണൽ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്. അതിനെ നൂറോളം വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. (എ) പടിഞ്ഞാറൻ മുതലാളിത്ത ഭരണകൂടങ്ങൾ, (ബി) മധ്യേഷ്യ, ആഫ്രിക്ക, (സി) എഷ്യ (ഡി) ലാറ്റിനമേരിക്ക, (ഇ) അന്താരാഷ്ട്ര സംഘടനകൾ എന്നിവയാണവ.

ഇന്റർനാഷണൽ അഫയേഴ്സ് ഡിപ്പാർട്ട്മെന്റിനെ കൂടാതെ വിദേശബന്ധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് രണ്ടോ മൂന്നോ വിദഗ്ദ്ധർ അടങ്ങുന്ന അനേകം വിഭാഗങ്ങൾ ഉണ്ടായിരുന്നു.



വിദേശ ട്രേഡ് യൂണിയൻ പ്രവർത്തകർക്കായുള്ള എയുസിസിടിയുവിന്റെ ഹയർ ട്രേഡ് യൂണിയൻ സ്കൂളിനെ കൂടാതെ അരഡസനിലധികം പരിശീലനകേന്ദ്രങ്ങൾ വിദേശയൂണിയൻ നേതാക്കൾക്കായി രണ്ടാം ലോകയുദ്ധത്തിനുശേഷം കിഴക്കൻ യൂറോപ്പിൽ ആരംഭിച്ചിരുന്നു. പ്രാഗിലെ ഇന്റർനാഷണൽ ട്രേഡ് യൂണിയൻ സ്കൂൾ, കിഴക്കൻ ജർമ്മനിയിലെ ബെർണോയിലെ ഫ്രിറ്റ്സ് ഹെക്ടെർട്ട് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയായിരുന്നു പ്രധാനപ്പെട്ട കേന്ദ്രങ്ങൾ. ബൾഗേറിയൻ സെന്ററിൽ മാത്രം 60 രാജ്യങ്ങളിൽ നിന്നായി 1800 ൽ അധികം പേർ പത്തുമാസത്തെ കോഴ്സ് വിജയിച്ചു. ലാറ്റിനമേരിക്ക, ആഫ്രിക്ക, ഏഷ്യ എന്നിവിടങ്ങളിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ തൊഴിലാളികളെ പ്രകീർത്തിച്ചുകൊണ്ട് സാർവദേശീയ തൊഴിലാളി ഐക്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബൾഗേറിയൻ ട്രെയിഡ് യൂണിയൻ പത്രമായ 'ട്രിഡ്' ചൂണ്ടിക്കാണിച്ചു. 1976 ജാനുവരിയിൽ ക്യൂബൻ ജനത ലസാറോ പെനാ നാഷണൽ ട്രേഡ് യൂണിയൻ സ്കൂൾ ആരംഭിച്ചു.

ഭൂരിഭാഗം സാർവദേശീയ തൊഴിൽ കേന്ദ്രങ്ങളും ഉദയം ചെയ്ത രണ്ടാം ലോകയുദ്ധാനന്തരകാലത്ത് 1945 ലായിരുന്നു ഡബ്ല്യുഎഫ്ടിയു നിലവിൽ വന്നത്. എന്നാൽ ഡബ്ല്യുഎഫ്ടിയു സോവിയറ്റ് അധീനത യിലായിരുന്നു.

എല്ലാ ഘടക സംഘടനകളേയും സെക്രട്ടേറിയ റ്റിനെയും സംഘടനയെ സംബന്ധിച്ച സോവിയറ്റ് ധാരണയും സോവിയറ്റ് നയങ്ങളും ശരിയാണെന്ന് ബോധ്യപ്പെടുത്താൻ സോവിയറ്റുകൾ കാലാകാല ങ്ങളിൽ ശ്രമിച്ചിരുന്നു.

സോവിയറ്റുകൾക്ക് സാർവദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ സ്വാധീനവും ആവശ്യമായ ഫണ്ടും ഉണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിൽ അവർക്കു സ്വാധീനം നിലനിറുത്താൻ കഴിഞ്ഞിരുന്നു. തീരുമാ നങ്ങൾ നടപ്പിലാക്കുന്നതിനായി ഡബ്ല്യുഎഫ്ടിയു വിന് പ്രാഗിൽ 200 ൽ അധികം സമർത്ഥരായ ജീ വനക്കാരുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് നിയന്ത്രണ ത്തിലുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽ വർക്കേഴ്സ് എന്ന അമേരിക്കൻ യൂണിയന്റെ വൈസ് പ്രസിഡ ന്റ് ആയിരുന്ന എണസ്റ്റ് ന്യൂയോർക്കിലെ യുഎൻ ഹെഡ്ക്വാർട്ടേഴ്സിൽ ഡബ്ല്യുഎഫ്ടിയു വിനെ പ്രതിനിധീകരിച്ച് 1975 ൽ നിയോഗിക്കുക ഉണ്ടായി. സാമ്പത്തിക സാമൂഹ്യവിഷയങ്ങൾ ടിയുഐ കൾ പ്രസിദ്ധീകരണങ്ങൾ, വിദ്യാഭ്യാസം, അന്താരാഷ്ട്ര സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് അനേകം വിഭാഗങ്ങൾ ഡബ്ല്യുഎഫ്ടിയുവിന് ഉണ്ടായിരുന്നു. ബഹുരാഷ്ട്ര കോർപ്പറേഷനുകളുടെ പ്രവർത്തനങ്ങളു മായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകീകരിക്കുന്നതിനായി ഒരു പുതിയ വിഭാഗം ഉണ്ടാക്കി.

1974ൽ സാർവദേശീയ തൊഴിലാളി പ്രസ്ഥാനത്തെ സംബന്ധിച്ച പ്രൊഫ. ബല്ലയുടെ നേതൃത്വത്തിൽ 9 അംഗരാജ്യങ്ങളിൽ നിന്നുള്ള സാർവദേശീയ തൊഴിലാളി പ്രസ്ഥാന വിദഗ്ധരുടെ ഒരു കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ പ്രധാന പ്രവർത്തനം സാർവദേശീയ തൊഴിലാളി പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട സാമൂഹികവും സാമ്പത്തികവുമായ പ്രവണതകളെ അധികരിച്ചുള്ള ഗവേഷണങ്ങളെ കൂട്ടിയോജിപ്പിക്കുക എന്നതായിരുന്നു.

ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ സംഘടന ശക്തമായി ഇടപെട്ടിരുന്നു. അത് പ്രധാനമായും പ്ര ത്യയശാസ്ത്രപരമായിരിക്കും. കൂടാതെ പിൽക്കാലത്ത് സാമ്പത്തികവും സാമൂഹ്യവുമായ വിഷയങ്ങളിൽ കൂടുതൽ പ്രാധാന്യം കൽപ്പിക്കാൻ തുടങ്ങി. കമ്മ്യൂ ണിസ്റ്റ് രാജ്യങ്ങൾ അല്ലാത്തിടങ്ങളിൽ തൊഴിലാളി കളെയും യൂണിയൻ ഭാരവാഹികളെയും ലക്ഷ്യമാ ക്കിക്കൊണ്ട് പ്രചരണ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. സംഘടന പ്രധാനമായും ഊന്നൽ നൽകുന്നത് വർഗാടിസ്ഥാ നത്തിൽ തൊഴിലാളി മുന്നേറ്റത്തെ ലോകമാകമാനം ഏകീകരിക്കുന്നതിന്റെ ആവശ്യകതയിലാണ്.

ഡബ്ല്യുഎഫ്ടിയു സോഷ്യലിസ്റ്റ് ഭരണകൂടങ്ങളും അവരുടെ തൊഴിലാളി സംഘടനകളും കമ്യൂണിസ്റ്റ് ഇതര രാജ്യങ്ങളിൽ മനുഷ്യർ ഏറ്റവും ഭയപ്പെടുന്ന സാമ്പത്തിക അരക്ഷിതത്വം, സാമൂഹ്യ അനീതി, ചൂഷണം, സൈനിക വാഴ്ച, യുദ്ധം എന്നിവയ്ക്കെ തിരെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന് ഡബ്ല്യുഎഫ്ടിയു ശക്തമായി ആവശ്യപ്പെടുന്നു.

ഡ്ബ്ല്യുഎഫ്ടിയുവിന്റെ തുടക്കം മുതലുള്ള നിലപാട് മുതലാളിത്തത്തെ തുറന്നു കാട്ടുകയും ലോകരാജ്യങ്ങളും പാശ്ചാത്യ രാജ്യങ്ങളും തമ്മിലു ണ്ടായിരുന്ന താല്പര്യങ്ങളും ഉപയോഗപ്പെടുത്തുകയു ചെയ്യുക എന്നതായിരുന്നു. 1956ൽ സൂയസ്, 1961ൽ കോംഗോ, ചിലിയിലെ അലൻഡ ഭരണത്തെ അട്ടി മറിച്ചത്, ദക്ഷിണാഫ്രിക്കയിലെ വർണ വിവേചനം, അറബ് ഇസ്രായേലി സംഘട്ടനം എന്നിവയിൽ ഡബ്ല്യുഎഫ്ടിയു മൂന്നാംലോക രാജ്യങ്ങൾക്കൊ പ്പം നിലകൊണ്ടു. പാശ്ചാത്യ രാജ്യങ്ങളായിരുന്നു ഭൂരിപക്ഷവും എതിർത്തത്. വികസ്വര രാജ്യങ്ങളിലെ യൂണിയനുകളും ഗവൺമെന്റുകളുമായുള്ള ഐക്യ ത്തിന്റെയും ഈ പൊതുവായ നിലപാടിന്റെയും അടിസ്ഥാനത്തിലുള്ള സോഷ്യലിസ്റ്റ് അനുകൂലമായ മനോഭാവവും അനന്തര ഫലങ്ങളും സൃഷ്ടിക്കുന്ന തിൽ സോവിയറ്റുകൾ വിജയിച്ചു.

ആശയപരമായ ഭിന്നതകളല്ല ഇപ്പോഴത്തെ മറിക ടക്കാൻ പറ്റാത്ത തടസ്സമെന്നും ഓരോരുത്തരുടെയും നിലപാടുകളെ പരസ്പരം ബഹുമാനിക്കുകയാണെ ങ്കിൽ ലോകത്തെല്ലാമുള്ള യൂണിയനുകളുടെ ഒരു സാർവദേശീയ കേന്ദ്രം സൃഷ്ടിക്കാനുള്ള വഴി കണ്ടെ ത്താൻ കഴിയുമെന്ന് ഡബ്ല്യുഎഫ്ടിയു കരുതുന്നു.

പ്രത്യേക പ്രചരണ പരിപാടികളെ പിന്തുണയ്ക്കു ന്നതിനായി ICFTUവിനെയും WCLനെയും കൂട്ടിയോ ജിപ്പിച്ചുകൊണ്ടുള്ള യോഗങ്ങൾ ഡബ്ല്യുഎഫ്ടിയു വിളിച്ചുചേർത്തു. പോർച്ചുഗലിലെ ജനാധിപത്യ സംരക്ഷണം, വർണവിവേചനങ്ങൾക്കെതിരായ പോരാട്ടങ്ങൾക്ക് പിന്തുണ, പാലസ്തീൻ ജനതയുടെ നീതി ഉറപ്പാക്കൽ എന്നിങ്ങനെയുള്ള ജനാധിപത്യ ത്തിലും സ്വാതന്ത്ര്യത്തിലും വിശ്വസിക്കുന്ന ഏതു യൂണിയനുകൾക്കും പങ്കെടുക്കാവുന്ന സംരംഭങ്ങളിൽ ഐസിഎഫ്ടിയുവിനെയും ഡബ്ല്യുസിഎല്ലിനെയും കൂട്ടി യോജിപ്പിക്കുകയായിരുന്നു ഈ യോഗങ്ങളുടെ ലക്ഷ്യം.

1950നും 1960നും ഇടയ്ക്ക് ആഫ്രിക്കയിലും ഏഷ്യൻ രാജ്യങ്ങളിലും അനേകം പ്രാദേശിക സമിതികൾ രൂപം കൊണ്ടു. സാമ്രാജ്യത്വത്തിന് എതിരെയുള്ള ഈ മുന്നേറ്റത്തെ ഡബ്ല്യുഎഫ്ടിയു പ്രോത്സാഹി പ്പിക്കുകയും ഈ സംഘടനകളുമായി സൗഹാർ ദത്തിന്റെയും സഹകരണത്തിന്റേതുമായ ബന്ധം സ്ഥാപിക്കുകയും ചെയ്തു.●

## വിജയമോഹിനി മിൽ തുറക്കണം

ദേശീയ ടെക്സ്റ്റൈൽ കോർപറേഷന് കീഴിലുള്ള വിജയമോഹിനി അടക്കമുള്ള മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും ഉജ്വല പ്രതിഷേധം. കോവിഡിന്റെ മറവിൽ കേന്ദ്ര സർക്കാർ മില്ലുകൾ അടച്ചുപൂട്ടി മൂന്നുവർഷം തികഞ്ഞ വേളയിലായിരുന്നു പ്രതിഷേധം.

പൂജപ്പുരയിലെ മില്ലിനു മുന്നിൽനിന്ന് ആരംഭിച്ച ജാഥ വിവിധ സ്ഥലങ്ങളിലെ സ്വീകരണശേഷം ഏജീസ് ഓഫീസിനു മുന്നിൽ സമാപിച്ചു. ടിവാൻഡ്രം ടെക്സ്റ്റൈൽ വർക്കേഴ്സ് യൂണിയൻ (സിഐടിയു) നേതൃത്വത്തിലായിരുന്നു പ്രതിഷേധം.മിൽ ഉടൻ തുറന്നുപ്രവർത്തിപ്പിക്കുക, ടെക്സ്റ്റൈൽ മേഖലയിലെ പ്രശ്നങ്ങൾക്ക് കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം പരിഹാരം കണ്ടെത്തുക, ടെക്സ്റ്റൈൽ വ്യവസായത്തെ തകർക്കുന്ന കേന്ദ്ര സർക്കാർ നടപടികൾ അവസാനിപ്പിക്കുക, നാമമാത്ര വേതനംപോലും നൽകാത്ത ക്രൂരത അവസാനിപ്പിക്കുക, ഉയർന്ന ഇപിഎഫ് പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക, മുഴുവൻ തൊഴിലാളികൾക്കും ഇഎസ്ഐ ആനുകൂല്യം ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചായിരുന്നു പ്രതിഷേധം.

## ഹിൽ ഇന്ത്യ അടച്ചുപൂട്ടലിനെതിരെ ശ്രദ്ധ ക്ഷണിക്കൽ സായാഹ്നം

കേന്ദ്രസർക്കാർ ഹിൽ ഇന്ത്യ അടച്ചുപൂട്ടാതെ കേരള സർക്കാരിന് ഏൽപ്പിക്കണമെന്ന ആവശ്യമുന്നയിച്ച് സിഐടിയു എറണാകുളം ജില്ലയിലെ കളമശേരിയിൽ സംഘടിപ്പിച്ച ശ്രദ്ധ ക്ഷണിക്കൽ സായാഹ്നം സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. ടിപി രാമകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും, സ്വകാര്യവൽക്കരിക്കാനുമുള്ള കേന്ദ്രസർക്കാർ നയത്തിന്റെ ഭാഗമായാണ് ഹിൽ ഇന്ത്യ ഉദ്യോഗമണ്ഡൽ യൂണിറ്റ് അടച്ചുപൂട്ടാനുള്ള തീരുമാനം കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത്. ഇതിനോട് പ്രതികരിച്ചുകൊണ്ട് കേരള സർക്കാർ വ്യക്തമാക്കിയത് ' ഹിൽ ഇന്ത്യ അടച്ചു പൂട്ടരുതെന്നും അത് കേരള സർക്കാരിനെ ഏൽപ്പിക്കണം' എന്നുമാണ്. അടച്ചുപൂട്ടിയ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഏറ്റെടുത്ത് പ്രവർത്തനക്ഷമമാക്കിയതുപോലെ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ഏറ്റെടുക്കാൻ തയ്യാറായതുപോലെ, കാസർകോഡ് ഭെൽ ഏറ്റെടുത്തതുപോലെ പൊതുമേഖല സംരക്ഷണ നയത്തിന്റെ ഭാഗമായി ഹിൽ ഇന്ത്യ ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ തയ്യാറായിരിക്കുന്ന സന്ദർഭത്തിൽ അടച്ചുപൂട്ടാതെ ഹിൽ ഇന്ത്യ കേരള സർക്കാരിനെ ഏൽപ്പിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്നാവശ്യപ്പെട്ടാണ് സിഐടിയു ശ്രദ്ധക്ഷണിക്കൽ സായാഹ്നം സംഘടിപ്പിച്ചത്.

സിഐടിയു ദേശീയ സെക്രട്ടറി സ. ദീപ കെ രാജൻ, സംസ്ഥാന ഭാരവാഹികളായ സ. കെഎൻ ഗോപിനാഥ്, സ. പിആർ മുരളീധരൻ ഉൾപ്പെടെയുള്ള വിവിധ നേതാക്കൾ പങ്കെടുത്തു സംസാരിച്ചു.

## നാഷണൽ ഹെൽത്ത് മിഷൻ എംപ്ലോയീസ് ഫെഡറേഷൻ രാപ്പകൽ സമരം

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നാഷണൽ ഹെൽത്ത് മിഷൻ എംപ്ലോയീസ് ഫെഡറേഷൻ (സിഐടിയു) ആരംഭിച്ച രാപ്പകൽ സമരം സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു.

തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കുക, ഇഎസ്ഐ, പ്രസവാവധി ആനുകൂല്യം പുനസ്ഥാപിക്കുക, എൻഎച്ച്എം ജീവനക്കാരുടെ റേഡിയേഷൻ ലീവ് അനുവദിച്ച് ഉടൻ ഓർഡർ ഇറക്കുക, എല്ലാ ഫീൽഡ് ജീവനക്കാർക്കും ടി.എ വർദ്ധിപ്പിക്കുക, അവധി ദിനങ്ങൾ വർധിപ്പിച്ച് ഏകീകരിക്കുക, ദിവസവേതനത്തിന് ജോലി ചെയ്യുന്നവരെ ഉടൻ കരാർ അടിസ്ഥാനത്തിൽ നിയമിക്കുക, പെർഫോമൻസ് ബേസ് ഇൻസെന്റീവ് നടപ്പിലാക്കുക, മെഡിക്കൽ ലീവ് എടുക്കുന്ന സാഹചര്യത്തിൽ ഹാഫ് ഡേ ലീവ് കൂടി അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സെക്രട്ടറിയേറ്റിന് മുന്നിൽ രാപ്പകൽ സമരം നടത്തുന്നത്. സമരപരിപാടിയിൽ സിഐടിയു സംസ്ഥാന കമ്മിറ്റി അംഗവും ഫെഡറേഷൻ ജനറൽ സെക്രട്ടറിയുമായ സ. മീര നിമേഷ് അധ്യക്ഷത വഹിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെഎസ് സുനിൽകുമാർ, കെ.എൻ. ഗോപിനാഥ്, സി.കെ. ഹരികൃഷ്ണൻ എന്നിവർ പ്രവർത്തകരെ അഭിവാദ്യം ചെയ്ത് സംസാരിച്ചു.

## കേരള ഫോട്ടോഗ്രാഫേഴ്സ് & വീഡിയോഗ്രാഫേഴ്സ് യൂണിയൻ (സിഐടിയു) സംസ്ഥാന സമ്മേളനം

കേരള ഫോട്ടോഗ്രാഫേഴ്സ് & വീഡിയോഗ്രാഫേഴ്സ് യൂണിയൻ (സിഐടിയു) സംസ്ഥാന സമ്മേളനം സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെ എൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. കാഞ്ഞങ്ങാട് സ. സുരേഷ് ചന്ദ്രൻ നഗറിൽ വച്ച് നടന്ന സമ്മേളനം സ. വി ശശികുമാറിനെ പ്രസിഡന്റായും, സ. ബൈജു ഓമല്ലൂരിനെ ജനറൽ സെക്രട്ടറിയായും, സ. വി സുരേഷിനെ ട്രഷററായും തെരഞ്ഞെടുത്തു.

## കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സ്റ്റാഫ് അസോ. സംസ്ഥാന പഠന ക്ലാസ്

കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സ്റ്റാഫ് അസോസിയേഷൻ (സിഐടിയു) സംഘടിപ്പിച്ച സംസ്ഥാന പഠന ക്ലാസ് സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. 'വർഗീയതക്കെതിരെ പോരാട്ടം', 'നിത്യവും നിരന്തരവും' എന്ന വിഷയത്തിൽ പ്രൊഫ. വി. കാർത്തികേയൻ നായരും 'സംഘടന' എന്ന വിഷയത്തിൽ സിഐടിയു സംസ്ഥാന സെക്രട്ടറി സ. സി കെ ഹരികൃഷ്ണനും ക്ലാസെടുത്തു. യൂണിയന്റെ സംസ്ഥാന വൈസ് പ്രസിഡന്റ് സ. ഭക്തികുമാർ അധ്യക്ഷനായ പരിപാടിയിൽ യൂണിയൻ ജനറൽ സെക്രട്ടറി സ. വിഎസ് അരുൺ സ്വാഗതം പറഞ്ഞു.

## കോൺഫെഡറേഷൻ ഓഫ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ രാജ്ഭവൻ മാർച്ച്

വിവിധ ആവശ്യങ്ങൾ ഉയർത്തി കോൺഫെഡറേഷൻ ഓഫ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ സംഘടിപ്പിച്ച രാജ്ഭവൻ മാർച്ച് സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു.

മോട്ടോർ വാഹന നിയമ ഭേദഗതി പിൻവലിക്കുക, മോട്ടോർ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി പ്രഖ്യാപിക്കുക, പെട്രോൾ ഡീസൽ വില വർദ്ധനവ് പിൻവലിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് രാജ്ഭവന് മുന്നിലേക്ക് മാർച്ചും ധർണയും സംഘടിപ്പിച്ചത്. അഖിലേന്ത്യാ റോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി സ. ആർ ലക്ഷ്മയ്യ, വർക്കിങ് പ്രസിഡന്റ് സ. കെകെ ദിവാകരൻ, സിഐടിയു സംസ്ഥാന ഭാരവാഹികളായ സ. കെഎസ് സുനിൽകുമാർ, സ. സികെ ഹരികൃഷ്ണൻ, സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം സ. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ ഉൾപ്പെടെയുള്ള വിവിധ നേതാക്കൾ സംസാരിച്ചു.

# അംഗനവാടി ജീവനക്കാരുടെ സെക്രട്ടറിയേറ്റ് സത്യാഗ്രഹം

അംഗനവാടി ജീവനക്കാർക്ക് 2021 ജനുവരി 15 ന് സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹോണറേറിയ വർദ്ധനവ് ഉടൻ അനുവദിച്ച് നൽകുക, അംഗനവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക, പദ്ധതി നടത്തിപ്പിനായി ഗുണനിലവാരമുള്ള ഫോൺ നൽകുക, ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ കോർപ്പസ് ഫണ്ട് അനുവദിക്കുക, അംശാദായ വിഹിതം 50% ആയി ഉയർത്തുക, മറ്റു വകുപ്പുകളുടെ ജോലികളിൽ നിന്നും അംഗനവാടി ജീവനക്കാരെ ഒഴിവാക്കുക, അധിക ജോലിക്ക് അധിക വേതനം നൽകുക, പ്രീ സ്കൂൾ വിദ്യാഭാസം അംഗനവാടികളിലൂടെ നടത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളൊരുക്കുക, തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന പോഷകാഹാര വിതരണം ഏകീകരിക്കുക, മേലുദ്യോഗസ്ഥരുടെ അംഗനവാടി പ്രവർത്തകരോടുള്ള തെറ്റായ സമീപനമവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കൊണ്ട് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഏപ്രിൽ 17 മുതൽ സെക്രട്ടറിയേറ്റ് റിലേ പ്രതിഷേധം നടത്തി.

എംഎൽഎ ക്വാർട്ടേഴ്സിന് മുന്നിൽ നിന്നുമാരംഭിച്ച പ്രകടനത്തിന് സംസ്ഥാന ഭാരവാഹികളായ സഖാക്കൾ:ടി.വി.സൂസൻ,, ബി.ഉഷാകുമാരി, ജി.പി. വൃന്ദാറാണി, കെ.ഷീബ, എ.തങ്കമണി, റസിയ ബീവി എന്നിവർ നേതൃത്വം നൽകി.

സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ: സി.എസ്.സുജാത റിലേ പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സംഘടനയുടെ സംസ്ഥാന വൈസ് പ്രസിഡന്റ് സ: എം.എസ്.പ്രേമലതയുടെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ സംസ്ഥാന ജനറൽ സെക്രട്ടറി സ: കെ.കെ പ്രസന്നകുമാരി സ്വാഗതവും, ജോയിന്റ് സെക്രട്ടറി സ: ജി.പി. വൃന്ദാറാണി നന്ദിയും പറഞ്ഞു.